# എന്താണ് ഇസ്‌ലാം



മൗലാനാ വഹീദുദ്ദീൻ ഖാൻ

# എന്താണ് ഇസ്‌ലാം

## മൗലാനാ വഹീദുദ്ദീൻ ഖാൻ

വിവർത്തനം:
**ഷബീർ കൊടക്കാടൻ**

*Publishers:*
Goodword Books, Kerala
S M Street, Calicut-1
Phone: 8129538666
Email: keralagoodword@gmail.com
Web: www.keralagoodword.com

**Maulana Wahiduddin Khan's**
**Enthanu Islam** (Malayalam Translation)
**What is Islam** (English Original)
**Translated by: Shabeer Kodakkaden**

*Publishers:*
**Goodword Books, Kerala**
**S M Street,**
**Calicut-1**
**Phone: 8129538666**
**Email: keralagoodword@gmail.com**
**Web: www.keralagoodword.com**

*Head Office:*
**Goodword Books, New Delhi**
**A-21, Sector 4, Noida-201301, India**
**Tel. +9111-46010170, +9111-45651770, +91-8588822672**
**email: info@goodwordbooks.com**
**www.goodwordbooks.com**

# പ്രസാധകക്കുറിപ്പ്

**ആ**ധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിക അധ്യാപനങ്ങളെ അവതരിപ്പിക്കേണ്ട വർത്തമാന കാലഘട്ടത്തിന്റെ ദൗത്യമാണ് വിശ്വപ്രസിദ്ധ ഇസ്‌ലാമിക ചിന്തകനായ മൗലാനാ വഹീദുദ്ദീൻ ഖാൻ നിർവ്വഹിച്ചത്. പ്രവാചക ജീവിതം, ആത്മീയത, സമാധാനം എന്നിവയെ ആധാരമാക്കി ഇരുനൂറിലധികം കൃതികൾ മൗലാന രചിച്ചിട്ടുണ്ട്. അദ്ദേഹം സ്ഥാപിച്ച CPS International ഇസ്‌ലാമിനെ സമ്പൂർണ്ണ സമാധാന തത്വസംഹിതയായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയും സമാധാനം, ആത്മീയത എന്നിവയെക്കുറിച്ച് ഏതൊരു വ്യക്തിക്കും അവബോധം നല്കുകയും ചെയ്യുന്നു.

സ്രഷ്ടാവിൽ കേന്ദ്രീകൃത ജീവിതം നയിച്ചുകൊണ്ട് ആത്മീയതയിലൂടെ സ്വയം മാറുക; എങ്കിൽ, ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം നിരന്തരം ഉപദേശിക്കുന്നു. ആഗോള സമാധാനത്തിനും ഐക്യത്തിനും വേണ്ടി ആത്മീയതയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിലെ ഓരോ ഭവനങ്ങളിലും എത്തിക്കണമെന്നാണ് മൗലാനയുടെ വീക്ഷണം. ആ ദൗത്യം ഏറ്റെടുത്തുകൊണ്ട് മൗലാനയുടെ മുഴുവൻ കൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയാണ് ഗുഡ്‌വേഡ് ബുക്സ്. ബഹുമത സംസ്കാരങ്ങളുടെ ഭൂമികയായ ഇന്ത്യയിൽ, "ഒന്നിനെ പിന്തുടരുക, മറ്റെല്ലാത്തിനെയും ബഹുമാനിക്കുക." എന്ന പരസ്പര സഹവർത്തിത്വത്തിന്റെ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഡയരക്ടർ
ഗുഡ്‌വേഡ് ബുക്സ്, കേരള.

## മൗലാനാ വഹീദുദ്ദീൻ ഖാൻ

പക്വമായ ചിന്തയും ആഴമുള്ള പാണ്ഡിത്യവും ശാസ്ത്രവിഷയങ്ങളെ ഇസ്ലാമിക പരിപ്രേഷ്യത്തിലൂടെ വിശകലനം ചെയ്യാനുള്ള സിദ്ധിയുംകൊണ്ട് ഇന്ത്യയ്ക്കകത്തും പുറത്തും പ്രസിദ്ധി നേടിയ ഗ്രന്ഥകാരനും പ്രഭാഷകനുമാണ് വഹീദുദ്ദീൻ ഖാൻ. ഇസ്ലാമിന്റെ മഷിയിൽ മുക്കി അദ്ദേഹം കുറിക്കുന്ന ഓരോ വരിയും പ്രപഞ്ചസ്രഷ്ടാവിലേക്ക് മനുഷ്യരെ അടുപ്പിക്കാൻ പോന്നതും ലോകസമാധാനത്തിന്റെ സന്ദേശമടങ്ങിയതുമാണ്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for Peace and Spirituality എന്ന സംഘടനയുടെ സ്ഥാപകനാണ്. പത്മഭൂഷൺ, ഡീമർഗ് പീസ് ഇന്റർനാഷണൽ അവാർഡ്, രാജീവ്ഗാന്ധി സദ്ഭാവന അവാർഡ്, മുസ്ലിം സമുദായത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമാധാന പ്രയത്നങ്ങൾക്കുള്ള ഇമാം അൽഹസൻ അവാർഡ് (ദുബൈ) എന്നീ പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. ജോർദാനിലെ റോയൽ ഇസ്ലാമിക് സ്റ്റ്രാറ്റജിക് സ്റ്റഡി സെന്റർ ലോകത്ത് ഏറ്റവുമധികം സ്വാധീനം ചെലുത്തിയ 25 മുസ്ലീം ചിന്തകരിൽ വഹീദുദ്ദീൻ ഖാനെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ കൃതികൾ 16 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആറ് വിദേശ യൂണിവേഴ്സിറ്റികളിലെ പാഠ്യപദ്ധതിയിൽ ഇദ്ദേഹത്തിന്റെ കൃതികൾ ഉൾപ്പെടുന്നു. 1925ൽ ഉത്തർപ്രദേശിലെ അസംഗഢിലാണ് ജനനം.

## ഉള്ളടക്കം


ആമുഖം ........ 6

ദൈവത്തിന്റെ സൃഷ്ടിപദ്ധതി ........ 16

ദൈവിക ലക്ഷ്യത്തിലധിഷ്ഠിതമായ ജീവിതം ........ 23

പ്രവാചകൻ മുഹമ്മദ്(സ) ........ 29

പുണ്യ ഗ്രന്ഥങ്ങൾ ........ 38

ഇസ്‌ലാമിലെ അഞ്ച് സ്തംഭങ്ങൾ ........ 45

ഇസ്‌ലാമിലെ ആത്മീയത ........ 62




## ആമുഖം

പ്രപഞ്ചത്തിലെ ഏതൊരു സൃഷ്ടിയും, അത് സൂര്യനായാലും ചന്ദ്രനായാലും നക്ഷത്രമായാലും പൂർണ്ണമായും ദൈവിക തീരുമാനത്തിന് അധീനപ്പെട്ടിരിക്കുന്നു. ദൈവം അവക്ക് നിശ്ചയിച്ച പാൻത്ഥാവിൽ നിന്ന് ഒരു നേരിയ മാറ്റം പോലും അവക്ക് സ്വയം സാധ്യമല്ല. പ്രപഞ്ചത്തിലെ സകല വസ്തുക്കളും അവയുടെ സ്രഷ്ടാവ് നിർണ്ണയിച്ച വ്യവസ്ഥക്ക് അധീനമായിട്ടാണ് പ്രവർത്തിക്കുന്നത്. അതായത്, പ്രപഞ്ചം സമ്പൂർണ്ണമായി പ്രപഞ്ച നാഥന് കീഴൊതുങ്ങപ്പെട്ടിരിക്കുന്നു.

മനുഷ്യന്റെയും ഇതര സൃഷ്ടികളുടെയും അവസ്ഥകൾക്കിടയിൽ പ്രകടമായ വ്യത്യാസമുണ്ട്. ദൈവത്തിന്റെ നിർണ്ണയത്തിന് പൂർണ്ണമായ് അധീനപ്പെടുക എന്നതല്ലാതെ മറ്റൊരവസ്ഥ മനുഷ്യേതര സൃഷ്ടികൾക്ക് നല്കപ്പെട്ടിട്ടില്ല. എന്നാൽ, മനുഷ്യന് തിരഞ്ഞെടുപ്പിനുള്ള പൂർണ്ണ സ്വാതന്ത്ര്യം നല്കപ്പെട്ടിരിക്കുന്നു. അതുമൂലം അവന് നന്മയുടെയോ തിന്മയുടെയോ മാർഗ്ഗം തിരഞ്ഞെടുക്കാവുന്നതാണ്. അതിനുവേണ്ടി ദൈവം മനുഷ്യന് ചിന്തിക്കാനുള്ള ബുദ്ധിയും മനസ്സാക്ഷിയും നല്കിയിരിക്കുന്നു. അത് വിനിയോഗിച്ചുകൊണ്ട് അവന് സ്വയം തീരുമാനങ്ങളെടുക്കാവുന്നതാണ്. തന്റെ ജീവിതത്തിൽ പാലിക്കുവാനുള്ള ചില തത്വങ്ങൾ സ്വീകരിക്കാനോ തള്ളിക്കളയാനോ ഉള്ള സ്വാതന്ത്ര്യവും മനുഷ്യനുണ്ട്. പ്രപഞ്ചത്തിലെ മറ്റ് ചരാചരങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട നിയമങ്ങളുമായി ബന്ധിതനല്ല മനുഷ്യൻ. അവന് തന്റെ സ്രഷ്ടാവ് ചിന്താസ്വാതന്ത്ര്യവും കർമ്മ സ്വാതന്ത്ര്യവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നല്കിയിരിക്കുന്നു.

തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എന്ന ഉപാധിയിലൂടെ

യാണ് മർത്യനെ ദൈവം പരീക്ഷണത്തിന് വിധേയനാക്കുന്നത്. എന്നാൽ, മനുഷ്യന് ചിന്താ ശക്തിയും, നന്മ തിന്മകളുടെ വിവേചന ശേഷിയും നല്കി, ജീവിത യഥാർഥ്യം കണ്ടെത്തുവാൻ സാധിക്കാത്ത ഒരു ലോകത്തേക്ക് അവനെ ഉപേക്ഷിക്കുകയായിരുന്നില്ല ദൈവം. മറിച്ച്, അവനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശം ദൈവം നല്കിയുട്ടുണ്ട്. ആ മാർഗ്ഗ നിർദ്ദേശങ്ങൾ എങ്ങനെ നല്കി എന്നറിയുവാൻ മനുഷ്യ സൃഷ്ടിപ്പിന്റെ പ്രാരംഭ ദശയിലേക്ക് നാം ദൃഷ്ടി അയക്കേണ്ടതുണ്ട്. ദൈവം ആദിയിൽ പ്രഥമ മനുഷ്യനായി ആദമിനെ തിരഞ്ഞെടുത്തു. ആദമിനെ വെറും നശ്വര മനുഷ്യനായിട്ടായിരുന്നില്ല ദൈവം സൃഷ്ടിച്ചത്, പ്രവാചകനയിട്ടുമായിരുന്നു സൃഷ്ടിച്ചത്. മനുഷ്യന് യഥാർത്ഥ മാർഗ്ഗം നഷ്ടപ്പെടാതിരിക്കാൻ താൻ ഉദ്ദേശിച്ചതെല്ലാം ആദി മാനവനായ ആദമിനെ ദൈവം പഠിപ്പിച്ചു. അതിനു ശേഷം ദൈവം മാനവ കുലത്തിലേക്ക് പ്രവാചകരെ നിയോഗിച്ചുകൊണ്ടേയിരിന്നു. അങ്ങനെ നിരവധി പ്രവാചകന്മാർ ഈ ലോകത്ത് നിയോഗിക്കപ്പെട്ടിട്ടുണ്ട്. അവരിലെ അവസാനത്തെ ദൂതനാണ് മുഹമ്മദ് മുസ്ഥഫ(സ). പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ട് സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയിൽ നിന്ന് വ്യതിചലിച്ച മനുഷ്യനെ തന്റെ ജീവിത ലക്ഷ്യത്തെ സംബന്ധിച്ച് ദൈവം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

## ദൈവത്തിലുള്ള വിശ്വാസം

> ഇസ്‌ലാം എന്ന അറബി പദത്തിന്റെ അർത്ഥം, ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണം എന്നാണ്.

കുശവൻ മൺ പാത്രങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ചക്രത്തിന്റെ മേൽ നാം ഒരു ഉരുളൻ കല്ല് വെച്ച് ചക്രം വേഗത്തിൽ കറക്കുകയാണെങ്കിൽ കല്ല് വിദൂരത്തേക്ക് പറന്നുപോകും. കുശവന്റെ ചക്രത്തിന് മണിക്കൂറിൽ പരമാവധി 25 മൈൽ വേഗതയിൽ തിരിയാനെ സാധ്യമാകുകയുള്ളു. എന്നാൽ, നാം അധിവസിക്കുന്ന ഭൂമി കുശവന്റെ ചക്രത്തെക്കാൾ പതിന്മടങ്ങ് വേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും നാം പറന്നുപോകുന്നില്ല. മണിക്കൂറിൽ ആയിരം മൈൽ വേഗതയിൽ ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം കറങ്ങുന്നുണ്ട്. അതായത്, ഒരു സാധാരണ യാത്രാ വിമാനത്തെക്കാൾ വേഗത്തിൽ. എന്നിട്ടും മനു

ഷ്യനുൾപ്പെടുന്ന ജീവ ജാലങ്ങൾ ഭൂമിയുടെ ഉപരിതലത്തിലൂടെ സഞ്ചരിച്ചുകൊണ്ട്, കുശവന്റെ ചക്രത്തിൽ നിന്ന് കല്ല് തെറിച്ചുപോകുന്നതുപോലെ ഭൂമിയിൽ നിന്ന് പറന്നുപോകുമെന്ന ഭയപ്പാടുകളേതുമില്ലാതെ തങ്ങളുടെ നിത്യ ജീവിതം തള്ളിനീക്കുന്നു. ഇതെന്തൊരു മഹാത്ഭുതമാണ്! ശാസ്ത്രജ്ഞർ നല്കുന്ന വിശദീകരണം, ഭൂമി അതിന്റെ വലിയ ശക്തികൊണ്ട് നമ്മെ താഴോട്ട് ആകർഷിക്കുന്നതോടൊപ്പം ഭൂമിയുടെ പുറം പാളിയിലുള്ള അന്തരീക്ഷത്തിന്റെ സമ്മർദ്ദം സർവ്വ ചരാചരങ്ങളെയും ഭൂമിയിലേക്കുതന്നെ ഗഹനമായി തള്ളുകയും ചെയ്യുന്നുവെന്നാണ്. ഭൂമിയുടെ താഴേക്കാകർഷിക്കുന്ന ആകർഷണ ശക്തിയും മുകളിൽ നിന്ന് നമ്മെ വലയം ചെയ്തിരിക്കുന്ന, 500 മൈൽ കനമുള്ള അന്തരീക്ഷ വിരിപ്പും മഹാത്ഭുതം തന്നെയാണ്; നമ്മൾ ശൂന്യാകാശത്തേക്ക് പറന്നുപോകാതിരിക്കാൻ പ്രകൃതിയുടെ അത്ഭുതകരമായ ഒരു സവിശേഷത!

വാസ്തവത്തിൽ ഈ പ്രപഞ്ചം മുഴുവനും മഹാത്ഭുതങ്ങളുടെ കലവറയാണ്. നാം ഭൂമിയിൽ വിത്തുകൾ വിതക്കുമ്പോൾ അവക്ക് എന്തുസംഭവിക്കുന്നുവെന്ന് ആലോചിച്ചുനോക്കൂ. ആ വിത്തുകൾ വിതക്കുന്നത് ഒരേ മണ്ണിൽ. എന്നാൽ അതിൽ നിന്ന് മുളച്ചുവരുന്നതോ, വ്യത്യസ്തമായ നിരവധി സസ്യങ്ങളും. അവയുടെ നേർത്ത ഒരു ദളത്തിൽ നിന്ന് ശക്തമായ ആകാരത്തിലേക്ക് അവ വളർന്നുവരുന്നു. ഒരോ വൃക്ഷത്തിനും അതിന്റേതായ വ്യത്യസ്ത രൂപവും രുചിയും സുഗന്ധവുമുണ്ട്. ഓരോന്നും അതിന്റേതായ ഗുണമനുസരിച്ച് മാനവന് ഉപകാരപ്പെടുകയും ചെയ്യുന്നു.

വൈവിധ്യങ്ങളും സമാനതകളും നിറഞ്ഞ സമ്പൂർണ്ണ ലോകം നമ്മൾ എങ്ങോട്ടുതിരിഞ്ഞാലും നമ്മുടെ നയനങ്ങൾക്ക് മുമ്പിൽ പ്രദർശ്ശിപ്പിക്കപ്പെടുന്നു. മനുഷ്യന്റെ ഒരു സഹായവുമില്ലാതെതന്നെ ഗണ്യമായ തോതിൽ വ്യത്യസ്തമായ ജീവനുകൾ നിരന്തരം ഈ ലോകത്ത് രൂപാന്തരപ്പെട്ടുകൊണ്ടേയിരിക്കുന്നു. മാനവ കുലം മുഴുവനും ഒരുമിച്ച് ശ്രമിച്ചാലും ഒരു ജീവൻ പോയിട്ട് ഒരു തരി മണലുപോലും സൃഷ്ടിക്കാൻ സാധ്യമല്ല. അത്ഭുതങ്ങൾ നിറഞ്ഞ ഇത്തരം സത്യങ്ങൾ വിശദീകരിക്കേണ്ടിവരുമ്പോൾ വാക്കുകൾ അക്ഷരാർത്ഥത്തിൽത്തന്നെ പരാജയപ്പെടുകയാണ് ചെയ്യുന്നത്. വിശദീകരണത്തിന് ശ്രമിക്കുമ്പോൾ മാനവൻ അതിന്റെ മുമ്പിൽ മുട്ടു

കുത്തിപ്പോകുന്നു. കാരണം, നമ്മുടെ വാക്കുകളുകൊണ്ട് നമുക്കത് വ്യക്തമായി വിശദീകരിക്കാൻ സാധിക്കുന്നില്ല. അത്ഭുതത്തോടെ നോക്കിക്കൊണ്ട്, "ഇത്തരത്തിലുള്ള മഹാത്ഭുതങ്ങളെക്കുറിച്ച് ദൈവത്തിനല്ലാതെ മറ്റാർക്കാണ് സുവിദിതമായി വിശദീകരിച്ചുനല്കാൻ സാധിക്കുക?!" എന്ന് സ്വയം ചോദിക്കുക എന്നതുമാത്രമാണ് നമുക്ക് ആകെ ചെയ്യാൻ സാധിക്കുന്നത്.

## നമുക്ക് ചുറ്റുമുള്ള മഹാത്ഭുതങ്ങൾ

ആറ്റത്താൽ നിർമ്മിതമാണ് പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളും. വളരെ ചെറിയ ഒരു ഘടകമായ ആറ്റങ്ങളുടെ ശേഖരമാണ് പ്രപഞ്ചത്തിലെ ഒരോ വസ്തുവുമെന്നാണ് ആറ്റങ്ങളെ സംബന്ധിച്ച അപഗ്രഥനം. ഈ ആറ്റങ്ങൾ ഒരു പ്രത്യേക അനുപാതത്തിൽ ഒരുമിക്കുമ്പോൾ അത് അതിശയിപ്പിക്കുന്ന സൂര്യനായി രൂപപ്പെടുന്നു. ഇതേ ആറ്റം തന്നെ മറ്റൊരു അനുപാതത്തിൽ ഒരുമിക്കുമ്പോൾ അവ ഒരു ചെറിയ അരുവിയായി ഒഴുകുന്നു. മറ്റൊരിടത്ത് അവ ഇളം കാറ്റായി രൂപപ്പെടുന്നു. അല്ലെങ്കിൽ, ഫലഭൂയിഷ്ഠമായ ഭൂമിയായി രൂപാന്തരപ്പെടുന്നു. സ്വഭാവത്തിലും ഗുണത്തിലും അവയെല്ലാം സവിശേഷമാംവിധം വ്യത്യസ്തമാണെങ്കിലും ഒരേ തരം ആറ്റ കണങ്ങളാൽ നിർമിക്കപ്പെട്ടവയാണ് അവ.

നമ്മുടെ നയനങ്ങൾക്ക് മുമ്പിൽ ഈ അത്ഭുത പ്രപഞ്ചത്തിന്റെ വൈവിധ്യവും സമാനതകളും അതിന്റെ പാരമ്യതയും എല്ലാ വശങ്ങളിലൂടെയും പ്രദർശ്ശിപ്പിക്കപ്പെട്ടിരിക്കുന്നു. മാനവ കുലം മുഴുവനും ഒരുമിച്ച് ശ്രമിച്ചാലും ഒരു ജീവൻ പോയിട്ട് ഒരു തരി മണലുപോലും സൃഷ്ടിക്കാൻ സാധ്യമല്ല.

അത്ഭുതകരമായ ഈ ലോകം മനുഷ്യന് നിസ്സീമമായ വിഭവങ്ങൾ പ്രദാനം ചെയ്യുന്നു. മനുഷ്യൻ തന്റെ ആവശ്യങ്ങൾക്കുവേണ്ടി അവ ഉപയോഗിക്കാൻ പഠിക്കുമ്പോഴൊക്കെ തനിക്കത് ഗുണകരമായി മാറുന്നു. മനുഷ്യന്റെ നിത്യ ജീവിതത്തിന് ആവശ്യമായതെല്ലാം ദിനംപ്രതിയെന്നോണം വിതരണത്തിനുവേണ്ടി ശേഖരിക്കപ്പെടുന്നു. അവയെല്ലാം തനിക്ക് ഉപകരിക്കുന്നതിനായി അവൻ അല്പം പ്രയത്നം മാത്രമെ കാഴ്ചവെക്കുന്നുള്ളു. ഉദാഹരണത്തിന്,

പ്രാപഞ്ചിക വ്യവസ്ഥിതിയുടെ ഭാഗമായി മനുഷ്യനുപകരിക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ട, ഒരുപാട് ഗുണങ്ങളുള്ള ആഹാരത്തിനുവേണ്ടി അവൻ തന്റെ കൈ മുന്നോട്ടുനീട്ടുകയല്ലാതെ മറ്റൊന്നും ചെയ്യേണ്ടതില്ല. ആ പോഷണം അവൻ കൈവശപ്പെടുത്തിയാൽ പിന്നീടത് തന്റെ കീഴ് താടിക്കും മേൽ താടിക്കും ഇടയിൽ വെക്കുന്നു. അടുത്ത ഘട്ടം അത് ആമാശയത്തിലേക്ക് എത്തപ്പെടുന്നു. ഇങ്ങനെ തന്റെ ഭാഗത്തുനിന്ന് കൂടുതൽ യത്നമൊന്നുമില്ലാതെ തന്റെ ശരീരം അവ ആഗിരണം ചെയ്ത് അവയെ മാംസമായും രക്തമായും എല്ലുകളായും മാറ്റി ശരീരത്തിന്റെ വിവിധ ഭാഗങ്ങളുടെ വളർച്ചയിൽ സഹായിക്കുന്നു. ഇങ്ങനെ ഭക്ഷണം മനുഷ്യശരീരത്തെ മുന്നോട്ടുകൊണ്ടുപോകുമ്പോൾ, ഭൂമിയിലെ മറ്റൊരു അത്ഭുത പ്രതിഭാസമായ പെട്രോളിയം മനുഷ്യന്റെ ജോലികളെ കാര്യക്ഷമമാക്കുന്നു. അത് ഭൂമിയിൽ നിന്ന് ഊറ്റിയെടുക്കുകയും ശുദ്ധീകരിക്കുകയും യന്ത്രങ്ങളിൽ നിക്ഷേപിക്കുകയും മാത്രമെ മനുഷ്യന് ചെയ്യേണ്ടതായുള്ളു. മനുഷ്യനാഗരികതയുടെ യന്ത്രം സരളമായി സഞ്ചരിക്കുന്നത് ഈ ഇന്ധനം മൂലമാണ്. മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഇത്തരം വിഭവങ്ങളാൽ സമൃദ്ധമാണ് ഈ അണ്ഡകടാഹം. എന്നാൽ, ഭൂമിയിലെ ഇത്തരം വിഭവങ്ങളെ മനുഷ്യനുവേണ്ടി ഉപകരിക്കുന്നതിലേക്ക് കൊണ്ടുവരുന്നതിലും, അവയെ നേരിയ മാറ്റങ്ങൾക്ക് വിധേയമാക്കി ഉപയോഗിക്കുന്നതിലും മനുഷ്യന്റെ പ്രയത്നം വളരെ ലഘുവാണ്. തന്റെ ലഘുവായ പ്രവർത്തനം കൊണ്ട് വീട്, വസ്ത്രങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ തുടങ്ങി തന്റെ നാഗരികതക്ക് ആവശ്യ

> ഏതൊരുവൻ ദൈവത്തെ കണ്ടെത്തിയോ അവൻ എല്ലാം കണ്ടെത്തിക്കഴിഞ്ഞു. ദൈവത്തെ കണ്ടെത്തിയ ശേഷം മറ്റൊരു കണ്ടെത്തലും നിലനിൽക്കുന്നില്ല. അപ്രകാരം മനുഷ്യൻ തന്റെ സ്രഷ്ടാവിനെ കണ്ടെത്തുമ്പോൾ അവന്റെ പരിപൂർണ്ണ ശ്രദ്ധയും സ്രഷ്ടാവിൽ വിലയം പ്രാപിക്കുന്നു. തന്റെ സ്രഷ്ടാവിനെ കണ്ടെത്തിയ ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ തന്റെ ഭൗതികവും അഭൗതികവുമായ ആവശ്യങ്ങളെല്ലാം സ്രഷ്ടാവിനോടുമാത്രം ചോദിക്കുന്നവനായിത്തീരും.

മായ എല്ലാ വസ്തുക്കളും അവൻ പ്രകൃതിയിൽ നിന്ന് നേടിയെടുക്കുന്നു. പ്രകൃതിയിലെ അത്തരം വസ്തുക്കൾക്കുപിന്നിൽ സമർത്ഥനായ ഒരു സ്രഷ്ടാവുണ്ടെന്നതിന് ആ വസ്തുക്കളുതന്നെ ഒരു തെളിവല്ലയോ?

ഭൂമി രണ്ടുരീതിയിൽ നിരന്തരം തിരിയുന്നുണ്ട്. ഒന്ന് സ്വയം അതിന്റെ അച്ചുതണ്ടിലും മറ്റൊന്ന് സൂര്യന് ചുറ്റുമുള്ള ഭ്രമണ പഥത്തിലും. എന്നാൽ, ഈ കറക്കങ്ങൾ പ്രകൃതിയിൽ ഒരു തരത്തിലുള്ള അസ്വാരസ്യങ്ങളും സൃഷ്ടിക്കുന്നില്ല. വലിയ വ്യവസായ ശാല പോലെയാണ് വൃക്ഷം പ്രവർത്തിക്കുന്നത്. പക്ഷെയത്, ഒരു പുക പടലവും അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്നില്ല. ദിനേനെ എണ്ണമറ്റ മത്സ്യങ്ങൾ സമുദ്രത്തിൽ നാശമടയുന്നുണ്ട്. പക്ഷേ, അവ ജലം മലിനീകരിക്കുന്നില്ല. ദൈവിക വ്യവസ്ഥിതിക്കനുസൃതമായി പ്രപഞ്ചം സഹസ്രാബ്ദങ്ങളായി ചലിച്ചുകൊണ്ടേയിരിക്കുന്നു. എന്നിട്ടും, അവ പുനർ നിർമ്മിക്കേണ്ടിവരുന്നില്ല. കാരണം, അതിനെയെല്ലാം നിയന്ത്രിക്കുന്ന വ്യവസ്ഥിതി സമ്പൂർണ്ണവും ശക്തവും സമർത്ഥവുമാണ്. ശൂന്യാകാശത്ത് എണ്ണമറ്റ നക്ഷത്രങ്ങളും ഗ്രഹങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നു. അവയെല്ലാം നിശ്ചിത വേഗതയിൽത്തന്നെ ചലിച്ചുകൊണ്ടിരിക്കുന്നു. ഒന്ന് മറ്റൊന്നിനെ മറികടക്കുകയോ നിർണ്ണയിച്ച വേഗതക്ക് അതീതമാകുകയോ ഭ്രമണ പഥത്തിനപ്പുറത്തേക്ക് ചലിക്കുകയോ ചെയ്യുന്നില്ല. അവയെല്ലാം ഉന്നതമായ ഒരു വ്യവസ്ഥിതിയുടെ മാഹാത്മ്യവും മനുഷ്യന് സൃഷ്ടിക്കാൻ കഴിയുന്നതിലും അപ്പുറത്തുള്ള അത്ഭുതാതിരേകവുമാണ്. അത്തരത്തിലുള്ള പ്രപഞ്ചത്തിനുപിന്നിൽ സർവ്വ ശക്തനായ ഒരു സ്രഷ്ടാവിന്റെ ശക്തിയാണെന്നതിന് ഇനി മറ്റെന്ത് തെളിവാണ് നമുക്കാവശ്യം?

## ദിവ്യ ദൃഷ്ടാന്തങ്ങൾ

വ്യത്യസ്തമായ ജീവികളെ നിരീക്ഷിക്കുമ്പോൾ അതിശയിപ്പിക്കുന്ന കാഴ്ചകൾക്കാണ് നമുക്ക് സാക്ഷ്യം വഹിക്കേണ്ടിവരുന്നത്. പ്രത്യേക പദാർത്ഥങ്ങൾ ഒരുമിച്ചുചേരുമ്പോൾ അവ ജലത്തിൽ നീന്തിത്തുടിക്കുന്ന മത്സ്യമായി മാറുന്നു; അല്ലെങ്കിൽ, വിണ്ണിലൂടെ പറക്കുന്ന പറവകളായി തീരുന്നു. ഇത്തരത്തിലുള്ള വ്യത്യസ്തമായ സൃഷ്ടികളിൽ വെച്ച് ഏറ്റവും അത്ഭുതകരമായ സൃഷ്ടി

മനുഷ്യനാണ്. ഏറ്റവും മഹിതമായ ഘടനയോടെ രൂപമെടുത്തിരിക്കുന്ന മനുഷ്യൻ ഏതൊരർത്ഥത്തിലും നിഗൂഢതകൾ നിറഞ്ഞതാണ്. മനുഷ്യ ശരീരത്തിലെ എല്ലുകൾ ഏറ്റവും ഉചിതമായ രീതിയിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ആ അസ്ഥിപഞ്ജരത്തെ മാംസം കൊണ്ട് പൊതിഞ്ഞിരിക്കുന്നു. ശേഷം അതിനെ ചർമ്മമെന്ന പാളി കൊണ്ട് മറച്ചിരിക്കുന്നു. ചർമ്മത്തിൽ നിന്ന് മുടിയും നഖവും നാമ്പെടുക്കുന്നു. അവന്റെ ശരീരത്തിൽ രക്ത ചംക്രമണത്തിനുള്ള ചാലുകൾ സൃഷ്ടിച്ചിരിക്കുന്നു. അനുപാതമായി ഇവയെല്ലാം ചേരുമ്പോൾ ജീവനുള്ള, കൈകളിൽ വസ്തുക്കളേന്തുന്ന, ശ്രവിക്കുന്ന, ദർശ്ശിക്കുന്ന, രുചിക്കുന്ന, ഓർക്കാൻ കഴിയുന്ന മനസ്സുള്ള, വിവരങ്ങൾ ശേഖരിക്കാൻ സാധിക്കുന്ന, അതിനെ അപഗ്രഥിക്കാൻ സാധിക്കുന്ന, പിന്നീടതിനെ സംസാരത്തിലൂടെയും എഴുത്തിലൂടെയും ആവിഷ്കരിക്കാൻ സാധിക്കുന്ന മനുഷ്യനായി മാറുന്നു.

രാസ ഗുണങ്ങളില്ലാത്ത പദാർത്ഥങ്ങളിൽ നിന്നാണ് ഇത്തരം മഹിത ഗുണങ്ങളുള്ള മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതെന്നത് ഒരു അസാധാരണ സംഭവമാണ്. മണ്ണിലും കല്ലിലുമുള്ള അതേ കണികകൾ കൊണ്ടാണ് മനുഷ്യനെയും രൂപപ്പെടുത്തുന്നത്. എന്നാൽ എപ്പോഴെങ്കിലും മണ്ണിന്റെ ഒരംശം സംസാരിച്ചതായിട്ട് നാം കേട്ടിട്ടുണ്ടോ? അല്ലെങ്കിൽ, കല്ലിന്റെ ഒരു കഷ്ണം നടന്നതായിട്ട് നാം ദർശ്ശിച്ചിട്ടുണ്ടോ? മനുഷ്യന്റെ സവിശേഷതകൾ വിവരിക്കുമ്പോൾ, അസാധാരണത്വം എന്ന പദം അപര്യാപ്തമാണ്. സഞ്ചരിക്കുകയും സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന മനുഷ്യനെ ഏതൊരു ഘടകമാണ് മണ്ണിൽ നിന്നും കല്ലിൽ നിന്നും വ്യത്യസ്തനാക്കുന്നത്? അത്, ജീവൻ എന്ന ഘടകമാണ്. ആ ജീവൻ ഇന്നും പിടികിട്ടാതെ നിലകൊള്ളുന്നു. രാസ ഗുണങ്ങളില്ലാത്ത വസ്തുവിൽ നിന്ന് മഹിത ഗുണങ്ങളുള്ള ജീവിയായ മനുഷ്യനെ നിർമ്മിച്ച ഉന്നതനായ ഒരു നിർമ്മാതാവ് തീർച്ചയായും ഉണ്ടായിരിക്കണം. അവനാണ് അതുല്യമായ സൃഷ്ടിയെ പൂർത്തീകരിച്ച സ്രഷ്ടാവ്.

മനുഷ്യൻ തന്റെ സ്വന്തം അസ്തിത്വത്തെ സംബന്ധിച്ച് ചിന്തിച്ചാൽത്തന്നെ തന്റെ സ്രഷ്ടാവിന്റെ അസ്തിത്വം ഗ്രഹിക്കാവുന്നതാണ്. മനുഷ്യന്റെ സ്വത്വത്തിന് അതിന്റേതായ വ്യക്തിത്വമുണ്ട്. ഏതൊരു മനുഷ്യനിലെ സ്വത്വവും മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തമാണ്. മനുഷ്യനിലുള്ള സ്വത്വത്തിന് സ്വന്തമായ നിലനിൽപ്പുണ്ടെന്ന്

സുവിദിതവുമാണ്. മർത്ത്യനെ ചിന്തിപ്പിക്കുന്നതും അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നതും ഉദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതും അവൻ ഏതുവഴി തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുന്നതും അവനിലുള്ള സ്വത്വം തന്നെയാണ്. ഓരോ മനുഷ്യനും സ്വന്തമായ ഇച്ഛയും കഴിവുമുള്ള വ്യത്യസ്തമായ അസ്തിത്വമുണ്ട്. മനുഷ്യൻ സദാ സമയവും അവനിലുള്ള അസ്തിത്വത്തെ അനുഭവിക്കുമ്പോൾ ദൈവത്തിന്റെ അസ്തിത്വത്തിന്റെ നിലനിൽപ്പ് എന്തുമാത്രം അതിശയകരമാണ്! ദൈവാസ്തിത്വം മനുഷ്യാസ്തിത്വത്തെക്കാൾ അതിവിശാലമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ പറയുന്നത്: ''തന്നെയുമല്ല, മനുഷ്യൻ തനിക്കെതിരിൽത്തന്നെ ഒരു തെളിവായിരിക്കും; അവൻ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.''(75:14,15)

ദൈവത്തിന്റെ അസ്തിത്വത്തിലും സന്ദേശത്തിലും വിശ്വാസിക്കുവാൻ ജനങ്ങൾ സാധാരണ തെളിവുകൾ ആവശ്യപ്പെടാറുണ്ട്. പ്രവിശാലമായ പ്രപഞ്ചം അനുസ്യൂതം അതിന്റെ പരിപൂർണ്ണതയിൽ കോടാനുകോടി യുഗങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കാൾ മറ്റെന്ത് തെളിവാണ് ആവശ്യമുള്ളത്. ഒരു സന്ദേഹവാദി അത്തരമൊരു മഹാത്ഭുതം ദർശ്ശിച്ചുകൊണ്ട് തന്റെ സന്ദേഹത്തിൽ നിന്ന് മാറാൻ തയ്യാറായില്ലെങ്കിൽ പിന്നീട് ചെറിയ അത്ഭുതങ്ങൾ കണ്ടിട്ട് അവൻ എങ്ങനെ സംശയത്തിൽ നിന്ന് അകന്നുനിൽക്കും? വാസ്തവത്തിൽ ദൈവത്തിൽ വിശ്വസിക്കാനാവശ്യമായ സകലതും ഈ പ്രപഞ്ചത്തിലുണ്ട്. മനുഷ്യന്റെ ദർശ്ശന ചക്രവാളത്തിൽ ദൈവത്തിന്റെ അറിവും കഴിവും പൂർണ്ണതയും ദർശ്ശിച്ചിട്ടും അവിശ്വാസിയായിത്തന്നെ തുടരുകയാണെങ്കിൽ, പിന്നീടവൻ തന്റെ സ്വന്തം സ്വത്വത്തെത്തന്നെയല്ലാതെ മറ്റാരെയും പഴിചാരേണ്ടതില്ല.

## അന്തിമമായി ദൈവത്തെ കണ്ടെത്തൽ

ഏതൊരുവൻ ദൈവത്തെ കണ്ടെത്തിയോ അവൻ എല്ലാം കണ്ടെത്തിക്കഴിഞ്ഞു. ദൈവത്തെ കണ്ടെത്തിയ ശേഷം മറ്റൊരു കണ്ടെത്തലും നിലനിൽക്കുന്നില്ല. അപ്രകാരം മനുഷ്യൻ തന്റെ സ്രഷ്ടാവിനെ കണ്ടെത്തുമ്പോൾ അവന്റെ പരിപൂർണ്ണ ശ്രദ്ധയും സ്രഷ്ടാവിൽ വിലയം പ്രാപിക്കുന്നു. തന്റെ സ്രഷ്ടാവിനെ കണ്ടെത്തിയ ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ തന്റെ ഭൗതി

കവും അഭൗതികവുമായ ആവശ്യങ്ങളെല്ലാം സ്രഷ്ടാവിനോടുമാത്രം ചോദിക്കുന്നവനായിത്തീരും.

ദൈവത്തിന്റെ പ്രപഞ്ചം ആറ്റങ്ങളുടെ ശേഖരമാണ്. പ്രപഞ്ചത്തിലുള്ള എല്ലാത്തിന്റെയും പ്രാഥമിക ദശ രാസഗുണങ്ങില്ലാത്ത ആറ്റ കണമാണ്. എന്നാൽ ദൈവം ഈ പദാർത്ഥത്തെ അനന്തമായ വ്യത്യസ്ത രൂപങ്ങളാക്കിമാറ്റി. അവ വെളിച്ചവും ചൂടും ഹരിതവും ഒഴുകുന്ന ജലവുമായിമാറി. ദൈവം അചേതനമായ പദാർത്ഥങ്ങളെ വ്യത്യസ്തമായ നിറങ്ങളായും രുചിയായും സുഗന്ധമായും ഈ പ്രപഞ്ചത്തിൽ നിക്ഷേപിച്ചു. ദൈവം വസ്തുക്കളെ ചലനാത്മകമാക്കി. ഈ ചലനാത്മകതയെ ഗുരുത്വാകർഷണത്താൽ അവൻ നിയന്ത്രണ വിധേയമാക്കി. അത്തരം മഹാ പ്രപഞ്ചം സൃഷ്ടിച്ച ഒരു സ്രഷ്ടാവിനെ കണ്ടെത്തൽ കേവലമൊരു വിശ്വാസ പ്രമാണം അംഗീകരിക്കുന്നതിലും അപ്പുറമാണ്. അത്തരം കണ്ടെത്തൽ അവന്റെ ഹൃദയത്തെയും ആത്മാവിനെയും ദൈവിക സ്ഫുരണം കൊണ്ട് നിറക്കുന്നു. പിന്നീടവന്റെ മനസ്സിന്റെ വാതായനം ദൈവത്തിന്റെ അനിതര സാധാരണമായ മഹത്വത്തിലേക്കും ഭംഗിയിലേക്കും തുറക്കപ്പെടുന്നു.

നാം രുചിയുള്ള പഴവർഗ്ഗങ്ങൾ കഴിക്കുമ്പോൾ നമുക്കത് ആനന്ദം നല്കുന്നു. മനോഹരമായ ഒരു സംഗീതം ശ്രവിക്കുമ്പോൾ നാമതിൽ വിലയം പ്രാപിക്കുന്നു. ഒരു കുഞ്ഞ് ജനിക്കുമ്പോൾ ദമ്പതിമാർക്കതിൽ അതിരില്ലാത്ത സന്തോഷം തോന്നുന്നു. ജീവിതത്തിലെ അത്തരം വസ്തുതകൾ എപ്പോഴും നിഗൂഢതകൾ നിറഞ്ഞതാണ്. എങ്കിൽ, എല്ലാ ആനന്ദത്തിന്റെയും സൗന്ദര്യത്തിന്റെയും നന്മയുടെയും യഥാർത്ഥ ഉറവിടമായ ദൈവത്തെ കാണുമ്പോഴുള്ള അനുഭവമെന്തായിരിക്കും?! ദൈവത്തെ കാണുന്ന നിമിഷം മനുഷ്യൻ വിജൃംഭിതനായി നിൽക്കും. ഭാവനാതീതമായ ആ അനുഭവം, ഉന്നതമാർന്ന അനുഭവം, വിസ്മയ ജന്യമായ പ്രകാശത്തിന്റെ ഉറവിടത്തിലേക്ക് അടുക്കുന്നതുപോലെയാകും. ആ അനുഭവം എക്കാലവും അവനിൽ അവശേഷിക്കുകയും ചെയ്യും.

പ്രപഞ്ചത്തിലെ വസ്തുക്കൾക്ക് അനിതര സാധാരണ ഗുണഗണങ്ങൾ നല്കിയ ദൈവത്തിന്റെ അതേ ഗുണങ്ങളാണ് അവനെ കണ്ടെത്തിയവർ നേടുന്നത്. ദൈവത്തെ കണ്ടെത്തുക എന്ന അനുഭവം നമ്മുടെ നാസികാ ഗ്രന്ഥികൾ സുഗന്ധം അനുഭവ വേദ്യമാ

ക്കുന്നതുപോലെ, നാവിലെ രസകണങ്ങളെ ഉത്തേജിപ്പിക്കുന്ന രുചി പോലെ, ഹൃദയത്തെ സ്പർശ്ശിക്കുന്ന കാവ്യ തല്ലജങ്ങളെ പോലെ ഉള്ള ഒരനുഭവമാണ്. ദൈവത്തിന്റെ സാമീപ്യം അനുഭവ വേദ്യമാകുക എന്നത് വ്യത്യസ്ത നിറങ്ങളും സുഗന്ധങ്ങളുമുള്ള അനന്തമായ പൂന്തോട്ടത്തിൽ ജീവിക്കുന്നതിനോട് സമം തന്നെയാണ്.

സർവ്വ ശോഭയുടെ സ്രഷ്ടാവായ ദൈവം എല്ലാത്തിനെക്കാളും അത്യുന്നത ശോഭയുള്ളവനാണ്. അവൻ ആകാശ ഭൂമിയുടെ പ്രകാശമാണ്. അവനെ കണ്ടെത്തുന്ന വ്യക്തിത്വത്തിന്റെ മേൽ അവൻ പ്രഭ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. സകല വിജ്ഞാനങ്ങളുടെയും ഏറ്റവും വലിയ നിധി ശേഖരമാണ് അവൻ എന്ന വസ്തുതയും സകലമാന ശക്തികളുടെയും ഏറ്റവും വലിയ കലവറയാണവൻ എന്ന വസ്തുതയും വിസ്മരിക്കാവതല്ല. ദൈവത്തെ കണ്ടെത്തിയവർ ദൈവത്തിന്റെ ശക്തിയിൽ സുരക്ഷിതരാണ്. ദൈവത്തിന്റെ വിജ്ഞാനത്താൽ പ്രബുദ്ധമായ മനസ്സിനെ യാതൊരു കൊടുങ്കാറ്റിനും പേമാരിക്കും തകർക്കുവാൻ സാധ്യമല്ല. ദൈവത്തെ ശരിക്കും അറിഞ്ഞവൻ ഏറ്റവും മഹാനായ മനുഷ്യനായി പരിണമിക്കുകയല്ലാതെ മറ്റൊന്നുമായിത്തീരില്ല.

## ദൈവത്തിന്റെ സൃഷ്ടിപദ്ധതി

***അ**നന്ത വിശാലമായ ഈ പ്രപഞ്ചത്തിൽ മനുഷ്യൻ ഒരപരിചിതനായി തോന്നുന്നു. മനുഷ്യൻ ഈ ലോകത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ല. ഈ ലോകം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതുമല്ല. മനുഷ്യനും ഈ പ്രപഞ്ചവും തമ്മിൽ ഒരു യോജിപ്പും തോന്നുന്നില്ല.*

— ഒരു പാശ്ചാത്യ ചിന്തകൻ എഴുതി.

മനുഷ്യൻ അപരിമിതമായ സാധ്യതകളുമായി ജനിച്ചിരിക്കുന്നു. എന്നാൽ, ഈ ലോകത്ത് അവന്റെ അപരിമിതമായ സാധ്യതകൾ വളരെ പരിമിതമായി മാത്രമെ ഉപയോഗിക്കാൻ സാധിക്കുന്നുള്ളു. മനുഷ്യന്റെ പ്രകൃതി അനശ്വരമായ ജീവിതത്തെ ആഗ്രഹിക്കുന്നു. എന്നാൽ, അവൻ ആഗ്രഹിക്കാതെതന്നെ വളരെ വേഗത്തിൽ ഏകാധിപത്യ സ്വഭാവത്തോടെ മരണം അവനെ പിടികൂടുന്നു. അനന്തമായ ആഗ്രഹങ്ങളുമായാണ് മനുഷ്യൻ ജീവിക്കുന്നത്. പക്ഷെ, ആ ആഗ്രഹങ്ങളൊന്നും പരിമിതമായ ജീവിതത്തിൽ ഒരിക്കലും പൂർത്തീകരിക്കപ്പെടുന്നില്ല.

ഏതൊരു മനുഷ്യനിലും ആഗ്രഹങ്ങളുടെ ഒരു ലോകം നാമ്പെടുക്കുന്നുണ്ട്. പക്ഷെയവ ഒരിക്കലും പൂർത്തീകരിപ്പെടുന്നില്ല. ആ ഒരു പരിപ്രേക്ഷ്യത്തിലൂടെ നിരീക്ഷിക്കുമ്പോൾ ദരിദ്രനും ധനികനും, വലിയവനും ചെറിയവനും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നുകാണാം. ഫ്രഞ്ച് തത്വ ചിന്തകൻ മുകളിൽ പ്രസ്താവിച്ച പോലെ, മനുഷ്യൻ വന്നിരിക്കുന്നത് അവനുവേണ്ടി നിർമ്മിക്കപ്പെട്ട ഒരു ലോകത്തേക്കല്ല.

എന്തുകൊണ്ടാണ് മനുഷ്യനും വർത്തമാന ലോകവും പര

സ്പരം രഞ്ജിപ്പിലാവാത്തത്? ദൈവത്തിന്റെ സൃഷ്ടിപദ്ധതിയെ സംബന്ധിച്ച് അവബോധമില്ലാതിരിക്കുമ്പോഴാണ് അത്തരത്തിലുള്ള ചോദ്യമുയരുന്നത്. ദൈവിക സൃഷ്ടിപദ്ധതിയെ സംബന്ധിച്ചുള്ള ബോധത്തിലൂടെ നമുക്ക് വിശ്വസനീയമായ ഒരു ഉത്തരം കണ്ടെത്താവുന്നതാണ്.

വാസ്തവത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഒരു പദ്ധതിയിലൂടെയാണ്. ദൈവത്തിന്റെ ആ സൃഷ്ടിപദ്ധതിയുമായി മനുഷ്യൻ പരിചിതമാവണമെങ്കിൽ അവൻ തന്നെ സംബന്ധിച്ചുതന്നെ മനസ്സിലാക്കൽ അനിവാര്യമാണ്. ഒരു യന്ത്രത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം അതാദ്യം നിർമ്മിച്ച ഒരു എഞ്ചിനീയറുടെ പദ്ധതിയിലൂടെ മാത്രമെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. അദ്ദേഹത്തിന്റെ പദ്ധതിയെ കൂടാതെ മറ്റൊരാൾക്കും ആ യന്ത്രത്തിന്റെ പ്രാധാന്യത്തെ വിവരിക്കാൻ സാധ്യമല്ല. മനുഷ്യന്റെ അവസ്ഥയും ഇതുതന്നെയാണ്. മനുഷ്യന്റെ സ്രഷ്ടാവ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് തന്റെ പ്രത്യേകമായ പദ്ധതി അനുസരിച്ചാണ്. ദൈവത്തിന്റെ ആ സൃഷ്ടിപദ്ധതി അനുസരിച്ച് മനുഷ്യൻ തന്റെ പരീക്ഷണ കാലഘട്ടം ഈ വർത്തമാന കാലത്തിന്റെ അപൂർണ്ണതയിൽ ചെലവഴിച്ചേ മതിയാകു. അതിനുശേഷം അവന്റെ കർമ്മ ഫലം അനുസരിച്ച് പൂർണ്ണമായ മറ്റൊരു ലോകത്ത്, അതായത് സ്വർഗ്ഗത്തിൽ അവന് തുടർ ജീവിതം നയിക്കാനുള്ള അവകാശം നല്കപ്പെടുന്നു.

വർത്തമാന ലോകം പരീക്ഷണത്തിന്റെ ലോകമാണ്. ഇവിടെ നിന്ന് ഏതൊരു പുരുഷനും സ്ത്രീക്കും സ്വർഗ്ഗ പ്രവേശനത്തിനുള്ള അർഹത നേടിയെടുക്കാവുന്നതാണ്. അതിൽ രണ്ടുപടികളുണ്ട്. സത്യത്തെ അംഗീകരിക്കലും പിന്നീട് അതനുസരിച്ച് അവന്റെ ജീവിതത്തെ ക്രമപ്പെടുത്തലുമാണവ. നശ്വരമായ പരീക്ഷണ കാലഘട്ട ജീവിതത്തിൽ യോഗ്യത നേടുന്ന ഏതൊരു പുരുഷനും സ്ത്രീക്കും അനശ്വരമായ സ്വർഗ്ഗീയ ലോകത്ത് ഇടം ലഭിക്കുന്നതാണ്. പരീക്ഷണ ജീവിതത്തിൽ പരാജിതരാവുന്നവർ അനശ്വരമായ നരക ജീവിതത്തിൽ ജീവിതം വിനിയോഗിക്കേണ്ടിവരും.

## നാം സമ്പൂർണ്ണ സ്വതന്ത്രരാണോ?

വർത്തമാന ലോകത്ത് മനുഷ്യൻ പൂർണ്ണ സ്വതന്ത്രനാണ്. ആ

സ്വാതന്ത്ര്യം അവന്റെ അവകാശമല്ല. മറിച്ച്, ഉത്തരം നല്കേണ്ട ഒരു പ്രശ്ന സൂചിക മാത്രമാണ്. ബാഹ്യമായ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ മനുഷ്യൻ യാഥാർഥ്യങ്ങൾക്ക് വഴങ്ങേണ്ടിയിരിക്കുന്നു. അക്കാരണത്താൽ, ഒരു നിർബ്ബന്ധവുമില്ലാതെ അവൻ സത്യത്തിന്റെ മുന്നിൽ വണങ്ങുന്നു. അവൻ സ്വയം തന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. സത്യത്തിന്റെ മുന്നിൽ സ്വയം സമർപ്പിക്കാനാവുക എന്നത് ശരാശരി മനുഷ്യനെ സംബന്ധിച്ചിടത്തോളം വലിയ ഒരു ത്യാഗം തന്നെയാണ്. പ്രത്യക്ഷത്തിൽ സത്യത്തെ അംഗീകരിക്കുക എന്നാൽ സ്വയം മറ്റുള്ളവരെക്കാൾ തന്നെ ചെറുതാക്കലാണ്. പക്ഷെ, ഇതേ ഗുണം തന്നെയാണ് മനുഷ്യന് ഏറ്റവും മഹിതമായ പദവി നല്കുന്നത്. മനുഷ്യന് സ്വർഗ്ഗ പ്രവേശനം ഉറപ്പുനല്കുന്നത് ഈ വസ്തുത തന്നെയാണ്.

ഇത്തരം പരിപ്രേക്ഷ്യത്തിലൂടെ വീക്ഷിക്കുമ്പോൾ പ്രധാനമായും പിന്നീട് വരുന്നത് മനുഷ്യന്റെ അച്ചടക്ക പൂർണ്ണമായ ജീവിതമാണ്. വികാരം, കോപം, പ്രതികാരം, അസൂയ, പക, വിദ്വേഷം ഇവയെല്ലാം കൊണ്ട് രൂപപ്പെടുത്തിയെടുക്കപ്പെട്ടതാണ് മനുഷ്യന്റെ സ്വഭാവം. പൊതുവിൽ മനുഷ്യന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ഋണാത്മക(Negative) ഘടകങ്ങളാണ് ഇവയെല്ലാം. സത്യത്തിൽ മനുഷ്യൻ ഒരു താത്വിക ജീവിതം തിരഞ്ഞെടുക്കണം. അവൻ തന്റെ വ്യക്തിത്വത്തെ ബാഹ്യമായ നേട്ടങ്ങളുട അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനുപകരം ചില മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തണം. ജീവിതത്തെ സ്വന്തം ഇച്ഛാ ശക്തി കൊണ്ട് ഉന്നതമാർന്ന മൂല്യങ്ങളുടെ വെളിച്ചത്തിൽ അവന് രൂപപ്പെടുത്താൻ സാധിക്കണം. ഇത്തരം സ്വഭാവത്തെയാണ് സ്വർഗ്ഗീയ സ്വഭാവം എന്ന് വിളിക്കുന്നത്.

ദൈവം മനുഷ്യനെ വ്യക്തമായ സൃഷ്ടിപദ്ധതിയുടെ അടിസ്ഥാനത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്. പ്രപഞ്ച സാകല്യത്തിലെ ഉന്നതനായ സൃഷ്ടിയാണ് മനുഷ്യൻ. പ്രവിശാലമായ പ്രപഞ്ചത്തിൽ മനുഷ്യന്റെ നിലനിൽപ്പിനെ പോലെ അതുല്യമായ മറ്റൊരു നിലനിൽപ്പില്ല. സൃഷ്ടിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും പരമോന്നതനായ സൃഷ്ടിയാണ് മനുഷ്യൻ. സകല ചരാചരങ്ങളിൽ വെച്ചും ഏറ്റവും അർത്ഥ പൂർണ്ണമായ സൃഷ്ടിയും മനുഷ്യൻ തന്നെയാണ്.

## പരലോകം

ഉത്തര ദക്ഷിണ ധ്രുവങ്ങളിലെ സമുദ്രങ്ങളിൽ പൊങ്ങിക്കിടക്കുന്ന ഭീകരമായ ഹിമ ഖണ്ഡങ്ങളിൽ പലതും വഞ്ചനാത്മകമായ സ്വഭാവമുള്ളവയാണ്. പ്രകൃതിയുടെ അതിഭീകരമായ പ്രതിഭാസം നമുക്കിവിടെ ദർശ്ശിക്കാവുന്നതാണ്. ഹിമ പർവ്വതങ്ങളുടെ സ്വഭാവം നിലനിൽക്കുന്നത് അവയുടെ ഭീകരമായ വണ്ണത്തിലും ആകാരത്തിലുമല്ല. നാം പ്രത്യക്ഷത്തിൽ ദർശ്ശിക്കുന്ന വലിയ ആകാരമല്ല അതിന്റെ യഥാർത്ഥ ആകാരം. സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് ആഴുന്നുപരന്നുകിടക്കുന്ന ഹിമ പർവ്വതത്തിന്റെ മുങ്ങിക്കിടക്കുന്ന ഭാഗം നമ്മുടെ ഭാവനക്കപ്പുറത്താണ്. ഒരർത്ഥത്തിൽ നമ്മുടെ ജീവിതവും സമുദ്രത്തിൽ പൊങ്ങിക്കിടക്കുന്ന ഐസ് പർവ്വതങ്ങളെ പോലെയാണ്. നാം ഈ ലോകത്ത് ചെലവഴിക്കുന്ന ജീവിതത്തിന്റെ ഭാഗം നൂറുവർഷമോ അല്ലെങ്കിൽ അതിലും കുറവോ മാത്രമാണ്. അത് സമുദ്രത്തിന്റെ ഉപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന ഐസ് ബർഗ്ഗിന്റെ ഭാഗം പോലെയാണ്. അത് നമുക്ക് ദർശ്ശിക്കാം, സ്പർശ്ശിക്കാം, അനുഭവിക്കാം. അതിന്റെ അളവ് നമുക്ക് തിട്ടപ്പെടുത്താം. ഫലപ്രദമായി കൈകാര്യവും ചെയ്യാം. എന്നാൽ മരണത്തിന് ശേഷം വരുന്ന ജീവിതത്തിന്റെ ഭാഗം സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് ആണ്ടുകിടക്കുന്ന, വിശാലവും അഗാധതയളക്കാൻ പറ്റാത്തതും, സർവ്വ ഭീതിയോടെ നിൽക്കുന്നതുമായ ഹിമാനിയുടെ ഭാഗം പോലെയാണ്. അത് നമ്മുടെ ഭാവനക്ക് വിഘ്നം സൃഷ്ടിക്കുന്നു. ഇതുപോലെ, ദൈവം നമുക്ക് നിർണ്ണയിച്ച ജീവിതത്തിന്റെ അനശ്വരമായ മറുവശം നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

> ദൈവം മനുഷ്യനെ വ്യക്തമായ സൃഷ്ടിപദ്ധതിയുടെ അടിസ്ഥാനത്തിൽ സൃഷ്ടിച്ചിരിക്കുന്നു. പ്രപഞ്ച സാകല്യത്തിലെ ഉന്നതനായ സൃഷ്ടിയാണ് മനുഷ്യൻ. പ്രവിശാലമായ പ്രപഞ്ചത്തിൽ മനുഷ്യന്റെ നിലനില്പിനെ പോലെ അതുല്യമായ മറ്റൊരു നിലനില്പില്ല. സൃഷ്ടിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും പരമോന്നതനായ സൃഷ്ടിയാണ് മനുഷ്യൻ. സകല ചരാചരങ്ങളിൽ വെച്ചും ഏറ്റവും അർത്ഥ പൂർണ്ണമായ സൃഷ്ടിയും മനുഷ്യൻ തന്നെയാണ്.

ജീവിത്തിന്റെ ഉറവിടത്തെ സംബന്ധിച്ച യാഥാർഥ്യങ്ങളുമായി വളരെ സുപരിചിതരാണ് നമ്മൾ. മാതാവിന്റെ ഗർഭ പാത്രത്തിൽ നിന്ന് രൂപം പ്രാപിച്ച് മരണം വരെ അനുഭവിക്കുന്നതാണ് ജീവിതം. ആ ജീവിതം യൗവനത്തിലോ വാർദ്ധക്യത്തിലോ അവസാനിച്ചാൽ കാര്യങ്ങളുമായുള്ള ബന്ധവും അതോടെ അവസാനിക്കുന്നു. മരണമെന്നാൽ എല്ലാത്തിന്റെയും പര്യവസാനമായി നാം മനസ്സിലാക്കുന്നു. എന്നാൽ വസ്തുത അങ്ങനെയല്ല. പ്രപഞ്ചമാകുന്ന നവ ഗർഭാശയത്തിലേക്ക് നമ്മെ നയിക്കാനുള്ള മാർഗ്ഗമാണ് മരണം. നാം പരലോകമെന്ന നവ ലോകത്തേക്ക് ആ മാർഗ്ഗത്തിലൂടെ പ്രവേശിക്കുന്നു. ഭൗതിക ലോകത്തിലെ സന്തോഷത്തിനും സന്താപത്തിനും പരിമിതികളുണ്ട്. എന്നാൽ പരലോക ജീവിതത്തിലെ ആനന്ദവും യാതനകളും ഭൗതിക ലോകത്തെ അതേ അനുഭവങ്ങളുമായി നമുക്ക് സമരസപ്പെടുത്തുവാൻ സാധ്യമല്ല. പരലോക ജീവിത്തിലെ ശിക്ഷക്ക് പാത്രീഭവിച്ചവർ വരാനുള്ള കാലമത്രയും ആ ഭീതിജനകമായ അനുഭവത്തിലായിരിക്കും നിലകൊള്ളുക. എന്നാൽ പരലോക ജീവിതത്തിൽ ദൈവത്തിന്റെ അനുഗ്രഹത്തിന് യോഗ്യത നേടിയവൻ കാലമത്രയും ഉന്നതമായ ആനന്ദത്തിന്റെയും ആത്മനിർവൃതിയുടെയും അനുഭവത്തിലായിരിക്കും.

ഭൗതിക ലോകത്തിലെ ജീവിതം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ശാശ്വതമായ പരലോക ജീവിതത്തിലേക്കുള്ള ഒരു പരീക്ഷണ ഭൂമിക എന്നതാണ്. വരാനിരിക്കുന്ന ലോകത്തിന്റെ സ്വഭാവം ഗ്രഹിക്കുവാനും മനസ്സിലാക്കാനുമുള്ള എണ്ണമറ്റ ദൃഷ്ടാന്തങ്ങൾ ദൈവം നമുക്കുചുറ്റും നിക്ഷേപിച്ചിരിക്കുന്നുണ്ട്. മനുഷ്യനാവശ്യമായ ഒരിടം ഭൗതിക വസ്തുക്കൾ നിറഞ്ഞ, ഫർണ്ണിച്ചറുകളടങ്ങിയ, പ്രത്യക്ഷത്തിൽ നാലുഭിത്തികളോടുകൂടിയ മുറിയായി വിഭാവനം ചെയ്യുക. എല്ലാ പ്രത്യക്ഷ വസ്തുക്കളും മുറിയെ അലങ്കാരമാക്കിക്കൊണ്ടിരിക്കും. എന്നാൽ നാം മുറിയിലെ ടെലിവിഷൻ ഓണാക്കുമ്പോൾ അതിനെക്കാൾ മനോഹരമായ നിറങ്ങളുള്ള, ചലനാത്മകമായ, മനോഹരമായ ശബ്ദങ്ങളുള്ള മനുഷ്യന്റെ മറ്റൊരു ലോകം ദർശ്ശിക്കുന്നു. നാം ദർശ്ശിച്ച, നിറങ്ങളുള്ള, ജീവനുള്ള മനുഷ്യരടങ്ങിയ ആ ലോകം ഇവിടെ നിലനിന്നിട്ടുണ്ടായിരുന്നതാണ്. നമുക്കത് ബോധ്യമാകാൻ ടെലിവിഷൻ റിമോട്ടിൽ വിരൽ ഞൊടിക്കേണ്ട ആവശ്യം മാത്രമെ ഉണ്ടായിരുന്നുള്ളു. അപ്രകാരം ലോകത്തിനുള്ളിലെ ഒരു ലോകത്താണ് നമ്മുടെ ലൗകിക ജീവിതം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നാം

ഗ്രഹിക്കുന്ന ലോകം മൂർത്തവും, ദൃഷ്ടി ഗോചരവും ശ്രാവ്യവുമാണ്. എന്നാൽ ആ ലോകത്തിനപ്പുറത്തെ മറ്റൊരു ലോകത്തെ മനുഷ്യന്റെ സാധാരണ ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കാവുന്നതല്ല. ശരിക്കും ആ ലോകം എങ്ങനെയാണ്? ഒരു തരത്തിലുള്ള സ്വിച്ച് തിരിച്ചാലും നമുക്കത് ഗ്രഹിക്കാനാവുന്നതല്ല. മരണത്തിനുമാത്രമെ അത് നമ്മെ ഗ്രഹിപ്പിക്കാൻ സാധിക്കുകയുള്ളു. മരണാനന്തരം നാം കണ്ണുകൾ തുറക്കുമ്പോൾ നമ്മുടെ ഇന്ദ്രിയ ഗോചരങ്ങൾക്കതീതമായത് വളരെ വ്യക്തമായ സത്യമായി കാണാവുന്നതാണ്.

## എന്താണ് വിജയം?

നമ്മുടെ മനസ്സിന്റെ ഉള്ളറകളിൽ വരാനിരിക്കുന്ന ജീവിതം വ്യക്തമായി ത്തീർന്നാൽ പിന്നീട് നമ്മുടെ ഭൗതിക ജീവിതത്തിന്റെ മുഖ്യ ലക്ഷ്യം ആ ജീവിത വിജയത്തിനുവേണ്ടി പരിശ്രമിക്കുക എന്നതായിരിക്കും. ക്ഷണികമായ ഭൗതിക ലോകത്തെ പോലെയല്ല അനന്തവും യഥാർത്ഥവുമായ പരലോക ജീവിതം. നാം അനുഭവിക്കുന്ന ഭൗതിക ലോകത്തിലെ സന്തോഷവും സന്താപവും പരലോകത്തിലെ സന്തോഷവും സന്താപവുമായി താരതമ്യപ്പെടുത്താൻ സാധ്യമല്ല.

> നാം അനുഭവിക്കുന്ന ഭൗതിക ലോകത്തിലെ സന്തോഷവും സന്താപവും പരലോകത്തിലെ സന്തോഷവും സന്താപവുമായി താരതമ്യപ്പെടുത്താൻ ഒരിക്കലും സാധ്യമല്ല.

തനിക്ക് ഈ ലോകത്ത് സ്വന്തം ഇംഗിതത്തിനനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ടന്ന് നാനാവിധ അധാർമ്മിക ജീവിതം നയിക്കുന്ന കുറ്റവാളികളും വിചാരിക്കുന്നുണ്ട്. നമുക്ക് സ്വാതന്ത്ര്യമുണ്ട്; പക്ഷെ, അതുമൂലം ദൈവം നന്മയുടെയും തിന്മയുടെയും വാക്താക്കളെ വേർത്തിരിക്കുന്നു. പരലോക ജീവിതത്തിൽ അന്തസ്സിന്റെയും ആദരവിന്റെയും സ്ഥാനത്തിന് അർഹരായവരെ കൃത്യമായ് തീരുമാനിക്കപ്പെടുന്നു. അതോടൊപ്പം ശാശ്വതമായ നിന്ദ്യതക്ക് പാത്രീഭൂതരായവരെയും നിർണ്ണയിക്കുന്നു. പരലോകത്ത് നന്മയും തിന്മയും, ഗോതമ്പിൽ നിന്ന് ഉമി വേർത്തിരിച്ചെടുക്കുന്നതുപോലെ വേർത്തിരിച്ചെടുക്കപ്പെടും. ഭൗതിക ലോകത്തെ കർമ്മ ഫലം അനുസരിച്ച് വസ്തുനിഷ്ഠമായി വിധി നല്കപ്പെടും. ചില മനുഷ്യർ ശാശ്വതമായ നരകീയ യാതനയിലേക്കും നാശത്തിലേക്കും തള്ള

പ്പെടും. മറ്റുചിലർ ശാശ്വതമായ അനുഗ്രത്തിലേക്കും ആനന്ദത്തി ലേക്കും നയിക്കപ്പെടും.

ഒരിക്കൽ രണ്ടുമനുഷ്യർ ഒരു പരാതിയുടെ മേൽ വിധി കേൾക്കാൻ മുഹമ്മദുനബി(സ)യുടെ മുമ്പിൽ വന്നു. ഒരാൾ മറ്റൊരുവന്റെ ഭൂമി അനുചിതമായി കൈവശപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചില നിയമ കുരുക്ക് കാരണം അയാൾക്കെതിരെ വിധി പുറപ്പെടുവിക്കൽ ബുദ്ധിമുട്ടായിരുന്നു. പരാതി വ്യക്തമായി ഗ്രഹി ച്ചതിനുശേഷം പ്രവാചകൻ(സ), തന്റെ നിയമ കൗശലത്താൽ ഭൂമി കൈവശപ്പെടുത്തിയവനെ താക്കീതുചെയ്തുകൊണ്ട് പറഞ്ഞു: "കോടതി താങ്കൾക്കനുകൂലമായി വിധി നല്കുകയാണെങ്കിൽ നീ ചിന്തിക്കണം, നാളെ കത്തിജ്വലിക്കുന്ന തീനാളമായി നിനക്കത് നല്കപ്പെടുന്നതാണെന്ന്." ഭൗതിക ലോകത്തിന്റെ കാഴ്ചപ്പാടിൽ സ്വല്പം ഭൂമി ഏറെ വിലമതിക്കുന്ന സ്വത്താകാം. എന്നാൽ പര ലോകത്തിൽ അത് കത്തിജ്വലിക്കുന്ന തീനാളമായി പരിണമിക്കപ്പെ ടുമെന്നത് നിശ്ചയം.

മനുഷ്യ കർമ്മത്തിന്റെ ഇരുവശങ്ങളെയും മനോഹരമായ ദൃഷ്ടാന്ത വ്യാഖ്യാനങ്ങളിലൂടെയും അടയാളങ്ങളിലൂടെയും പ്രവാ ചകൻ(സ) തന്റെ മി,അറാജിന്റെ(ആകാശാരോഹണം) വിവരണ ത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകൻ(സ) ഇലന്ത മരച്ചുവട്ടിൽ (എഴാം ആകാശത്തിന്റെ അതിർത്തിയിലുള്ള മരം) എത്തിയപ്പോൾ നാലുനദികൾ കണ്ടു. രണ്ടുനദികൾ അകത്തേക്ക് ഒഴുകുകയും മറ്റ് രണ്ടുനദികൾ പുറത്തേക്ക് ഒഴുകുകയും ചെയ്യുന്നു. അകത്തേക്ക് ഒ ഴുകുന്ന നദികൾ സ്വർഗ്ഗത്തിലെ നദികളാണെന്നും, പുറത്തേക്ക് ഒ ഴുകുന്നത് യൂഫ്രട്ടീസ്, നൈൽ എന്നീ നദികളാണെന്നും മലക്ക് ജിബ്രീൽ പ്രവാചകന് പറഞ്ഞുകൊടുത്തു.

ഈ ഉപമയിലൂടെ ബോധ്യപ്പെടുത്തപ്പെടുന്നത് ഭൗതിക ലോക വും പരലോകവും ഒരേ സംഭവത്തിന്റെ ഇരുവശങ്ങളാണെന്നതാ ണ്. ഭൗതിക ലോകത്തിന്റെ ഭാഗം ക്ഷണികവും നശ്വരവുമാണ്. അതേ സമയം, പരലോകത്തിന്റെ വശം അനന്തവും അനശ്വരവുമാ ണ്. രണ്ടാമത്തെ വശം നമ്മൾ മരണത്തിന് ശേഷം അഭിമുഖീകരി ക്കുന്നതാണ്. ഈ ലോകത്ത് താനുദ്ദേശിക്കുന്ന തരത്തിൽ ജീവി ക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം മനുഷ്യനുണ്ട്. പക്ഷെ, വരാനിരി ക്കുന്ന ജീവിതത്തിൽ അവന് തന്റെ ഭാവി ജീവിതം തിരഞ്ഞെടു ക്കാനുള്ള സ്വാതന്ത്ര്യമുണ്ടാവുന്നതല്ല. ഒന്നുങ്കിൽ മനുഷ്യൻ അന ന്തമായ മഹത്വത്തിലേക്ക് ഉയർത്തപ്പെടും, അല്ലെങ്കിൽ ശാശ്വതമായ നരകത്തിലേക്ക് താഴുത്തപ്പെടും.

## ദൈവിക ലക്ഷ്യത്തിലധിഷ്ഠിതമായ ജീവിതം

**ഭൂ**മി സൂര്യനെ ചുറ്റുന്ന ഒരു ഗ്രഹമാണ്. അത് സൂര്യനുചുറ്റുമുള്ള ഭ്രമണ പഥത്തിലൂടെ കറങ്ങുന്നു. ഭൂമിയുടെ സൂര്യനുചുറ്റുമുള്ള പരിക്രമണം പൂർത്തീകരിക്കാൻ 365 1/4 ദിനങ്ങൾ എടുക്കുന്നു. ഭൂമിയിലുള്ള ജീവജാലങ്ങളുടെ ആരോഗ്യകരമായ പ്രവർത്തനത്തിന് സൂര്യനുചുറ്റുമുള്ള ഭൂമിയുടെ പരിക്രമണം അത്യന്താപേക്ഷിതമാണ്. ആ പരിക്രമണം ഇല്ലായിരുന്നെങ്കിൽ ഭൂമിയും അതിലെ മുഴുവൻ ചരാചരങ്ങളും നശിച്ചുപോയേനെ.

ഭൂമിയിൽ നാം എങ്ങനെ ജീവിക്കണമെന്നതിന്റെ പ്രായോഗിക മാതൃകയാണ് ഈ ഉദാഹരണം. വാസ്തവത്തിൽ ഭൂമി സൂര്യനെ ചുറ്റിക്കറങ്ങുന്നതുപോലെ മനുഷ്യൻ ദൈവത്തെ ചുറ്റിക്കറങ്ങി എങ്ങനെ ജീവക്കണമെന്നതിന്റെ ബാഹ്യപ്രകടനമാണ് ഈ ഉദാഹരണം. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, മനുഷ്യന്റെ എല്ലാ പ്രവർത്തികളും ദൈവത്തിലധിഷ്ഠിതമായിരിക്കണമെന്നാണ്.

മനുഷ്യൻ ദൈവിക യഥാർഥ്യത്തിലധിഷ്ഠിതമായ ഒരു ജീവിതം പടുത്തുയർത്തണം. ആ ചോദനയാണ് യഥാർത്ഥ മനുഷ്യന്റെ ഉയർച്ച. എല്ലാ വിജയത്തിന്റെ രഹസ്യങ്ങളും ആ ചോദനയിൽ നിക്ഷിപ്തമാണ്. ദൈവത്തെ കണ്ടെത്തുന്നതോടെ ദൈവിക ജീവിതം നാമെടുക്കുന്നു. സ്ത്രീയും പുരുഷനും ദൈവത്തെ കണ്ടെത്തുമ്പോഴാണ് യാഥാർഥ്യത്തിൽ എത്തിച്ചേരുന്നത്. ആ പരമമായ യാഥാർഥ്യം അവരുടെ മൊത്തം വ്യക്തിത്വത്തിൽ നിക്ഷിപ്തമാകും. പൂർണ്ണ വിശ്വാസം കൊണ്ട് നിറയുന്ന രോമാഞ്ചദായകമായ അനുഭവമായിരിക്കും സത്യത്തെ കാണുമ്പോഴുണ്ടാകുന്ന അനുഭവം. അടി

യുറച്ച വിശ്വാസം അവരെ ജീവിതത്തിന്റെ സകല വിനാശങ്ങളിൽ നിന്നും അകറ്റുന്നു. ആകയാൽ അവർക്ക് ഇനി നഷ്ടങ്ങളില്ല. നഷ്ട ങ്ങൾക്ക് പകരം, ദൈവം സദാസമയവും നമ്മോടൊപ്പമുണ്ടെന്നുള്ള വിശ്വാസമാണുണ്ടാവുക.

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ മേൽ ഗാഢമായി മനനം ചെയ്യുമ്പോഴാണ് ആ യഥാർഥ്യം അനുഭവവേദ്യമാകുക. ഭൗതിക പ്രപഞ്ചം ദൈവിക മഹത്വത്തിന്റെ ആവിഷ്കാരമാണ്. പ്രപഞ്ചം ദൈവത്തിലേക്കുള്ള പൂർണ്ണമായ മുഖവുരയാണ്. മനുഷ്യൻ തന്റെ ബാഹ്യരൂപം ദർപ്പണത്തിൽ ദർശ്ശിക്കുന്നതുപോലെ ദൈവത്തെ തന്റെ സൃഷ്ടികളിലൂടെ ദർശ്ശിക്കാവുന്നതാണ്.

വിശാലമായ ശൂന്യാകാശം മനുഷ്യനെ ബോധ്യപ്പെടുത്തുന്നത് അതിന്റെ സ്രഷ്ടാവിന്റെ അപാരതയാണ്. സൂര്യ നക്ഷത്രാദികളെ സംബന്ധിച്ച നിരീക്ഷണം കാണിക്കുന്നത് ദൈവം മൊത്തത്തിൽ പ്രകാശമാണെന്ന വസ്തുതയാണ്. പർവ്വതത്തിന്റെ ഉയർച്ച നമ്മെ ബോധ്യപ്പെടുത്തുന്നത് ദൈവത്തിന്റെ അത്യുന്നതിയാണ്. കടലിലെ അലമാലകളും നദിയിലെ ഒഴുക്കും നമ്മെ ബോധ്യപ്പെടുത്തുന്നത് ദൈവം അതിരുകളില്ലാത്ത അനുഗ്രഹത്തിന്റെ ശേഖരമാണെന്നാണ്. ഹരിതാഭമായ വൃക്ഷങ്ങളിൽ നാം ദൈവത്തിന്റെ അനുഗ്രത്തെ ദർശ്ശി ക്കുന്നു. മാനവന്റെ നിലനിൽപ്പിന് ദൈവിക നിലനിൽപ്പ് തെളിവാ യിത്തീരുന്നു. മന്ദമാരുതന്റെ തലോടലിൽ അവൻ ദൈവത്തിന്റെ സ്പർശ്ശനം അനുഭവിക്കുന്നു. പറവകളുടെ കളകൂജനത്തിൽ അവൻ ദൈവത്തിന്റെ സംഗീതം ആസ്വദിക്കുന്നു.

മനുഷ്യൻ ദൈവത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം ആരം ഭിക്കുന്നത് ഇത്തരം സ്മരണയിൽ നിന്നാണ്. അപ്പോൾ അവൻ ദൈവിക സാന്നിധ്യം അനുഭവിക്കാൻ ആരംഭിക്കുന്നു. പ്രപഞ്ച ത്തിലെ മുഴുവൻ വസ്തുക്കളും ദൈവത്തെ ഓർമ്മിപ്പിക്കാനുള്ളതാ ണ്. മനുഷ്യന്റെ മനസ്സിൽ നിന്ന് ദൈവിക സ്മരണ ഒരിക്കലും നിലച്ചുപോകുന്നതല്ല. അവന്റെ പ്രഭാതവും പ്രദോഷവും ദൈവിക സഹവാസത്തിൽ ചെലവഴിക്കപ്പെടുന്നതുപോലെ അനുഭവിക്കുന്നു. ഒരു ചെറിയ മഴ വിളകളെ ഫലഭൂയിഷ്ഠമാക്കുന്നതുപോലെ മനു ഷ്യൻ സദാസമയവും തന്റെ സ്രഷ്ടാവിന്റെ സ്മരണയിൽ നിമഗ്ന മായി നിലനിൽക്കുന്നു.

## ആത്മീയ വികാസത്തിന്റെ ഉറവിടം

മനുഷ്യന്റെ ആത്മീയ കേന്ദ്രമാണ് ദൈവം. ദൈവവുമായി ബന്ധിതമായ ഹൃദയം സദാസമയവും ആത്മീയ അനുഭവങ്ങൾക്ക് വിധേയമാകുന്നതാണ്. ദൈവത്തിലുള്ള വിശ്വാസം മനുഷ്യന്റെ ആത്മീയ വികാസത്തിന്റെ ഉറവിടമായിതീരുന്നു. ദൈവിക സ്നേഹത്താൽ നിമഗ്നമായവന് പിന്നീട് മറ്റൊന്നും ആവശ്യമില്ല. ദൈവം അവന് നിരന്തരം നീന്തിതുടിക്കാനുള്ള സാഗരമായിമാറുന്നു. അത്തരം ആത്മീയ ഉണർവ്വിൽ മറ്റൊന്നും ആവശ്യമില്ലാത്തവിധം വലിയ സമ്പാദ്യം അവൻ നേടിയെടുക്കുന്നു.

ദൈവത്തെ കണ്ടെത്തിയവന് ഈ അഖില പ്രപഞ്ചവും തനിക്കുവേണ്ടി തുറന്നുവെച്ച ദൈവിക ഗ്രന്ഥമായിത്തീരുന്നു. വൃക്ഷത്തിലെ ഒരോ ദളവും ആ ഗ്രന്ഥത്തിലെ താളുകളായിമാറുന്നു.

സൂര്യനെ കാണുമ്പോൾ അവന് തോന്നുന്നത്, ദൈവം ആകാശ ലോകത്തുനിന്ന് ടോർച്ച് പ്രകാശിപ്പിക്കുന്നതുപോലെയാണ്. ആ പ്രകാശത്തിൽ നിന്ന് അവന് ദൈവിക ഗ്രന്ഥം സുവ്യക്തമായി വായിക്കാൻ സാധിക്കുകയും ചെയ്യുന്നു. അപ്രകാരം പ്രപഞ്ചം അവന്റെ മുമ്പിൽ മഹാ സർവ്വകലാശാലയായിത്തീരുന്നു. അവൻ ആ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയുമാകുന്നു.

ദൈവത്തെ കണ്ടെത്തുക എന്നാൽ തന്റെ സ്നേഹ കേന്ദ്രത്തെ കണ്ടെത്തലാണ്. മനുഷ്യൻ ജന്മനാ തനിക്കുമുകളിലുള്ള ഒരു പരമോന്നത ശക്തിയെ തേടുന്നവനാണ്. ആ പരമോന്നത ശക്തി എല്ലാ പരമിതികളിൽ നിന്നും മുക്തവും തന്റെ സകല ചിന്തകളുടെയും കേന്ദ്രവുമാണ്. പക്വതയുള്ള മനുഷ്യൻ, ഒരു കുട്ടി തന്റെ മാതാവിന്റെ കരങ്ങളിൽ അഭയം പ്രാപിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി പോലെ ആ ഉന്നത ശക്തിയെ കണ്ടെത്തുമ്പോൾ പൂർണ്ണ സംപ്രീതനാകുന്നു. ദൈവമല്ലാത്തതിനെ ദൈവമായി കണക്കാക്കുന്ന അവസ്ഥയിൽ നിന്ന് ഇത്തരം തിരിച്ചറിവ് മനുഷ്യനെ സംരക്ഷിക്കുന്നു. തന്റെ നൈസർഗ്ഗികമായ ചോദനകൾക്ക് ദൈവേതര ശക്തികൾക്ക് ഉത്തരം നല്കാൻ സാധിക്കുമെന്നുള്ള അയഥാർത്ഥമായ ചിന്തകളിൽ നിന്നും അവൻ രക്ഷ പ്രാപിക്കുന്നു. ദൈവത്തെ അറിയുന്നതിൽ പരാജയപ്പെടുന്നവർ മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യത്തെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടുവെന്നതാണ് യഥാർഥ്യം.

ദൈവത്തെ അറിയുന്നതിൽ പരാജയപ്പെടുന്നവർ ദൈവേതര ശക്തികൾക്ക് ദൈവത്തിന്റെ സ്ഥാനം നല്കാൻ നിർബ്ബന്ധിതരാകപ്പെടുന്നു. ആ പദവി ചിലപ്പോൾ ചില മനുഷ്യർക്കോ മൃഗങ്ങൾക്കോ പ്രകൃതിയിലെ പ്രതിഭാസങ്ങൾക്കോ ഭൗതിക ശക്തികൾക്കോ അല്ലെങ്കിൽ സ്വന്തത്തിനുതന്നെയോ നല്കിയേക്കാം.

ദൈവത്തെ കണ്ടെത്തുന്നതിൽ പരാജയപ്പെടുകയോ ദൈവത്തെ നിഷേധിക്കുകയോ ചെയ്താലും ദൈവത്തെ അറിയാനുള്ള തന്റെ നൈസർഗ്ഗികമായ ചോദനയെ തടയുക എന്നത് തന്റെ അധികാരത്തിൽപ്പെടുന്നതല്ല. അതിനാലാണ് ദൈവത്തെ തിരിച്ചറിയാത്ത മനുഷ്യർ പിന്നീട് ദൈവേതര ശക്തികളിൽ അഭയം പ്രാപിക്കുന്നത്. അത്തരം സാങ്കല്പിക ദൈവങ്ങൾ എപ്പോഴും ദൈവത്തിന്റെ ഒരു സൃഷ്ടി ആയിരിക്കും. ദൈവത്തെ തന്റെ ആരാധ്യവസ്തുവാക്കി സ്വീകരിക്കുന്നവൻ മനുഷ്യനെന്ന പദവിയിലേക്കുയരുന്നു. അതിന് വിരുദ്ധമായി ദൈവേതര ശക്തികളെ ദൈവമായി സ്വീകരിക്കുന്നവൻ മനുഷ്യനെന്ന പദവിയിൽ നിന്ന് താഴോട്ട് നിപതിക്കുന്നു. മനുഷ്യന് പ്രപഞ്ചത്തിലുള്ള ഏക ജീവിത മാർഗ്ഗം ദൈവത്തെ പൂർണ്ണമായി വണങ്ങുക എന്നതാണ്.

## ദൈവത്തിന്റെ പ്രവാചകന്മാർ

ഇസ്‌ലാമിലെ പ്രവാചകത്വ സങ്കല്പം മറ്റുമതങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. മറ്റുചില മതങ്ങളിൽ പ്രവാചകത്വമെന്നാൽ ദൈവം മനുഷ്യ രൂപത്തിൽ അവതീർണ്ണമാകലോ, അല്ലെങ്കിൽ ദൈവത്തിന്റെ പ്രവാചകന്മാർ മറുലോകത്തുനിന്ന് അവതീർണ്ണമാകലോ ആണ്. എന്നാൽ ഇസ്‌ലാമിലെ ഒരു പ്രവാചകൻ മറ്റുമനുഷ്യരിൽ നിന്ന് വ്യത്യസ്തനല്ല. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദൂതൻ എന്നതാണ് പ്രവാചകന്മാരെ അതുല്യരാക്കുന്ന ഘടകം.

> ഭൗതിക പ്രപഞ്ചം ദൈവിക മഹത്വത്തിന്റെ ആവിഷ്കാരമാണ്. പ്രപഞ്ചം ദൈവത്തിലേക്കുള്ള പൂർണ്ണമായ മുഖവുരയാണ്. മനുഷ്യൻ തന്റെ ബാഹ്യരൂപം ദർപ്പണത്തിൽ ദർശ്ശിക്കുന്നതുപോലെ ദൈവത്തെ തന്റെ സൃഷ്ടികളിലൂടെ ദർശ്ശിക്കാവുന്നതാണ്.

മറ്റുമനുഷ്യർ ജനിച്ചതുപോലെത്തന്നെയാണ് ദൈവത്തിന്റെ പ്രവാച

കന്മാരും ജനിച്ചത്. മറ്റുള്ളവർ ജീവിതം നയിച്ചപോലെ അവരും ജീവിതം നയിച്ചു. ദൈവത്തിന്റെ അടിമ ജീവിതത്തിലും സ്വഭാവത്തിലും ഭൂമിയിൽ എങ്ങനെ ആയിരിക്കണമെന്നത് പ്രവാചകന്മാർ തങ്ങളുടെ ജനതക്ക് കാണിച്ചുകൊടുത്തു.

ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചത് ദൈവത്തെ പൂർണ്ണമായി അനുസരിക്കാനും അതുമൂലം പരീക്ഷണത്തിന് വിധേയമാക്കാനുമാണ്. നന്മയുടെയോ തിന്മയുടെയോ സരണിയിൽ സഞ്ചരിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ദൈവം മനുഷ്യന് നല്കിയിരിക്കുന്നു. ഏതുസരണിയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. എന്നാൽ ദൈവം ആഗ്രഹിച്ച സരണി മനുഷ്യൻ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാർഗ്ഗ ദർശ്ശനം ആവശ്യമാണ്. ഇസ്ലാമിക വീക്ഷണത്തിൽ മാർഗ്ഗ ദർശ്ശനത്തിന്റെ ഉറവിടം പ്രവാചകത്വത്തിൽ ദർശ്ശിക്കാവുന്നതാണ്. കാരുണ്യവാനായ ദൈവം തന്റെ സന്ദേശം മാനവരാശിയെ അറിയിക്കുന്നതിനുവേണ്ടി അതത് കാലഘട്ടത്തിലെ ജനതയിൽ നിന്ന് ഒരോ വ്യക്തിയെ നിയോഗിക്കുകയുണ്ടായി.

> മറ്റുമനുഷ്യർ ജനിച്ചതുപോലെത്തന്നെയാണ് ദൈവത്തിന്റെ പ്രവാചകന്മാരും ജനിച്ചത്. മറ്റുള്ളവർ ജീവിതം നയിച്ചപോലെ അവരും ജീവിതം നയിച്ചു. ദൈവത്തിന്റെ അടിമ ജീവിതത്തിലും സ്വഭാവത്തിലും ഭൂമിയിൽ എങ്ങനെ ആയിരിക്കണമെന്നത് പ്രവാചകന്മാർ തങ്ങളുടെ ജനതക്ക് കാണിച്ചുകൊടുത്തു.

അതുമൂലം ജനങ്ങൾക്ക് ദൈവം ആഗ്രഹിച്ച സരണി തിരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഓരോ കാലഘട്ടത്തിലും തന്റെ സന്ദേശം എത്തിച്ചുകൊടുക്കാൻ ദൈവം തിരഞ്ഞെടുത്ത വ്യക്തിയെ പ്രവാചകൻ അല്ലെങ്കിൽ ദൈവദൂതൻ എന്നുവിളിക്കുന്നു.

ദൈവത്തിന്റെ പ്രതിനിധിയായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളാണ് പ്രവാചകന്മാർ. ദൈവം ഒരു വ്യക്തിയെ പ്രവാചകനായി നിയോഗിക്കുമ്പോൾ ആ വ്യക്തിയുടെ പുതിയ പദവിയെ സംബന്ധിച്ച വിവരം അറിയിക്കാൻ അദ്ദേഹത്തിലേക്ക് ഒരു മലക്കിനെ അയക്കുന്നു. അത്തരം രീതിയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് തന്റെ പ്രവാചകത്വ നിയോഗത്തെ സംബ

ന്ധിച്ച് യാതൊരു സംശയവും ഉണ്ടാവുന്നതല്ല. ദൈവം മലക്ക് മുഖേനെ തന്റെ സന്ദേശം പ്രവാചകന് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതോടൊപ്പം പ്രവാചകൻ തന്റെ കാലഘട്ടത്തിലെ ജനതക്ക് തനിക്ക് ലഭിക്കുന്ന ദൈവിക സന്ദേശം പകർന്നുനല്കുകയും ചെയ്യുന്നു.

ദൈവം മനുഷ്യന് വസ്തുതകൾ ഗ്രഹിക്കാനുള്ള മനസ്സ് നല്കിയിരിക്കുന്നു. എന്നാൽ ആ മനസ്സ് തെളിഞ്ഞ വസ്തുതകൾ മാത്രമെ അംഗീകരിക്കുകയുള്ളു. പക്ഷെ, പ്രത്യക്ഷത്തിൽ കാണുന്നതിനപ്പുറം പലതും മനസ്സ് ഗ്രഹിക്കേണ്ടതുണ്ട്. അത്തരം വസ്തുതകൾ ഗ്രഹിക്കുന്നതിന് ബാഹ്യമായ അറിവുകൾ അപര്യപ്തമാണ്. ഈ ലോകത്തിന്റെ നിഗൂഢമായ യഥാർഥ്യങ്ങൾ നമ്മുടെ മനസ്സിന്റെ സാധ്യതക്കപ്പുറത്താണ്. ദൈവത്തെയും വരാനിരിക്കുന്ന ലോകത്തെയും സംബന്ധിച്ചിടത്തോളം അവ എക്കാലവും അദൃശ്യമായിരിക്കണം. അതുപോലെ, മനുഷ്യന്റെ ബാഹ്യഗോചരങ്ങൾക്ക് അപ്പുറത്തായിരിക്കുകയും വേണം.

പ്രവാചകന്മാർ അദൃശ്യമായ യഥാർഥ്യങ്ങളെ സംബന്ധിച്ച് മനുഷ്യരെ പ്രബുദ്ധരാക്കുന്നു. പ്രവാചകന്മാർ ഈ ലോകത്തിന്റെയും വരാനിരിക്കുന്ന ലോകത്തിന്റെയും യാഥാർഥ്യങ്ങളെ സംബന്ധിച്ച് നിരന്തരം മാനവ രാശിയെ ഉദ്ബോധിപ്പിക്കുന്നു. പൂർണ്ണമായ വിജ്ഞാനത്തിന്റെയും അവബോധത്തിന്റെയും വെളിച്ചത്തിൽ ഒരോ വ്യക്തിയും തന്റെ എക്കാലത്തെയും ജീവിത വിജയത്തിനും നില നിൽപ്പിനും ആവശ്യമായ ഒരു ജീവിത പദ്ധതി രൂപീകരിക്കാൻ പ്രവാചകന്മാരുടെ ജീവിത ചര്യകൾ അനുസരിക്കേണ്ടതുണ്ട്.

ഇനി നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് നാം ദുഃസ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്?

— വിശുദ്ധ ഖുർ,ആൻ, 56: 68-70.

ദൈവമേ, നിനക്ക് മാത്രമെ ഞങ്ങളുടെ ഹൃദയങ്ങൾ മാറ്റാൻ സാധിക്കുകയുള്ളു. അതിനുവേണ്ടി ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. അതുമൂലം ഞങ്ങൾ പൂർണ്ണമായി നിനക്ക് വിധേയരായേക്കാം.

— പ്രവാചകൻ മുഹമ്മദ്(സ)

# പ്രവാചകൻ മുഹമ്മദ്(സ)

**ആ**ഫ്രിക്ക, ഏഷ്യ, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങൾ പരിശോധിച്ചാൽ അവയിൽ അറേബ്യൻ ഉപഭൂഖണ്ഡം പ്രാചീന ലോകത്തിന്റെ മധ്യത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് കാണാം. എന്നിട്ടും ഒരു അധിനിവേശ ശക്തിയും ഭരണാധികാരിയും ആ ഭൂപ്രദേശത്തെ തങ്ങളുടെ അധീനതയിൽ വരുത്താൻ ആഗ്രഹിച്ചിട്ടില്ല. എല്ലാ സേനകളും ഇറാഖ്, സിറിയ, ഫലസ്തീൻ, ലബ്നാൻ എന്നീ പ്രദേശങ്ങളുടെ അതിർത്തിക്കുള്ളിൽ പരമിതപ്പെടുകയുണ്ടായി. അറേബ്യൻ ഉപഭൂഖണ്ഡത്തെ സംബന്ധിച്ചിടത്തോളം അത് യുദ്ധം ചെയ്ത് കീഴൊതുക്കാൻ മാത്രം മൂല്യമുള്ളതായി ആരും പരിഗണിച്ചിരുന്നില്ല. കാരണം, അതിന്റെ തീരങ്ങൾ മൂന്നുസമുദ്രങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. അതുപോലെ അന്തർഭാഗം ഊഷരമായ മരുഭൂമിയും പർവ്വതങ്ങളുമടങ്ങിയതാണ്.

## പ്രാരംഭ കാലം

അറേബ്യയുടെ പട്ടണപ്രാന്തം മക്കയായിരുന്നു. കൃഷി യോഗ്യമല്ലാത്ത പ്രസ്തുത ദേശത്തായിരുന്നു പ്രവാചകൻ മുഹമ്മദ്(സ) എ ഡി 570 ആണ്ട് ഏപ്രിൽ മാസം 22 തീയതി ഭൂജാതനായത്. നബി(സ)യുടെ ജനനത്തിന്റെ ഏതാനും മാസങ്ങൾക്കുമുമ്പുതന്നെ തന്റെ പിതാവ് അബ്ദുല്ലാ ഇബിനു അബ്ദുൽ മുത്വലിബ് മരണപ്പെട്ടിരുന്നു. രണ്ടുവർഷം തന്റെ പിതാമഹനായ അബ്ദുൽ മുത്വലിബിന്റെ സംരക്ഷണത്തിൽ നബി(സ) വളർന്നു. അദ്ദേഹത്തിന്റെ വിയോഗത്തിനുശേഷം പ്രവാചകൻ(സ) അമ്മാവനായ അബൂത്വാലിബിന്റെ സംരക്ഷണത്തിലായി. നബി(സ)യുടെ മദീനാ പലായനത്തിന് മൂന്നുവർഷം മുമ്പ് അബൂത്വാലിബും മരണപ്പെട്ടു. തന്റെ ജീവിതത്തിന്റെ ഏറ്റവും വിഷമ ഘട്ടത്തിൽ ഒരു സംരക്ഷകനുമില്ലാതെ

പ്രവാചകൻ(സ) തനിച്ചായി. എന്നിരിന്നാലും, പ്രകൃതി പ്രവാചകന് ഉന്നതമായ വ്യക്തിത്വം പ്രാദാനം ചെയ്തിട്ടുണ്ടായിരുന്നു. പ്രവാചകന്റെ യൗവനത്തിൽ തന്നെ പരിചയപ്പെട്ടവരെല്ലാം പറയുമായിരുന്നു, ഈ കുട്ടിക്ക് ഉന്നതമായ ഭാവിയുണ്ടെന്ന്.

പ്രവാചകൻ(സ) വളർന്നപ്പോൾ തന്റെ ഉദാത്ത സ്വഭാവം എല്ലാവരിലും സ്വാധീനം ചെലുത്തി. പ്രവാചകൻ(സ) മൃദു ഭാഷിയായിരുന്നു. താനുമായി സംഭാഷണത്തിന് വരുന്ന ആർക്കും അവിടത്തെ ദയ കണ്ട് അദ്ദേഹത്തോട് കടുത്ത ഇഷ്ടം തോന്നുമായിരുന്നു. പരിപൂർണ്ണമായ മധ്യമ വ്യക്തിത്വം, ക്ഷമാ ശീലൻ, സത്യസന്ധൻ, ഉദാര മനസ്കൻ എന്നീ ഗുണങ്ങളാൽ മാനവ ചരിത്രത്തിലെ മാതൃകാ വ്യക്തിത്വമായിമാറി പ്രവാചകൻ(സ). സമൂഹത്തിലെ ഏറ്റവും വലിയ ധീരനും ക്ഷമാ ശീലനും സഹനശീലനുമായി പ്രവാചകൻ അറിയപ്പെട്ടു. അദ്ദേഹം സമൂഹത്തിലെ എല്ലാ തർക്കവിതർക്കങ്ങളിൽ നിന്നും അകന്നുനിൽക്കുമായിരുന്നു. അദ്ദേഹം വ്യർത്ഥമായ സംസാരങ്ങളിലോ ദുർമ്മാർഗ്ഗങ്ങളിലോ ഒരിക്കലും ഇടപെട്ടില്ല. ജനങ്ങൾ തങ്ങളുടെ ഏറ്റവും വിലമതിക്കുന്ന സാധനങ്ങൾ നബി(സ)യുടെ ഉത്തരവാദിത്വത്തിൽ ഏല്പിച്ചുപോകുകയായിരുന്നു പതിവ്. കാരണം, ആ ജനതക്ക് അറിയുമായിരുന്നു പ്രവാചകൻ ഒരിക്കലും ആരെയും വഞ്ചിക്കുകയില്ലെന്ന്. നബി(സ)യുടെ കുറ്റമറ്റ സത്യസന്ധത “പരമ വിശ്വസ്തൻ” എന്ന അപര നാമം പ്രവാചകന് ചാർത്തിക്കൊടുത്തു.

## സത്യാന്വേഷണം

നബി(സ)യുടെ വ്യക്തിത്വത്തിൽ അന്തർലീനമായ ഉദാത്ത സ്വഭാവഗുണങ്ങൾ മക്കയിലെ ധനാഢ്യയായ, വിധവയായ, 40 വയസ്സുകാരി ഖദീജയിൽ മതിപ്പുളവാക്കി. നബി(സ)യുടെ 25 വയസ്സിൽ ഖദീജ(റ) അദ്ദേഹവുമായി വിവാഹാഭ്യർത്ഥന നടത്തി. ദാമ്പത്യം മാത്രമായിരുന്നില്ല ഖദീജ(റ) നല്കിയത്. തന്റെ വ്യാപാരം അറേബ്യക്ക് അകത്തും പുറത്തും വ്യാപിപ്പിക്കുവാനുള്ള മുഴുവൻ ധനവും ആ മഹതി നബി(സ)ക്ക് നല്കി. അങ്ങനെ നബി(സ)ക്ക് ആനന്ദപൂർണ്ണവും വിജിഗീഷുവുമായ ഒരു ജീവിതം നയിക്കാനുള്ള അവസരമുണ്ടായിരുന്നു. എന്നാൽ, പ്രവാചകൻ(സ) ഇവയെല്ലാം ഉപേക്ഷിച്ച് വേറിട്ട ഒരവസ്ഥ തിരഞ്ഞെടുത്തു. ഉദ്ദേശ്യപൂർവ്വം തന്നെ ആനന്ദവും അനുഭൂതികളും തകർക്കുന്ന വഴിയിലൂടെ മാത്രം സഞ്ച

രിച്ചു. വിവാഹത്തിന് മുമ്പ് തന്റെ ജീവിതത്തിനാവശ്യമുള്ള ധനം വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചിരുന്നു. എന്നാൽ വിവാഹാനന്തരം ധന സമ്പാദന മാർഗ്ഗങ്ങളിൽ നിന്ന് അകന്നുനിന്ന് തന്റെ ജീവിതം പൂർണ്ണമായും നീണ്ട സത്യാന്വേഷണത്തിന് സമർപ്പിച്ചു. നാലുമണിക്കൂറോളം തനിച്ചിരുന്നുകൊണ്ട് സൃഷ്ടിപ്പിന്റെ രഹസ്യങ്ങളെ സംബന്ധിച്ച് ഗാഢമായി മനനം ചെയ്യാറുണ്ടായിരുന്നു. മക്കയിലെ ഉന്നതർക്കിടയിൽ സാമൂഹിക സ്ഥാനവും പദവിയും നേടുന്നതിനുപകരം പ്രവാചകൻ(സ) മക്കാ മണലാരണ്യത്തിലൂടെയും കുന്നുകളിലൂടെയും അലഞ്ഞുതിരിയുമായിരുന്നു. പലപ്പോഴും മക്കയിൽ നിന്ന് മൂന്നുമൈൽ ദൂരെയുള്ള ഹിറാ ഗുഹയിൽ ഏകാകിയായി ഇരിക്കുകയും, തന്റെ കയ്യിലുള്ള ഭക്ഷണവും വെള്ളവും തീരുന്നതുവരെ ആ ഏകാന്തതയിൽ നിമഗ്നമാകുകയും ചെയ്യുമായിരുന്നു. ഭക്ഷണ പാനീയങ്ങൾ തീർന്നതിന് ശേഷം വീട്ടിലേക്ക് മടങ്ങുകയും വീണ്ടും ഗാഢമായി ചിന്തിക്കുകയും, പ്രാർത്ഥനക്കുവേണ്ടി പ്രകൃതിയുടെ ഏകാന്തതയിലേക്ക് മടങ്ങുകയും ചെയ്യുമായിരുന്നു. തന്റെ മനസിന്റെ ഉള്ളറയിൽ വിതുമ്പുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനായ് ആകാശ ഭൂമികളുടെ സ്രഷ്ടാവിനോട് യാചിക്കുകയും ചെയ്യുമായിരുന്നു. നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്താണ്? ദൈവം തന്റെ അടിമകളിൽ നിന്ന് എന്താണ് ആവശ്യപ്പെടുന്നത്? എവിടെ നിന്ന് നമ്മൾ വന്നു? മരണാനന്തരം എവിടേക്ക് നമ്മൾ പോകുന്നു? മനുഷ്യന്റെ ഭൗതിക പ്രവർത്തന മണ്ഡലത്തിൽ നിന്ന് ഇതിനുത്തരം കണ്ടെത്താൻ പ്രയാസമായതിനാൽ പ്രവാചകൻ(സ) മരുഭൂമിയുടെ ഏകാന്തതയിൽ തന്നെ സ്വയം ബന്ധിതനാക്കി.

ഭൗതിക മണ്ഡലങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ആ തിരിച്ചറിവ്. അത് രൂഢമൂലമാകുമ്പോൾ ഭൂമിയിൽ തന്റെ ജീവിതത്തിന്റെ നിലനില്പ് എന്തിനെന്ന് ബോധ്യമാകുന്നു. അതവനെ പരിപൂർണ്ണമായും പരിവർത്തിക്കുന്നു. ഉന്നതമായ ആ ജീവിത ശൈലിയുടെ ഉത്തമ മാതൃക പ്രവാചകൻ(സ) മാനവ കുലത്തിന് കാണിച്ചുകൊടുത്തു.

ദൈവം അക്ഷരാർത്ഥത്തിൽ ആ വേദനിപ്പിക്കുന്ന ഭാരങ്ങളിൽ നിന്ന് പ്രവാചകന് ആശ്വാസം നല്കി. തന്റെ കാരുണ്യം പ്രവാചകനിൽ വർഷിപ്പിച്ചു. പ്രാവചകന്റെ അന്വേഷണ പാതയെ പ്രകാശിപ്പി

ക്കുകയും ചെയ്തു. ശേഷം പൂർണ്ണ മാർഗ്ഗ ദർശ്ശനം പ്രവാചകന് നല്കുകയും ചെയ്തു. എ ഡി 610 ആണ്ടിൽ ഫെബ്രുവരി മാസം 12 തീയതിയിൽ പ്രവാചകൻ(സ) ഹിറാ ഗുഹയിൽ നിന്ന് തിരിക്കു മ്പോൾ ദൈവത്തിന്റെ മലക്ക് മനുഷ്യ രൂപത്തിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. വിശുദ്ധ ഖുർ,ആനിലെ അധ്യായം: 96 ലെ ആദ്യ വചനങ്ങൾ പ്രവാചകന് പഠിപ്പിച്ചുകൊടുത്തു. അവസാനം നബി(സ)യുടെ അന്വേഷണത്തിന് ഉത്തരം ലഭിച്ചിരിക്കുന്നു. ദൈവം മാർഗ്ഗ ദർശ്ശനം നല്കുക മാത്രമായിരുന്നില്ല, നബി(സ)യുടെ അക്ഷ മമായ ആത്മാവ് സ്രഷ്ടാവുമായി സംവാദത്തിൽ ഏർപ്പെടുകയുമാ യിരുന്നു. പ്രവാചകൻ(സ) ഈ ലോകത്തേക്കുള്ള അന്ത്യ പ്രവാച കനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അവിടം മുതൽ 23 വർഷം പ്രവാചകൻ(സ) തന്റെ ദൗത്യവുമായി മുന്നോട്ടുനീങ്ങി. ആ കാലഘട്ടത്തിനിടയിൽ അവസാന വേദഗ്രന്ഥമായ പരിശുദ്ധ ഖുർ ,ആന്റെ മുഴുവൻ അധ്യായങ്ങളും അവതീർണ്ണമായി.

പ്രവാചകൻ മുഹമ്മദ്(സ) തന്റെ നാല്പതാമത്തെ വയസ്സിൽ സത്യം കണ്ടെത്തി. ആ സത്യത്തിനുവേണ്ടി ദൈവത്തിന്റെ മുമ്പിൽ മുഖാമുഖം നിന്നു. ദൈവത്തിന്റെ മുമ്പിൽ തന്റെ നിസ്സഹായാവസ്ഥ യുടെയും നിസ്സാരതയുടെയും കണ്ടുപിടുത്തമായിരുന്നു അത്. പ്രവാ ചകന്റെ ദൈവവുമായുള്ള ആത്മസംവാദത്തിലൂടെ വ്യക്തമായത്, ഈ ലോകത്ത് ദൈവത്തിന്റെ സത്യസന്ധരായ അടിമകൾക്ക് അവ കാശങ്ങൾക്കുപകരം ഉത്തരവാദിത്വങ്ങളാണ് ഉള്ളതെന്നതായിരുന്നു.

പരമ യാഥാർഥ്യത്തെ പുല്കിയ ശേഷം ജീവിതത്തോടുള്ള കാഴ്ചപ്പാട് പ്രവാചകൻ(സ) ഈ വരികളിലൂടെ വ്യക്തമാക്കുന്നു:

ഒമ്പതുകാര്യങ്ങൾ ദൈവം എന്നോട് കല്പിച്ചിരിക്കുന്നു:

രഹസ്യവും പരസ്യവുമായ ജീവിതത്തിൽ ദൈവത്തെ സൂക്ഷി ക്കുക;

കോപത്തിലും ശാന്തതയിലും നിഷ്പക്ഷത പുലർത്തുക;

സമൃദ്ധിയിലും ദാരിദ്ര്യത്തിലും മിതത്വം പാലിക്കുക;

എന്നിൽ നിന്ന് അകലുന്നവരോട് ഞാനടുക്കണം;

എനിക്ക് വിലക്കുന്നവന് ഞാൻ നല്കണം;

എന്നെ ഉപദ്രവിക്കുന്നവന് ഞാൻ മാപ്പുനല്കണം;

എന്റെ നിശബ്ദത ധ്യാനമാകണം;

എന്റെ സംസാരം ദൈവസ്മരണയാകണം;

എന്റെ ദർശ്ശനം നിരീക്ഷണമാകണം.

അവ വെറുമൊരു വാചാലതയായിരുന്നില്ല, മറിച്ച് തന്റെ ജീവിതത്തെ സംബന്ധിച്ചുള്ള പ്രതിഫലനമായിരുന്നു. ഹൃദയഹാരിയും ഫലപ്രദവുമായ വചനങ്ങൾ ശൂന്യമായ് നിർഗ്ഗമിക്കുകയില്ല. അവ സ്വയം സംസാരിക്കുന്നവന്റെ പദവിയെ സൂചിപ്പിക്കുന്നു. തന്റെ ആന്തരിക സ്വത്വത്തിന്റെയും ശമിപ്പിക്കാനാകാത്ത അഭിവാഞ്ഛയുടെയും ബഹിസ്ഫുരണമാണ് പ്രവാചകനിൽ നിന്ന് വചനാമൃതായി ഒഴുകിയത്.

അത്തരത്തിലായിരിക്കും ദൈവത്തിന്റെ വിശ്വസ്തരായ അടിമകൾ തങ്ങളുടെ ദിവസങ്ങൾ ചെലവഴിക്കുന്നത്. ചിലപ്പോൾ തന്റെ ആത്മാവിന്റെ ദാഹത്താൽ നാഥനുമായി വളരെ സാമീപ്യം പ്രാപിക്കുന്നു. ആ അവസ്ഥയിൽ തന്റെ നാഥനുമായി സംവദിക്കുന്നു. ചിലപ്പോൾ വിചാരണക്കുവേണ്ടി നാഥന്റെ മുമ്പിൽ കൊണ്ടുവരപ്പെടുന്ന ദിവസത്തെ ഭയന്ന് സ്വയം വിചാരണക്ക് വിധേയനാകുന്നു. ചില സന്ദർഭങ്ങളിൽ ദൈവത്തിന്റെ സൃഷ്ടി മഹാത്മ്യത്തിൽ നിമഗ്നമായി, ദൈവം അതിൽ നിക്ഷേപിച്ച ഗാംഭീര്യത്തെ ദർശ്ശിക്കാൻ തുടങ്ങുന്നു. അതുപ്രകാരം തന്റെ സമയം ദൈവത്തെയും സത്യത്തെയും ചുറ്റുമുള്ള ലോകത്തെയും അഭിമുഖീകരിച്ചുകൊണ്ട് വിനിയോഗിക്കുന്നു. അതോടൊപ്പം സമയത്തെ തന്റെ ഭൗതികാവശ്യങ്ങൾക്കുവേണ്ടിയും വിനിയോഗിക്കുന്നു.

പ്രവാചകൻ മുഹമ്മദ്(സ) തന്റെ നാല്പതാമത്തെ വയസ്സിൽ സത്യം കണ്ടെത്തി. ആ സത്യത്തിനുവേണ്ടി ദൈവത്തിന്റെ മുമ്പിൽ മുഖാമുഖം നിന്നു. ദൈവത്തിന്റെ മുമ്പിൽ തന്റെ നിസ്സഹായാവസ്ഥയുടെയും നിസ്സാരതയുടെയും കണ്ടുപിടുത്തമായിരുന്നു അത്. പ്രവാചകന്റെ ദൈവവുമായുള്ള ആത്മസംവാദത്തിലൂടെ വ്യക്തമായത്, ഈ ലോകത്ത് ദൈവത്തിന്റെ സത്യസന്ധരായ അടിമകൾക്ക് അവകാശങ്ങൾക്കുപകരം ഉത്തരവാദിത്വങ്ങളാണ് ഉള്ളതെന്നായിരുന്നു.

ആ വചനങ്ങൾ ഏതെങ്കിലുമൊരു അപരിചിതനായ വ്യക്തിയുടെ വിശദീകരണമല്ല; വിശ്വാസത്തിന്റെ പ്രകാശ കിരണത്തിൽ നിന്ന് പ്രശോഭിതമായ പ്രവാചകന്റെ മനസ്സിൽ നിന്ന് നിർഗ്ഗളിച്ച വചനങ്ങളാണത്. പ്രവാചക ജീവിതത്തിന്റെ സമഗ്ര ഭാവമായിരുന്നു അത്തരം നിമിഷങ്ങൾ. ആ അവസ്ഥ അനുഭവിക്കാത്ത ഒരു വ്യക്തിക്കും അത്തരം ഉയർന്ന രീതിയിൽ അവ വിശദീകരിക്കുവാൻ സാധ്യമല്ല. ആ വചനങ്ങൾ ബഹിർഗ്ഗമിച്ച ആത്മാവ് സ്വയം തന്നെ അവ വർണ്ണിക്കുന്ന അവസ്ഥയിൽ തന്നെ ആയിരുന്നു. പൂർണ്ണ ആത്മീയത വെളിപ്പെടുത്തുന്ന വചനങ്ങളിലൂടെ പ്രവാചകൻ(സ) മറ്റുള്ളവരുമായി ആശയ വിനിമയം നടത്തി.

പ്രവാചകൻ ദൈവിക സന്ദേശം സ്വീകരിക്കുന്നതിന് മുമ്പുതന്നെ എല്ലാ ന്യൂനതകളും പരിമിതികളുമുള്ള ഈ ലോകം പ്രവാചകന്റെ മുമ്പിൽ അർത്ഥശൂന്യമായി പ്രത്യക്ഷപ്പെട്ടിരുന്നു. എന്നാലിപ്പോൾ ഈ ലോകത്തിനപ്പുറത്ത് അനശ്വരവും പൂർണ്ണവുമായ മറ്റൊരു ലോകമുണ്ടെന്ന് പ്രവാചകന് ദൈവം അരുൾ ചെയ്തിരിക്കുന്നു. ആ ലോകമാണ് മനുഷ്യന്റെ യഥാർത്ഥ സങ്കേതം എന്നറിഞ്ഞപ്പോൾ ജീവിതത്തിനും പ്രപഞ്ചത്തിനും പുതിയ അർത്ഥങ്ങൾ ലഭിച്ചു. തന്റെ മനസ്സിനെയും ആത്മാവിനെയും സ്വയം ഉൾപ്പെടുത്താൻ പറ്റുന്ന ഒരു മാർഗ്ഗം പ്രവാചകൻ(സ) കണ്ടെത്തി. തന്റെ ജീവിതത്തിലെ മുഴുവൻ പരിശ്രമങ്ങളുടെ ലക്ഷ്യവും, തന്റെ ആഗ്രഹാഭിലാഷങ്ങളുടെ ലക്ഷ്യവും, തന്റെ ആത്മാവിനെയും മനസ്സിനെയും നിക്ഷേപിക്കേണ്ടതുമായ ആ യഥാർത്ഥ ലോകത്തെ പ്രവാചകൻ(സ) കണ്ടെത്തി.

ഭൗതിക മണ്ഡലങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ആ തിരിച്ചറിവ്. അത് രൂഢമൂലമാകുമ്പോൾ ഭൂമിയിൽ തന്റെ ജീവിതത്തിന്റെ നിലനില്പ് എന്തിനെന്ന് ബോധ്യമാകുന്നു. അതവനെ പരിപൂർണ്ണമായും പരിവർത്തിക്കുന്നു. ഉന്നതമായ ആ ജീവിത ശൈലിയുടെ ഉത്തമ മാതൃക പ്രവാചകൻ(സ) മാനവ കുലത്തിന് കാണിച്ചുകൊടുത്തു. പ്രവാചകൻ(സ) തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം, ഒരുവന് തന്റെ നിലനില്പിന്റെ ഭൂമിക മാറ്റാത്തകാലത്തോളം തന്റെ കർമ്മ ഭൂമിക മാറ്റാൻ സാധ്യമല്ല എന്നത്രെ!

പ്രവാചകൻ മുഹമ്മദ്(സ) പരലോക ജീവിത യഥാർഥ്യം തിരിച്ചറിഞ്ഞപ്പോൾ തന്റെ അഖില ജീവിതത്തെയും ആ യാഥാർഥ്യ

ബോധം സ്വാധീനിച്ചു. പ്രവാചകൻ(സ) ഉൽക്കടമായി സ്വർഗ്ഗത്തെ കാംക്ഷിക്കുന്നവനായി. അതോടൊപ്പം, ജനങ്ങൾക്ക് സ്വർഗ്ഗത്തെപ്പറ്റി സന്തോഷ വാർത്ത അറിയിക്കുകയും ചെയ്തു. നരകത്തെ സംബന്ധിച്ച് ജനങ്ങൾക്ക് താക്കീത് നല്കുകയും ചെയ്തു. വരാനിരിക്കുന്ന ജീവിതത്തെ സംബന്ധിച്ചുള്ള ഉൽക്കടമായ ചിന്ത പ്രവാചകന്റെ അന്തരങ്ങളിൽ വിതുമ്പലുളവാക്കി. ചില സന്ദർഭങ്ങളിൽ ആ വിതുമ്പൽ തന്റെ ചുണ്ടുകളിലൂടെ പ്രാർത്ഥനാ ശകലങ്ങളായി വരും. മറ്റുചില സന്ദർഭങ്ങളിൽ അത് ഹൃദയത്തിന്റെ പശ്ചാത്താപമായി മാറും. സാധാരണ മനുഷ്യരിൽ നിന്ന് തീർത്തും വ്യത്യസ്തമായ അവസ്ഥയിൽ പ്രവാചകൻ(സ) ജീവിച്ചു. വിവിധ സംഭവങ്ങളിലൂടെ അക്കാര്യങ്ങൾ വിശദീകരിക്കപ്പെട്ടിരിക്കുന്നു. അവയിൽ ചിലത് ഇവിടെ പ്രസ്താവിക്കുന്നു.

ഭൗതിക ലോകം പരലോകത്തേക്കുള്ള കൃഷിയിടം മാത്രമാണ്. ആ യാഥാർഥ്യം തിരിച്ചറിഞ്ഞവൻ പരലോക ജീവിതത്തിലധിഷ്ഠിതമായി ജീവിക്കുന്നു. അതായത്, ജീവിതത്തിലെ എല്ലാ പരിശ്രമങ്ങളുടെയും ലക്ഷ്യം അനന്തമായ പരലോക ജീവിത വിജയമാണെന്ന് കരുതുന്ന ഒരു ജീവിതമാണത്. ജീവിതത്തിലെ എല്ലാ മൂല്യങ്ങളും നൈമിഷികമായ ഭൗതിക ലോകത്തിന് അപ്പുറത്ത് മരണാനന്തര ജീവിതത്തെ ലക്ഷ്യം വെക്കുന്നു.

നബി(സ)യുടെ അഖില ജീവിതവും പരലോക ചിന്തയിൽ വാർത്തെടുക്കപ്പെട്ടതായിരുന്നു. പ്രവാചകൻ(സ) തന്റെ മക്കളെ സ്നേഹിച്ചു. പക്ഷെ, അത് ഭൗതികമായ അർത്ഥത്തിലായിരുന്നില്ല. ഒരിക്കൽ, നബി(സ)യുടെ പുത്രി ഫാത്തിമ(റ)യുടെ ഭർത്താവായ അലി(റ) ഫാത്തിമ(റ)യെ സംബന്ധിച്ച് ഒരു കാര്യം പറഞ്ഞു. അതായത്, ഫാത്തിമയുടെ കരങ്ങൾ സ്ഥിരമായ വീട്ടുജോലി കാരണമായി തഴമ്പുവന്ന് പൊട്ടിയിരിന്നു. വെള്ളം കൊണ്ടുവന്ന് അവളുടെ കഴുത്തിന് വേദന വന്നിരിക്കുന്നു. നിലം തൂത്തുവാരി അവളുടെ വസ്ത്രങ്ങളെല്ലാം അഴുക്കായിരിക്കുന്നു. ആ സമയം പ്രവാചകന്റെ സന്നിധിയിൽ വേലചെയ്യുന്നവർ ഒരുപാട് വന്നിരിക്കുന്നതിനാൽ അലി(റ) ഭാര്യയോട് പിതാവിന്റെ പക്കലുള്ള ജോലിക്കാരിൽ ഒരാളെ സഹായത്തിനായ് അവശ്യപ്പെടാൻ അഭ്യർത്ഥിച്ചു. മകൾ പിതാവിനെ കാണാൻ പോയെങ്കിലും തിരക്കുകാരണം സംസാരിക്കാൻ കഴിഞ്ഞില്ല. അടുത്ത ദിവസം പ്രവാചകൻ(സ) മകളുടെ വീട്ടിൽ വന്ന് ചോദി

ച്ചു: "എന്തിനായിരുന്നു ഇന്നലെ എന്നെ കാണാൻ വന്നിരുന്നത്?" അലി(റ) എല്ലാം വിശദീകരിച്ചുകൊണ്ട്, താനായിരുന്നു ഫാത്തിമയെ പ്രവാചകന്റെ പക്കലേക്ക് അയച്ചതെന്ന് പറഞ്ഞു. പ്രവാചകൻ(സ) പ്രതിവചിച്ചു: "ദൈവത്തെ സൂക്ഷിക്കുക ഫാത്തിമാ. ദൈവത്തോടുള്ള കടമകൾ നീ പൂർത്തീകരിക്കുക. അതോടൊപ്പം, നിന്റെ വീട്ടുജോലി നീ തുടരുക. രാത്രി ഉറങ്ങുന്നതിനുമുമ്പ് 33 തവണ നീ അല്ലാഹുവിനെ സ്തുതിക്കുക. അത്ര തന്നെ അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. 34 തവണ അവന്റെ നാമം പ്രകീർത്തിക്കുക. അങ്ങനെ നൂറ് പൂർത്തിയാക്കുക. അതുനിനക്ക് ഒരു ഭൃത്യനെ ലഭിക്കുന്നതിനെക്കാൾ വലുതായിരിക്കും." അതുകേട്ടപ്പോൾ ഫാത്തിമ(റ) പറഞ്ഞു: "ദൈവത്തിന്റെയും അവന്റെ ദൂതന്റെയും ഇഷ്ടം അതാണെങ്കിൽ എന്റെയും ഇഷ്ടം അതാണ്." പ്രവാചകൻ(സ) മകൾക്ക് ഭൃത്യനെ നൽകിയില്ല.

ഈ പ്രപഞ്ചം സ്വയം ഉണ്ടായതല്ല. ഏകനായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു. അവൻ അതിനെ നിരന്തരം നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ മനുഷ്യരും ദൈവത്തിന്റെ അടിമകളാണ്. അവരുടെ കർമ്മങ്ങൾക്കെല്ലാം ദൈവത്തോടവർ ഉത്തരവാദികളാണ്. മരണം മനുഷ്യ ജീവിതത്തിന്റെ അന്ത്യമല്ല; മറിച്ച്, ശാശ്വതമായ ജീവിതത്തിന്റെ ആരംഭം മാത്രമാണ്. മരണാനന്തരം നന്മയുടെ പ്രയോക്താക്കൾ സ്വർഗ്ഗത്തിലും, തിന്മയുടെ പ്രയോക്താക്കൾ നരകത്തിലുമായിരിക്കും. അതെല്ലാമായിരുന്നു പ്രവാചകനോട് ദൈവം അരുളിയ പരമ സത്യം. ദൈവിക സന്ദേശത്തിന്റെ വെളിപാടുകൾ എല്ലാവർക്കും എത്തിക്കാനുള്ള കല്പന പ്രവാചകന് ലഭിച്ചു. അപ്രകാരം, സഫാ കുന്നുകളുടെ മുകളിൽ കയറി പ്രവാചകൻ(സ) എല്ലാവരെയും ഉച്ചൈസ്തരം വിളിച്ചു. ദൈവത്തെ പ്രകീർത്തിച്ചതിനുശേഷം പ്രവാചകൻ(സ) അവരോട് പറഞ്ഞു: "നിങ്ങൾ ഉറങ്ങുന്നതുപോലെ മരണമടയുകയും, ഉറക്കത്തിൽ നിന്ന് ഉണരുന്നതുപോലെ മരണാനന്തരം ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. നിങ്ങളുടെ കർമ്മങ്ങൾ വിചാരണ ചെയ്യപ്പെടും. നന്മക്ക് നന്മയുടെ പ്രതിഫലവും, തിന്മക്ക് തിന്മയുടെ പ്രതിഫലവും നല്കപ്പെടും. നന്മയുടെ വക്താക്കൾ സ്വർഗ്ഗത്തിലേക്കും തിന്മയുടെ വക്താക്കൾ നരകത്തിലേക്കും മാറ്റപ്പെടും."

പ്രവാചക അധ്യാപനങ്ങളുടെ അടിസ്ഥാനപരമായ ഊന്നൽ

പരലോക ജീവിതവുമായി ബന്ധപ്പെട്ടതാണ്. ഒരു കാരണവശാലും പ്രവാചക അധ്യാപനങ്ങളുടെ ഊന്നൽ ഭൗതിക പ്രശ്നങ്ങളുടെ മേൽ ആയിരുന്നില്ല. മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നം തന്റെ ശാശ്വത ജീവിതത്തിന്റെ വിധികളുമായി ബന്ധപ്പെട്ടതാണ്. മറ്റ് അഖില പ്രശ്നങ്ങളും നൈമിഷികമാണ്. അവസാനിക്കുന്ന ഭൗതിക ജയപരാജയങ്ങൾക്ക് ഒരർത്ഥവുമില്ല. ജയപരാജയങ്ങൾ ഇല്ലാത്ത, അനശ്വരമാകുന്ന, വരാനിരിക്കുന്ന ലോകമായിരിക്കണം മനുഷ്യന്റെ ശ്രദ്ധാ കേന്ദ്രം.

ഉന്നതാതിഷ്ഠരായ വ്യക്തികളെക്കൊണ്ട് സമൂഹങ്ങളെ നിർമ്മിക്കുക എന്നതായിരുന്നു നബി(സ)യുടെ ലക്ഷ്യം. അത്തരം മഹിത ഗുണങ്ങളുള്ള വ്യക്തികൾ ഉണ്ടെങ്കിലേ ഉന്നത സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. അഗാധമായ പരലോക ചിന്തയിൽ നിന്ന് മാത്രമെ സത്യസന്ധമായ, സ്ഥായിയായ ധാർമ്മികത ഉടലെടുക്കുകയുള്ളു. പരലോക വിശ്വാസമെന്നാൽ നാം ആഗ്രഹിക്കുന്നതൊന്നും ചെയ്യാൻ സ്വാതന്ത്ര്യമില്ലാത്ത അവസ്ഥ എന്നല്ല; മറിച്ച്, നാം ചെയ്യുന്ന കർമ്മങ്ങളെല്ലാം അല്ലാഹുവാൽ വിചാരണ ചെയ്യപ്പെടും എന്ന യാഥാർഥ്യ ബോധമാണ്. ആ വിശ്വാസം മനുഷ്യനെ അച്ചടക്കമുള്ളവനും ഉത്തരവാദിത്വമുള്ളവനുമാക്കുന്നു. വിശുദ്ധ ഖുർ,ആനും പ്രവാചക ജീവിതവും വായിക്കുന്നവന് മനസ്സിലാകുന്നത് പരലോക ജീവിതമാണ്. അവയിൽ ഏറ്റവുമധികം പ്രതിപാദിച്ചിരിക്കുന്നത് പരലോക ജീവിതമായിരിക്കും. മറ്റ് വിഷയങ്ങളെല്ലാം സാന്ദർഭികമായാണ് പ്രതിപാദിച്ചിരിക്കുന്നത്. പ്രവാചക ദൗത്യത്തിന്റെ മൗലിക ലക്ഷ്യം ജനങ്ങളുടെ ശ്രദ്ധ പരലോക ജീവിതത്തിന്മേൽ കേന്ദ്രീകരിപ്പിക്കുക എന്നതായിരുന്നു.

പ്രവാചക അധ്യാപനങ്ങളുടെ അടിസ്ഥാനപരമായ ഊന്നൽ പരലോക ജീവിതവുമായി ബന്ധപ്പെട്ടതാണ്. ഒരു കാരണവശാലും പ്രവാചക അധ്യാപനങ്ങളുടെ ഊന്നൽ ഭൗതിക പ്രശ്നങ്ങളുടെ മേൽ ആയിരുന്നില്ല. മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നം തന്റെ ശാശ്വത ജീവിതത്തിന്റെ വിധികളുമായി ബന്ധപ്പെട്ടതാണ്.

## പുണ്യ ഗ്രന്ഥങ്ങൾ:

### ഖുർ,ആൻ

ദൈവത്തിൽ നിന്ന് അവതീർണ്ണമായ ഗ്രന്ഥമാണ് ഖുർ,ആൻ. 114 അധ്യായങ്ങളടിങ്ങിയ ഗ്രന്ഥരൂപത്തിൽ ഇന്നത് നിലനിൽക്കുന്നു. സാഹചര്യങ്ങൾക്ക് അനുസൃതം അല്പാല്പമായി മലക്ക് ജിബ്രീൽ മുഖേനെ അവതീർണ്ണമാക്കപ്പെട്ട ദൈവിക വെളിപ്പാടുകളുടെ സമാഹാരമാണ് ഖുർ,ആൻ. ഖുർ,ആൻ ദൈവത്തിൽ നിന്ന് അവതീർണ്ണമാക്കപ്പെട്ട ഗ്രന്ഥമാണ്; മനുഷ്യനാൽ രചിക്കപ്പെട്ട ഗ്രന്ഥമല്ല. യഥാർത്ഥമായ ദൈവിക വചനം മനുഷ്യ ഭാഷയിൽ അവതീർണ്ണമായ ഗ്രന്ഥമാണത്. എ ഡി 610 ആണ്ടിൽ മക്കയിൽ നിന്ന് മൂന്നുമൈൽ ദുരെയുള്ള നൂർ പർവ്വതത്തിലെ ഹിറാ ഗുഹയിൽ പ്രവാചകൻ(സ) തന്റെ ഏകാന്ത ചിന്തയിലായിരുന്നപ്പോൾ മലക്ക് ജിബ്രീൽ മുഖേനെ വിശുദ്ധ ഖുർ,ആൻ അവതരിക്കാൻ ആരംഭിച്ചു. ഖുർ,ആൻ ഗ്രന്ഥരൂപത്തിൽ ഒരൊറ്റ സമയത്ത് അവതരിക്കപ്പെട്ട വേദമല്ല. ഖുർ,ആന്റെ വിവിധ ഭാഗങ്ങൾ വിവിധ സന്ദർഭങ്ങളിൽ അവതരിക്കപ്പെടുകയായിരുന്നു. നബി(സ)യുടെ അവസാന ദിനങ്ങളിൽ മദീനയിൽ വെച്ചായിരുന്നു വിശുദ്ധ ഖുർ,ആൻ പൂർത്തീകരിക്കപ്പെട്ടത്. ദൈവിക സന്ദേശം അവതരിച്ചുപൂർത്തിയായത് 23 വർഷം കൊണ്ടായിരുന്നു. എ ഡി 662 ആണ്ടിൽ പ്രവാചകൻ(സ) തന്റെ ഹജ്ജുകർമ്മ നിർവ്വാഹണത്തിനുശേഷം അറഫാ മൈതാനത്തുവെച്ച് ജനങ്ങളെ അഭിസംബോധന ചെയ്യുമ്പോഴായിരുന്നു ഖുർ,ആനിലെ അവസാനത്തെ വരി അവതീർണ്ണമാക്കപ്പെട്ടത്.

### ഖുർ,ആന്റെ ആശയം

ഖുർ,ആന്റെ മുഖ്യമായ സന്ദേശം, ജനങ്ങളെ ദൈവിക

സൃഷ്ടിപദ്ധതിയെ സംബന്ധിച്ച് ബോധ്യപ്പെടുത്തുക എന്നതാണ്. ദൈവിക സൃഷ്ടിപദ്ധതി പ്രകാരം മനുഷ്യനെ അനശ്വര ജീവിയായി സൃഷ്ടിച്ച സ്രഷ്ടാവ് മനുഷ്യ ജീവിതം രണ്ടായിഭാഗിച്ചു. മരണത്തിനുമുമ്പ്, മരണാനന്തരം എന്നിങ്ങനെ. മരണത്തിനുമുമ്പുള്ള കാലഘട്ടത്തിൽ മനുഷ്യനെ പരീക്ഷണത്തിന് വിധേയനാക്കുന്നു. മരണത്തിന് ശേഷമുള്ള കാലഘട്ടത്തിൽ പ്രതിഫലമോ ശിക്ഷയോ നല്കപ്പെടും. മരണത്തിന് മുമ്പുള്ള കാലഘട്ടം നശ്വരം; ശേഷമുള്ള കാലഘട്ടം അനശ്വരം.

മനുഷ്യന്റെ ബുദ്ധിപരമായ പരിവർത്തനത്തിലേക്കാണ് ഖുർ,ആൻ ലക്ഷ്യം വെക്കുന്നത്. അതിലെ സകല അധ്യാപനങ്ങളും ആത്മീയമാണ്. അതിലെ സകല വചനങ്ങളും മനുഷ്യ മനസ്സിനെ അഭിസംബോധന ചെയ്യുന്നു. ആ വചനങ്ങളുടെ അകക്കാമ്പ് പ്രകൃതിയുടെ മേലുള്ള ഗാഢമായ വിചിന്തനമാണ്. അതിന് ഖുർ,ആൻ പ്രയോഗിച്ച പദാവലികൾ തഫക്കൂർ, തദബ്ബൂർ, തവസ്സൂം എന്നിവയാണ്. ഖുർ,ആൻ പ്രയോഗ തലത്തിൽ മനുഷ്യന്റെ ആത്മീയ സ്വഭാവത്തിന്റെ നവ ജാഗരണത്തിന് യത്നിക്കുന്നു. അതോടൊപ്പം ദേശീയ അന്തർ ദേശീയ തലത്തിൽ സമാധാനത്തിനും യത്നിക്കുന്നു.

ഖുർ,ആൻ അധ്യാപനത്തിൽ അക്രമത്തിന് ഒരു സ്ഥാനവുമില്ല. ഇസ്ലാം മാനവന് സ്വാതന്ത്ര്യം നല്കുന്നുവെങ്കിലും ആ സ്വാതന്ത്ര്യം അക്രമത്തിന് കാരണമാകാതെ നിയന്ത്രിക്കപ്പെടണം.

കൂടാതെ, ഖുർ,ആൻ അതിന്റെ സ്വഭാവത്തിന്റെ മാതൃകയായി മുഹമ്മദുനബി(സ)യെ അവതരിപ്പിക്കുന്നു. പ്രവാചകൻ(സ) ജീവിതത്തിന്റെ സമഗ്ര മേഖലകളിലും ഖുർ,ആനിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഒരു മാതൃക പ്രകടിപ്പിച്ചു. ഒരുവന് ഖുർ,ആൻ തത്വങ്ങൾ അറിയണമെങ്കിൽ ഖുർ,ആൻ പഠിക്കാവുന്നതാണ്. അതുപോലെ ഒരുവന് ഖുർ,ആനിക സ്വഭാവത്തിന്റെ മാതൃകാ രൂപം പരിചയപ്പെടണമെങ്കിൽ നബി(സ)യുടെ ജീവിതം പഠിക്കാവുന്നതാണ്. അത് സീറ എന്ന പേരിൽ അറിയപ്പെടുന്നു.

ബഹുമത സമൂഹത്തിൽ ഖുർ,ആൻ വളരെ പ്രായോഗികമാണ്. ഖുർ,ആൻ നല്കുന്ന ഫോർമുല, "നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം." എന്നാണ്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ,

‘ഒന്നിനെ പിന്തുടരുക, എല്ലാത്തിനെയും ബഹുമാനിക്കുക’. ഈ ഫോർമുല പ്രസിദ്ധമാർന്ന, ‘സമാധാനപൂർണ്ണമായ സഹവർത്തിത്വം ലോക നിലനിൽപ്പിന്റെ ഏക മാർഗ്ഗം.’ എന്ന തത്വത്തെ അടിസ്ഥാന പ്പെടുത്തിയുള്ളതാണ്.

ദൈവം എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യം നല്കിയിട്ടുണ്ടെ ന്നതാണ് സാമൂഹിക ജീവിതത്തെ സംബന്ധിച്ച് ഇസ്‌ലാമികാധ്യാ പനം. ജനങ്ങൾ തങ്ങളുടെ ജീവിതം ചില നിയന്ത്രണങ്ങളോടെ നയിക്കണമെന്ന് ഈ സ്വാതന്ത്ര്യം ആവശ്യപ്പെടുന്നു. കാരണം, അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുവദിക്കുകയാണെങ്കിൽ സാമൂ ഹിക ജീവിതത്തിന്റെ തകർച്ചയിലും സംഘട്ടനത്തിലുമായിരിക്കും അത് കലാശിക്കുക.

ഖുർ,ആനിൽ ഏറ്റവുമധികം ആവർത്തിച്ച പ്രാർഥനാ വചനം, “കാരുണ്യവാനും കരുണാനിധിയുമായ ദൈവത്തിന്റെ നാമത്തിൽ” എന്നാണ്. 114 തവണ ആവർത്തിച്ച ഈ പ്രാർത്ഥനാ വചനം ഏറെ പ്രാധാന്യമർഹിക്കുന്നു. ഏതൊരു കർമ്മത്തിനും ഒരാരംഭമുണ്ടാക ണം. ഖുർ,ആനിക താത്പര്യത്തിൽ, മനുഷ്യൻ ആരംഭിക്കുന്ന ഏതൊരു കർമ്മവും ദൈവിക നാമം ഉച്ചരിച്ചുകൊണ്ടായിരിക്കണം. അപ്രകാരം എല്ലാ മനുഷ്യനും ദൈവത്തിന്റെ കാരുണ്യവും ദയാവായ്പും സദാസമയവും ഓർക്കുന്നു.

ഖുർ,ആനികാധ്യാപനം പ്രധാനമായും രണ്ടുതലക്കെട്ടിൽ ചുരുക്കാം. 1) ദൈവത്തിന്റെ ഏകത്വം: ഏക ദൈവ വിശ്വാസവും, അവനോട് മാത്രമുള്ള പ്രാർത്ഥനയും. 2) മാനവ സാഹോദര്യം: എല്ലാ മനുഷ്യരും സമന്മാരാണ്, അവരുടെ അവകാശങ്ങളും സമമാണ്. ഈ രണ്ടുതത്വങ്ങൾ ഏക ദൈവ വിശ്വാസമായും നീതിയായും അവ തരിക്കപ്പെട്ടിരിക്കുന്നു.

## മാനവ സ്നേഹം

ഖുർ,ആനിലെ 114 അധ്യായങ്ങളിലെ ആറായിരത്തിലധികം വരുന്ന വചനങ്ങളുടെ ലക്ഷ്യം, ദൈവത്തെ ആരാധിക്കുകയും മാന വഗുണം കാംക്ഷിക്കുകയും ചെയ്യുക എന്ന രണ്ട് മഹിത ഗുണങ്ങ ളുള്ള വ്യക്തികളെ വാർത്തെടുക്കലാണ്. ഖുർ,ആനിക തത്വ ശാസ്ത്ര പ്രകാരം മനുഷ്യ ജീവിതം ദൈവവും മാനവതയുമായി ചുറ്റിപ്പിണ ഞ്ഞതാണ്. ഒരു വശത്ത് മനുഷ്യന്റെ സ്രഷ്ടാവായ ദൈവം,

മറുവശത്ത് മനുഷ്യൻ. സ്രഷ്ടാവിനെ സംബന്ധിച്ച് ഉന്നത വിചാരം മനുഷ്യൻ വളർത്തിയെടുക്കാൻ ഖുർ,ആൻ പ്രോത്സാഹിപ്പിക്കുന്നു. ആ വിചാരത്തിന്റെ പ്രതിഫലനങ്ങൾ സ്രഷ്ടാവിനോടുള്ള ആരാധനയായി പരിണമിക്കുന്നു. അതോടൊപ്പം മനുഷ്യരോടുള്ള ആർദ്രതയും ദയാവായ്പും അവന്റെ മനസ്സിൽ സദാ സമയവും ഉണ്ടായിരിക്കണം. യഥാർത്ഥ മുസ്ലീമാവാൻ ഈ രണ്ട് ഗുണങ്ങളുടെ കൂടിച്ചേരൽ അനിവാര്യമാണ്.

ദൈവേച്ഛക്ക് അനുസൃതമായി സ്വന്തത്തെ വാർത്തെടുക്കുന്നതിലേക്കും അതിന്റെ പരിശോധനയിലൂടെ സ്വഭാവത്തെ രൂപീകരിക്കുന്നതിലേക്കുമാണ് ഖുർ,ആൻ ഊന്നൽ നല്കുന്നത്.

ഖുർ,ആൻ പറയുന്നു: ദൈവം മനുഷ്യന് എണ്ണമറ്റ അനുഗ്രഹങ്ങൾ നല്കുകയും ചെയ്തു. ദൈവത്തിന്റെ അനുഗ്രങ്ങൾ പറ്റുന്ന മനുഷ്യൻ ആ അനുഗ്രഹ ദാതാവിനോട് കടപ്പെട്ടിരിക്കുന്നു. എല്ലാത്തിനെക്കാളും കൂടുതൽ മനുഷ്യൻ ദൈവത്തെ സ്നേഹിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടുന്നതാണ്. താൻ എല്ലാത്തിനും ദൈവത്തോട് സ്വയം ഉത്തരവാദിയാണെന്ന ബോധം മനുഷ്യനുണ്ടാവണം.

ദൈവേച്ഛക്ക് അനുസൃതമായി സ്വന്തത്തെ വാർത്തെടുക്കുന്നതിലേക്കും അതിന്റെ പരിശോധനയിലൂടെ സ്വഭാവത്തെ രൂപീകരിക്കുന്നതിലേക്കുമാണ് ഖുർ,ആൻ ഊന്നൽ നല്കുന്നത്.

കൂടാതെ ഖുർ,ആൻ പറയുന്നു: ഭൗതിക ലോകം പരീക്ഷണ ഭൂമിയാണ്. ദൈവത്തിന്റെ ഇച്ഛക്ക് അനുസൃതമായി ജീവിക്കാൻ മനുഷ്യൻ പര്യാപ്തനാണോ എന്ന് പരീക്ഷിക്കാൻ വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഭൂമിയാണ് വർത്തമാന ലോകം. മരണാനന്തര ജീവിതത്തിൽ സ്വർഗ്ഗത്തിന് യോഗ്യനാണോ എന്ന് നിർണ്ണയിക്കുക മനുഷ്യന്റെ ഭൂമിയിലെ ഈ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഖുർ,ആനിക പരിപ്രേക്ഷ്യത്തിൽ ദൈവിക സാമീപ്യത്തിന്റെ മറ്റൊരു നാമമാണ് സ്വർഗ്ഗം. ദൈവ വിശ്വാസത്തിൽ ആത്മാർത്ഥതയും ദൈവത്തിന്റെ സൃഷ്ടികളോട് അനുകമ്പയുമുള്ളവർക്കേ ഈ സാമീപ്യം കരഗതമാകുകയുള്ളു.

ഒരു പിതാവിന് തന്റെ മുഴുവൻ സന്താനങ്ങളോടുമുള്ള

സ്നേഹം പോലെ ദൈവത്തിന് തന്റെ മുഴുവൻ അടിമകളോടും ഒരുപോലെ സ്നേഹമാണ്. ആയതിനാൽ, ഭൂമിയിലെ മുഴുവൻ പകയും വിദ്വേഷവും കൊലപാതകവും ദൈവിക സൃഷ്ടിപദ്ധതിക്ക് തീർത്തും അന്യമാണ്. ദൈവത്തിന്റെ ഉൽക്കടമായ താത്പര്യം, വിദ്വേഷത്തിനുപകരം സ്നേഹം അക്രമത്തിനുപകരം സമാധാനം എന്നതാണ്.

## ഹദീസും സുന്നത്തും

ഹദീസ് എന്ന പദത്തിന്റെ അർത്ഥം 'പ്രസ്താവന' അല്ലെങ്കിൽ 'വിവരണം' എന്നാണ്. മുഹമ്മദുനബി(സ)യുടെ സംസാരവും ചെയ്തികളും കുറിച്ചുവെച്ച ശേഖരത്തിന് ഉപയോഗിക്കുന്ന പദാവലിയാണ് ഹദീസ്. സുന്നത്ത് എന്ന പദത്തിന്റെ വിവക്ഷ, പ്രവാചകൻ(സ) സ്വയം നിർവ്വഹിച്ച കർമ്മങ്ങളോ അല്ലെങ്കിൽ അനുയായികളോട് ചെയ്യാൻ പറഞ്ഞ കർമ്മങ്ങളോ ആണ്.

ഇസ്ലാമിലെ രണ്ടാമത്തെ അടിസ്ഥാന പ്രമാണമാണ് ഹദീസ്. ഖുർ,ആനിൽ വിശദീകരിക്കപ്പെട്ട പ്രവാചകന്റെ ജീവിതത്തിന്റെ മുഴുവൻ വെളിച്ചവും ഹദീസ് പ്രദാനം ചെയ്യുന്നു.

ഖുർ,ആൻ പ്രധാനമായും അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുന്നു. എന്നാൽ, ഹദീസാണ് ഖുർ,ആനിക കല്പനകളുടെ ആവശ്യമായ വിശദീകരണങ്ങൾ നല്കുന്നത്. ഉദാഹരണത്തിന്, നമസ്കാരം നിലനിർത്തുക എന്ന് കല്പിക്കുമ്പോൾ, എങ്ങനെ നമസ്കാരം നിർവ്വഹിക്കണമെന്ന് ഖുർ,ആൻ പ്രതിപാദിക്കുന്നില്ല. നമസ്കാരത്തിന്റെ സമയമോ എണ്ണങ്ങളോ പോലും പറയുന്നില്ല. അതെല്ലാം വിശദീകരിക്കുന്ന, ഹദീസിലെ പ്രവാചകചര്യ നമുക്കാവശ്യമാണ്.

ഖുർ,ആനിക കല്പനകളുടെ വിശദീകരണം അറിഞ്ഞതിനുശേഷവും അവ അനുവർത്തിക്കാൻ സാധ്യമാകണമെന്നില്ല. കാരണം, എല്ലാം അതിലെ പദങ്ങളിലൂടെ മാത്രം ശരിയായി മനസ്സിലാക്കാൻ സാധ്യമല്ല. ആകയാൽ, പ്രവാചകൻ(സ) തന്റെ അനുചരന്മാർക്ക് നമസ്കാരത്തിന്റെ രൂപം നിർവ്വഹിച്ച് കാണിച്ചുകൊടുത്തു. പ്രവാചകൻ(സ) വിശ്വാസികളോടുപറഞ്ഞു: "എന്നെ നോക്കൂ, ഞാൻ എങ്ങനെ ആരാധിക്കുന്നുവോ, അത് പിന്തുടരുക."

ഹദീസിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും പ്രവാചക ചര്യ ഗൗരവത്തോടെ പിന്തുടരുന്നതിനെ സംബന്ധിച്ചും ഖുർ,ആൻ എപ്പോഴും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്: ദൈവത്തെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക.

ഖുർ,ആൻ ആദർശ്ശവും ഹദീസ് അതിന്റെ വിശദീകരണവുമാണ്. ഖുർ,ആൻ തത്വവും ഹദീസ് അതിന്റെ പ്രവർത്തിയുമാണ്. ഖുർ,ആനും ഹദീസും പരസ്പരം പൂരകങ്ങളാണ്. ആകയാൽ, അവ വേർത്തിരിക്കൽ അസാധ്യമാണ്. മത സ്ഥാപനത്തിന് ഇവ രണ്ടും മർമ്മപ്രധാനമാണ്.

ഹദീസ് എന്ന പദത്തിന്റെ അർത്ഥം 'പ്രസ്താവന' അല്ലെങ്കിൽ 'വിവരണം' എന്നാണ്. മുഹമ്മദുനബി(സ)യുടെ സംസാരവും ചെയ്തികളും കുറിച്ചുവെച്ച ശേഖരത്തിന് ഉപയോഗിക്കുന്ന പദാവലിയാണ് ഹദീസ്. സുന്നത്ത് എന്ന പദത്തിന്റെ വിവക്ഷ, പ്രവാചകൻ(സ) സ്വയം നിർവ്വഹിച്ച കർമ്മങ്ങളോ അല്ലെങ്കിൽ അനുയായികളോട് ചെയ്യാൻ പറഞ്ഞ കർമ്മങ്ങളോ ആണ്.

പ്രവാചകന്റെ സമകാലികർ 'സ്വഹാബികൾ' അഥവാ 'അനുചരന്മാർ' എന്നറിയപ്പെടുന്നു. കാരണം, നബി(സ)യുടെ സന്ദേശത്തിൽ അവർ വിശ്വസിച്ചു. പ്രവാചകന്റെ സകല കർമ്മങ്ങളും പ്രമാണങ്ങളും അവർ സംരക്ഷിച്ചു. പ്രവാചകന്റെ അധരങ്ങളിൽ നിന്ന് ഉതിർന്നുവീഴുന്ന ഓരോ വാക്കുകളും അവർക്ക് വിലമതിക്കപ്പെട്ടതായിരുന്നു. പൂർണ്ണ വിശ്വസ്തരായി ആകാംക്ഷാ പൂർവ്വം അവർ പ്രവാചകനെ പിന്തുടർന്നു. നബി(സ)യുടെ ജീവിത കാലഘട്ടത്തു തന്നെ തന്റെ സഹചാരികളിൽ പലരും തന്റെ വചനങ്ങൾ മനഃപാഠമാക്കി. അദ്ദേഹം ചെയ്യുന്നതെല്ലാം നിതാന്ത ശ്രദ്ധയോടെ അവർ വീക്ഷിച്ചു. അവർക്ക് ലഭിച്ചതെല്ലാം പരസ്പരം പങ്കുവെക്കുകയും ചെയ്തു. പ്രവാചകാനുചരന്മാർ പ്രവാചക വചനങ്ങളിലെയും ചെയ്തികളിലെയും അറിവിനുവേണ്ടി ഉൽക്കടമായി ആഗ്രഹിച്ചു. അതുകൊണ്ട്, നബി(സ)യുടെ ഓരോ വാക്കുകളും കർമ്മങ്ങളും നിരീക്ഷിക്കാൻ വേണ്ടി അബൂ ഹുറൈറ, അനസ് ഇബിനു മാലിക്ക്, അബ്ദുല്ലാ ഇബിനു മസ്,ഊദ് എന്നിവരെപ്പോലെയുള്ള അനുചരന്മാർ പ്രവാചകനുമായി നിരന്തര സമ്പർക്കം പുലർത്തിയിരുന്നു.

സ്ത്രീകളിൽ നിന്ന് ആദ്യമായി പ്രവാചക പത്നി ആയിശ(റ)യായിരുന്നു അദ്ദേഹത്തിന്റെ വാക്കുകളും കർമ്മങ്ങളും നമ്മെ അറിയിച്ചത്. ആയിശ(റ) നമുക്ക് 2000 ഹദീസുകൾ ഉദ്ധരിച്ചുതന്നപ്പോൾ അബൂഹുറൈറ(റ) 5000-ത്തിലധികം ഹദീസുകൾ ഉദ്ധരിച്ചുതന്നു.

പിന്നീട് ഹദീസുകളെല്ലാം വിവിധ ഹദീസ് പണ്ഡിതന്മാർ ഗ്രന്ഥരൂപത്തിലാക്കി. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമുമായിരുന്നു ഹദീസിന്റെ സത്യസന്ധത നിലനിർത്താൻ ഏറ്റവും ശക്തമായ മാനദണ്ഡം പുലർത്തിയവർ. ഓരോ പ്രവാചക വചനവും ഉദ്ധരിച്ചവരുടെ ജീവിതം വ്യക്തവും സൂക്ഷമവുമായി വിശകലനം ചെയ്യപ്പെട്ടു. ഹദീസ് റിപ്പോർട്ടുചെയ്ത ഓരോ വ്യക്തിയുടെയും ജീവിതം വിശദ വിശകലനത്തിന് വിധേയമാക്കിയതിന് ശേഷം മാത്രമായിരുന്നു ഹദീസിന്റെ സത്യസന്ധത സ്ഥിരീകരിച്ചിരുന്നത്.

നിങ്ങളിൽ ഏറ്റവും ഉത്തമൻ ഉത്തമസ്വഭാവമുള്ളവനാണ്

*— പ്രവാചകൻ മുഹമ്മദ്(സ)*

ഇത്(ഖുർ,ആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽത്തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ രക്ഷിതാവ് ഏത് കാര്യത്തിനും സാക്ഷിയാണ് എന്നതുതന്നെ മതിയായതല്ലേ?

*— വിശുദ്ധ ഖുർ,ആൻ, 41: 53.*

നിങ്ങൾ വിനയാന്വിതരായിരിക്കുക, മറ്റുള്ളവരെ വെറുപ്പിക്കുകയോ മറ്റുള്ളവരെക്കാൾ മുകളിലാണെന്ന് നടിക്കുകയോ ചെയ്യരുത്.

*— പ്രവാചകൻ മുഹമ്മദ്(സ)*

# ഇസ്‌ലാമിലെ അഞ്ച് സ്തംഭങ്ങൾ

പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: "ഇസ്‌ലാം അഞ്ച് സ്തംഭങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു: ആരാധനക്ക് അർഹൻ ഏകനായ സ്രഷ്ടാവല്ലാതെ മറ്റൊരാൾ ഇല്ലന്നും മുഹമ്മദ് ആ ദൈവത്തിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ; നമസ്കാര നിർവ്വഹണം; നിർദ്ദിഷ്ട സാമ്പത്തികാംശം കൊടുക്കൽ(സക്കാത്ത്); റമദാനിൽ വ്രതം അനുഷ്ഠിക്കൽ; മക്കയിലെ ദൈവിക ഭവനത്തിലേക്ക് തീർത്ഥാടനം നടത്തൽ(ഹജ്ജ്)."

ഒരു കെട്ടിടം പല ഭാഗങ്ങളടങ്ങിയതാണെങ്കിലും അതിന്റെ ഘടന ഉറപ്പിച്ചുനിർത്തുന്ന പ്രധാന ഘടകം അതിന്റെ സ്തംഭങ്ങളാണ്. അവ ശക്തമാണെങ്കിൽ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും ശക്തമായിരിക്കും. എന്നാൽ അവ ദുർബ്ബലമാണെങ്കിൽ കെട്ടിടം മുഴുവനും തകർന്നുപോകും. ഇസ്‌ലാമിക മണിമന്ദിരത്തെ താങ്ങുന്നവരെല്ലാം അതിശക്തവാന്മാരാണ്. പക്ഷെ, അതിന്റെ ഘടനയെ താങ്ങണമെങ്കിൽ അവർ അതിന്റെ അനുവർത്തകരായി ഉയർത്തപ്പെടണം.

ദൈവത്തിന്റെ ഇഷ്ടത്തിനുവേണ്ടി ഒരു ഭവനം സൃഷ്ടിച്ച ഭൂമിയിലെ ഒരു ചെറിയ ഇടം പോലെയാണ് മനുഷ്യ ജീവിതം. അവന്റെ ആദ്യത്തെ ഉദ്യമം തീർച്ചയായും അതിശക്തമായ ഈ അഞ്ച് സ്തംഭങ്ങൾ നിർമ്മിക്കലാകണം. വ്യക്തി തലത്തിലും സാമൂഹിക തലത്തിലും ഇതില്ലാതെ ഇസ്‌ലാമിന് നിലനിൽക്കുക സാധ്യമല്ല. വിശ്വാസം, നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നീ അഞ്ച് സ്തംഭങ്ങളുകൊണ്ട് ഉദ്ദേശിക്കുന്നത്, മനുഷ്യനെ ജീവിതത്തിലൂടനീളം ഭയഭക്തിയുള്ളവനും ദൈവത്തിന്റെ ദാസനുമാക്കുക എന്നതാണ്.

വിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവിക സത്യങ്ങളിലുള്ള വിശ്വാസമാണ്. നമസ്കാരം എന്നതിന്റെ പൊരുൾ ദൈവിക പ്രതാപത്തിന്റെ മുമ്പിൽ വണങ്ങലാണ്. അതുമൂലം മനുഷ്യനിലുണ്ടായേക്കാവുന്ന അഹന്ത പുറംതള്ളപ്പെടും. ഉദാരത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മറ്റുള്ളവരുടെ ആവശ്യങ്ങൾ അംഗീകരിക്കലാണ്. അതുമൂലം ദൈവം മനുഷ്യന് നല്കിയതിനെ ന്യായമായ രീതിയിൽ പങ്കുവെക്കാവുന്നതാണ്. തീർത്ഥാടനം(ഹജ്ജ്) എന്നാൽ ദൈവത്തിന്റെ അടിമകൾ അവനുവേണ്ടി ഒന്നിക്കുന്ന മഹാസംഗമമാണ്. ഇവ വെറും ശൂന്യമായ ചടങ്ങുകളല്ല; മറിച്ച്, ധനാത്മക(പോസറ്റീവ്) ഗുണങ്ങളുടെ പരിശീലനമാണ്. വാസ്തവത്തിൽ ഈ ഗുണങ്ങളെല്ലാം ദൈവം നമ്മുടെ മനസ്സിൽ ഉറപ്പിക്കാനാഗ്രഹിക്കുന്നു. ഇത്തരം ഗുണങ്ങൾ വളർത്താൻ നമുക്ക് സാധിക്കുമെങ്കിൽ ഇസ്‌ലാം കാംക്ഷിക്കുന്ന മഹിത വ്യക്തിത്വത്തിന് നാം പാത്രീഭൂതരാകും. വിശ്വാസം, വിനയഭാവം, സഹനശക്തി, മറ്റുള്ളവരുടെ അവകാശം അംഗീകരിക്കൽ, രഞ്ജിപ്പ് ഇവയെല്ലാം ഇസ്‌ലാമിന്റെ തൂണുകളാണ്. ഇവയിലാണ് ആ മനോഹര മണിമന്ദിരം നലനിൽക്കുന്നത്.

## വിശ്വാസം

ദൈവത്തെ പരിപാലകനായി അംഗീകരിക്കൽ മനുഷ്യന്റെ ജീവിതത്തിൽ മർമ്മപ്രധാനമാണ്. അതുമൂലം ദൈവം അവന്റെ ചിന്തകളുടെയും വികാരങ്ങളുടെയുമെല്ലാം കേന്ദ്രബിന്ദുവായി മാറിയേക്കും. അതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഒരുവൻ പൂർണ്ണമായും ദൈവത്തിൽ ഭരമേല്പിക്കലും, തന്റെ ആഗ്രഹങ്ങളും പ്രതീക്ഷകളും ഭയാശങ്കകളും ദൈവത്തിൽ കേന്ദ്രീകരിക്കലുമാണ്. പിന്നീട്, ഭൗതികാവശ്യങ്ങൾക്കുവേണ്ടി ജീവിക്കുന്നതിനുപകരം അവൻ തന്റെ പരിപാലകനുവേണ്ടി ജീവിക്കും. അപ്രകാരം ദൈവം തന്റെ ജീവിതത്തിൽ സർവ്വവും ആയിത്തീരും.

മനുഷ്യൻ ഏറ്റവുമധികം ഭൗതികാവശ്യങ്ങളിൽ ജീവിക്കുന്നതിനാൽ അവന്റെ വിചാര വികാരങ്ങളിൽ ഭൗതികത പ്രാധാന്യമർഹിക്കുന്നു. കുറച്ചുപേർ കുടുംബമായും അതുമായി ബന്ധപ്പെടുന്ന കാര്യങ്ങളുമായും ജീവിക്കുന്നു. മറ്റുചിലർ കച്ചവടത്തിനും ധനസമ്പാദനത്തിനും വേണ്ടി ജീവിക്കുന്നു. വേറെ ചിലർ സംഘടനാ നേതൃത്വത്തിനും അധികാരത്തിനും ആദരവിനും വേണ്ടി ജീവിക്കു

ന്നു. ഏതൊരു മനുഷ്യനും ഭൗതികമായ എന്തെങ്കിലുമൊരു ആവശ്യത്തിനുവേണ്ടി ജീവിക്കുന്നു. എന്നാലത് അറിവില്ലായ്മയിൽ ജീവിക്കലാണ്. നിലനിൽപ്പില്ലാത്ത ശിഖരങ്ങളിൽ കൂടുകൂട്ടാൻ ശ്രമിക്കലാണ്. സ്രഷ്ടാവിനുവേണ്ടി ജീവിക്കലാണ് മൂല്യവത്തായ ജീവിതം. മനുഷ്യൻ ദൈവിക സ്മരണയിൽ ജീവിക്കണം. അവൻ ഉറങ്ങുമ്പോഴും ഉണരുമ്പോഴും അധരങ്ങളിൽ ദൈവത്തിന്റെ നാമങ്ങളായിരിക്കണം. അവന്റെ ജീവിത വീഥിയിൽ ദൈവത്തിന് ഭരമേല്പിക്കണം. അവന്റെ ശബ്ദവും നിശബ്ദതയും ദൈവത്തിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കണം.

## വിശ്വാസത്തിന്റെ അന്തസ്സത്ത

അന്തരീക്ഷത്തെ പ്രഭാപൂരിതമാക്കുകയും, സകല യന്ത്രങ്ങളും ചലനാത്മകമാക്കുകയും ചെയ്യുന്ന വൈദ്യുത പ്രവാഹം പോലെയാണ് ദൈവ വിശ്വാസം. ഒരു മനുഷ്യൻ തന്നെ ദൈവവുമായി ബന്ധിപ്പിക്കുന്ന വിശ്വാസത്തിന്റെ ഒരു കണ്ണി കണ്ടെത്തുമ്പോൾ തന്റെ ഉള്ളവും ഉടനടി പ്രശോഭിതമാകുന്നതായി അവന് അനുഭവിക്കാവുന്നതാണ്. അവനിൽ അന്തർല്ലീനമായ ആത്മചൈതന്യം ഉണർത്തപ്പെടുകയും അവൻ കണ്ടെത്തിയ പുതിയ വിശ്വാസത്താൽ ഹൃദയം കുളിരണിയുന്നതുമാണ്. ദൈവവുമായുള്ള കൂടിച്ചേരലുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് അവനപ്പോൾ അനുഭവിക്കുന്നു. ഒരു പ്രണയിതാവ് തന്റെ പ്രണയിനിയോട് വൈകാരികമായി ബന്ധപ്പെട്ടിരിക്കുന്നു. ബാഹ്യമായി തന്റെ പ്രണയിനിയിൽ നിന്ന് അകന്നാൽ പോലും, ആ അവസ്ഥയിൽ അവൻ ദർശ്ശിക്കുന്നതിലെല്ലാം തന്റെ പ്രണയ ഭാജനത്തിന്റെ രൂപം ദർശ്ശിക്കുന്നു. ദൈവിക വിശ്വാസത്താൽ പ്രചോദിതനായവൻ ഈ ഭൗതിക പ്രണ

> പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: "ഇസ്‌ലാം അഞ്ച് സ്തംഭങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു: ആരാധനക്ക് അർഹൻ ഏകനായ സ്രഷ്ടാവല്ലാതെ മറ്റൊരാൾ ഇല്ലന്നും മുഹമ്മദ് ആ ദൈവത്തിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ; നമസ്കാര നിർവ്വഹണം; നിർദ്ദിഷ്ട സാമ്പത്തികാംശം കൊടുക്കൽ(സക്കാത്ത്); റമദാനിൽ വ്രതം അനുഷ്ഠിക്കൽ; മക്കയിലെ ദൈവിക ഭവനത്തിലേക്ക് തീർത്ഥാടനം നടത്തൽ(ഹജ്ജ്)."

യിതാവിനെ പോലെയാണ്. പ്രകൃതിയിലെ സകല പ്രതിഭാസങ്ങളിലും അവൻ ദൈവത്തിന്റെ മഹത്വം ദർശ്ശിക്കുന്നു. പറവകളുടെ കൂജനം ദൈവത്തോടുള്ള സ്തോത്രമായി അവൻ ശ്രവിക്കുന്നു. ഉദയ സൂര്യൻ അവനിലേക്ക് നീട്ടുന്നത് ദൈവത്തിന്റെ കരങ്ങളാണ്. സകല വൃക്ഷത്തിന്റെയും മുഴുവൻ ഇലകളും ദൈവത്തിന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ച് വായിക്കുന്ന ഹരിതാഭമായ കടലാസുകഷ്ണങ്ങളാണ്. അവന്റെ കവിൾത്തടങ്ങളെ തലോടുന്ന മന്ദമാരുതൻ ദൈവിക രഞ്ജിപ്പിന്റെ ശുഭസൂചകമാണ്. ഒരു യഥാർത്ഥ വിശ്വാസി ദൈവിക സമുദ്രത്തിലെ നാവികനാണ്. അവൻ മുങ്ങുന്ന ഓരോ മുങ്ങലും സ്രഷ്ടാവുമായി കൂട്ടിഘടിപ്പിക്കുന്ന ഉജ്വലമായ അനുഭവങ്ങളാണ്.

ദൈവത്തിലുള്ള വിശ്വാസം സകല സൃഷ്ടികളുടെയും സ്രഷ്ടാവിലും പരിപാലകനിലും യജമാനനിലുമുള്ള വിശ്വാസമാണ്. പ്രപഞ്ചത്തിലെ സകലതും ഏകനായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. അവനിൽ നിന്നാണ് നാം അനന്തമായ പരിപാലനം സ്വീകരിക്കുന്നത്. അവനെ കൂടാതെ ഒന്നിനും നിലനിൽക്കുക സാധ്യമല്ല. ദൈവത്തിലുള്ള വിശ്വാസവും അതിനെ സംബന്ധിച്ചുള്ള അവബോധവും പരസ്പര പൂരകങ്ങളാണ്. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളിലൂടെയും ദൈവത്തിന്റെ മഹത്വത്തിന് അവൻ സാക്ഷ്യം വഹിക്കുന്നു. അവൻ സ്വീകരിക്കുന്ന ഓരോ അനുഗ്രഹവും ദൈവത്തിന്റെ സമ്മാനമായി കണക്കാക്കുന്നു. ദൈവിക സ്മരണയും സ്തോത്രവും നീരുറവ പോലെ അവന്റെ ഹൃദയത്തിൽ നിന്ന് പൊട്ടിയൊഴുകുന്നു. അവൻ മറവിയിൽ ജീവിക്കുന്നില്ല, പകരം പൂർണ്ണമായ അവബോധത്തിൽ ജീവിക്കുന്നു. അവന് എല്ലാ അനുഭവങ്ങളും ദൈവത്തെ സംബന്ധിച്ച് ഓർമ്മിക്കൽ മാത്രമാണ്. നിദ്രയിൽ നിന്ന് ഉണരുമ്പോൾ ഉറക്കം തന്ന് അനുഗ്രഹിച്ച ദൈവത്തെ അവൻ സ്തുതിക്കുന്നു. അവൻ ഉണർന്നിട്ടില്ലെങ്കിൽ അനന്തമായ സുഷുപ്തിയിൽ തന്റെ ജീവിതം അവസാനിക്കുമായിരുന്നു. ആകാശത്ത് സൂര്യൻ ഉദിക്കുമ്പോൾ, അന്ധകാരത്തെ മാറ്റി ലോകത്തിന് പ്രകാശം തരുമ്പോൾ, അവന്റെ ഹൃദയം ആനന്ദ നിർവൃതിയിൽ പറയുന്നു: “പ്രകാശത്തെ സൃഷ്ടിച്ച ദൈവത്തിന് സ്തുതി.” പ്രകാശം ഇല്ലായിരുന്നുവെങ്കിൽ ഈ ലോകം അന്ധകാരം നിറഞ്ഞ സമുദ്രത്തിന്റെ ആഴിപോലെ ഭയാനകരമാകുമായിരുന്നു. വിശപ്പും ദാഹവും വരുമ്പോൾ അവൻ ഭക്ഷിക്കുന്നു, കുടിക്കുന്നു. അതിനുശേഷം അവൻ ഹൃദയം നിറഞ്ഞ കൃതജ്ഞതയോടെ ആശ്വ

ര്യഭരിതനായി സ്വയം ചോദിക്കുന്നു: "ഭക്ഷണവും പാനീയവും നല്കാൻ ദൈവമില്ലായിരുന്നെങ്കിൽ മനുഷ്യന്റെ അവസ്ഥ എന്താ യിരിക്കും?" ആവശ്യപ്പെടുമ്പോൾ, വേദനപ്പെടുമ്പോൾ അവൻ ദൈവ ത്തിലേക്ക് നോക്കുന്നു. അവനോട് സഹായം അഭ്യർത്ഥിക്കുന്നു. ദുരന്തം അഭിമുഖീകരിക്കുമ്പോൾ ദൈവിക തീരുമാനത്തിന്റെ ഭാഗ മായി അവനതിനെ കരുതുന്നു. സൗഭാഗ്യം അഭിമുഖീകരിക്കുമ്പോൾ ദൈവിക അനുഗ്രഹത്തിന്റെ ഭാഗമായി കരുതി അവന്റെ ഹൃദയം നന്ദി കൊണ്ട് നിറയുന്നു. നേട്ടങ്ങൾ അവനെ വഞ്ചിതനാക്കുന്നില്ല. പരാജയങ്ങൾ അവനെ അക്ഷമനാക്കുന്നില്ല. ജയത്തിന്റെയും പരാ ജയത്തിന്റെയും അവസ്ഥയിൽ ദൈവത്തോടുള്ള ആദരവിന് ഒരു കോട്ടവും സംഭവിക്കുന്നില്ല. അവന്റെ പ്രഥമ ലക്ഷ്യം ദൈവമല്ലാതെ മറ്റൊന്നുമാകുന്നില്ല. ലക്ഷ്യ പ്രാപ്തിക്കുവേണ്ടി ദൈവത്തെ അവൻ ഒരിക്കലും മറക്കുന്നില്ല.

ഭൂമിയിലും മറ്റുഗ്രഹങ്ങളിലുമുള്ള ഗുരുത്വാകർഷണ ബലത്തെ സംബന്ധിച്ച കണ്ടുപിടുത്തവും, നൂതനോപകരണങ്ങളെ കൊണ്ടുള്ള അണുപ്രസരണത്തെ സംബന്ധിച്ച കണ്ടുപിടുത്തവും മത സ്പർശ്ശ നങ്ങളില്ലാത്ത വൈജ്ഞാനിക നേട്ടങ്ങളാണ്. എന്നാൽ, ദൈവത്തെ സംബന്ധിച്ച കണ്ടുപിടുത്തം തീർത്തും വ്യത്യസ്തമായ കണ്ടുപി ടുത്തമാണ്. എല്ലാം ദർശ്ശിക്കുന്നവനും ശ്രവിക്കുന്നവനും, എല്ലാ വിജ്ഞാനങ്ങളുടെയും ശക്തിയുടെയും ഉറവിടവുമായ ഒരു പരമ ശക്തിയെ സംബന്ധിച്ച നേരായ ചിന്തയാണത്. അങ്ങനെ, ദൈവത്തെ തിരിച്ചറിയുമ്പോൾ, ദൈവം മനുഷ്യനെയും പ്രപഞ്ച ത്തെയും വെറുതെ അലക്ഷ്യമായി സൃഷ്ടിച്ചതല്ലെന്ന് ബോധ്യമാ കുന്നു.

മനുഷ്യന്റെ വിശ്വാസത്തെ സംബന്ധിച്ച കണ്ടുപിടുത്തം, പ്രപ ഞ്ചത്തിലെ മുഴുവൻ ചലനങ്ങളുടെ ഉപജ്ഞാതാവായ, അദൃശ്യനായ ദൈവം സ്വയം പ്രത്യക്ഷപ്പെടുന്ന ഒരു ദിവസം വരാനുണ്ടെന്ന വിശ്വാസം ദൃഢീകരിക്കലാണ്. അതുമൂലം ഇന്ന് അവന് കാണാൻ സാധിക്കാത്തത് നാളെ അവൻ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നതാണ്. അവന്റെ വിശ്വാസം അവനോട് പറയുന്നത്, സ്രഷ്ടാ വിന്റെ ഈ പ്രത്യക്ഷീകരണം അന്ധകാരത്തിനുശേഷം വരുന്ന സൂര്യ പ്രകാശം പോലെയായിരിക്കും എന്നാണ്.

## നമസ്കാരം (സ്വലാത്ത്)

ദിവസവും അഞ്ചുനേരം നിർദ്ദിഷ്ട രീതിയിൽ ദൈവത്തെ ആരാധിക്കുന്ന കർമ്മമാണ് ഇസ്ലാമിലെ രണ്ടാമത്തെ സ്തംഭമായ നമസ്കാരം. ഈ ആരാധനാ രീതി ദൈവം തന്റെ പ്രവാചകനിലൂടെ മനുഷ്യന് നല്കിയതാണ്. സർവ്വ ശക്തനായ ദൈവത്തെ ആരാധിക്കുവാൻ ഇതിനെക്കാൾ ഉയർന്ന മറ്റൊരു രീതി ഒരാൾക്കും സങ്കല്പിക്കുവാൻ സാധ്യമല്ല.

ദൈവത്തെ പരിപാലകനായി അംഗീകരിക്കൽ മനുഷ്യന്റെ ജീവിതത്തിൽ മർമ്മപ്രധാനമാണ്. അതുമൂലം ദൈവം അവന്റെ ചിന്തകളുടെയും വികാരങ്ങളുടെയുമെല്ലാം കേന്ദ്രബിന്ദുവായി മാറിയേക്കും. അതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഒരുവൻ പൂർണ്ണമായും ദൈവത്തിൽ ഭരമേല്പിക്കലും, തന്റെ ആഗ്രഹങ്ങളും പ്രതീക്ഷകളും ഭയാശങ്കകളും ദൈവത്തിൽ കേന്ദ്രീകരിക്കലുമാണ്.

നമസ്കാരത്തിനുള്ള സമയമാകുമ്പോൾ ദൈവത്തിന്റെ മഹത്വം നമസ്കാരത്തിനുള്ള വിളിയിലൂടെ ഉദ്ഘോഷിക്കപ്പെടുന്നു. നമസ്കാരങ്ങൾ ആത്മീയ വളർച്ചയുടെ വിഷയമായതിനാൽ വിശ്വാസികളോട് അതിനുവേണ്ടി ഒരുമിച്ചുചേരാൻ കല്പിക്കപ്പെട്ടിരിക്കുന്നു. പിന്നീടവർ അംഗശുദ്ധി വരുത്തുന്നു. അപ്രകാരം ചെയ്യുന്നതോടെ അവരുടെ ശുദ്ധീകരണബോധം വീണ്ടെടുക്കുകയും മനസ്സുകൾ ദൈവത്തിൽ കേന്ദ്രീകരിപ്പിക്കുകയും ചെയ്യുന്നു. ഒരു ഇമാമിന്റെ നേതൃത്വത്താൽ നമസ്കാരം നിർവ്വഹിക്കപ്പെടുന്നു. മുസ്ലീങ്ങൾക്ക് തങ്ങളുടെ ജീവിതം എങ്ങനെ നയിക്കണമെന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുന്ന വ്യക്തിയാണ് ഇമാം. നമസ്കാര സംഗമത്തിൽ ഇമാമിന്റെ നേതൃത്വത്തിൽ അണിചേരുന്ന അതേ രീതിയിൽത്തന്നെ മുസ്ലീങ്ങൾ തങ്ങളുടെ സാമൂഹ്യ ജീവിതത്തിൽ നബി(സ)യെ കേന്ദ്ര ബിന്ദുവാക്കണം.

നമസ്കാരത്തിന് വ്യത്യസ്തമായ ഘട്ടങ്ങളുണ്ട്. ദൈവത്തിന്റെ മുന്നിൽ കുനിയൽ, മുട്ടുകുത്തൽ, സാഷ്ടാംഗം പ്രണമിക്കൽ എന്നിവയിലൂടെ നമസ്കാരം ദൈവത്തിനുള്ള കീഴ്വണങ്ങലായിമാറുന്നു. നമസ്കാരത്തിനുവേണ്ടി കൈകൾ കെട്ടി ദൈവത്തിന്റെ മുമ്പിൽ നിൽക്കുമ്പോഴും, കുനിയുമ്പോഴും, നെറ്റി പ്രതലത്തിൽ വെച്ച്

സാഷ്ടാംഗം നമിക്കുമ്പോഴും, ആദരപൂർവ്വം ഇരിക്കുമ്പോഴും എല്ലാ ദൈവിക വിധേയത്വത്തിന്റെയും ഉടമ്പടി പുതുക്കുകയാണ് ചെയ്യ പ്പെടുന്നത്.

പ്രാർത്ഥനാ സമയത്ത് ഖുർ,ആൻ വചനങ്ങൾ ഓതുന്നു. ഖുർ,ആനിന്റെ അതിശയകരമായ ഒരു സവിശേഷതയാണ്, ഖുർ,ആൻ ഏതുഭാഗത്തുനിന്ന് പാരായണം ചെയ്താലും, എത്രയധികം പാരാ യണം ചെയ്താലും അതിന്റെ മുഖ്യ സന്ദേശം വളരെ സൂഷ്മമായി കൈമാറ്റം ചെയ്യപ്പെടുന്നുവെന്നത്. അതിനാലാണ് ഖുർ,ആന്റെ ഓരോ താളും മൊത്തം ഖുർ,ആന്റെ സംഗ്രഹമാണെന്ന് ഗണിക്ക പ്പെടുന്നത്. ആ അർത്ഥത്തിൽ നമസ്കാര സമയങ്ങളിലെ ഖുർ ,ആന്റെ ചെറിയ പാരായണങ്ങൾ പോലും, സർവ്വ ശക്തനായ സ്രഷ്ടാവിന്റെ തൃപ്തിയും അതൃപ്തിയും എന്തെന്ന് ബോധ്യപ്പെ ടുത്താൻ പര്യാപ്തമാണ്.

അതിനുപുറമെ ദൈവിക സ്മരണകളും പ്രകീർത്തനങ്ങളും പ്രാർത്ഥനകളുമടങ്ങിയതാണ് നമസ്കാരം. അതുപോലെ പ്രവാച കനോടും മൊത്തം വിശ്വാസികളോടുമുള്ള നന്മയുടെ ആവിഷ്കാ രവുമാണത്. മാനവതക്ക് സമാധാനത്തിന്റെ സന്ദേശവുമായി നമ സ്കാരം അവസാനിക്കുന്നു. അപ്രകാരം നമസ്കാരവും മറ്റ് ആരാ ധനാ കർമ്മങ്ങളും ദൈവത്തിന്റെ കല്പനകളെ ഓർമ്മിപ്പിക്കുന്നതു മാണ്. നമസ്കാരം വിശ്വാസികൾക്ക് ആശ്വാസവും, അതേസമയം സാമൂഹികാവബോധവും രഞ്ജിപ്പും പ്രദാനം ചെയ്യുന്നതുമാണ്. നമസ്കാരം ഇസ്ലാമിക ജീവിതത്തിന്റെ അടയാളം മാത്രമല്ല, മുസ്ലീങ്ങൾക്കിടയിൽ ആത്മനിഷ്ഠ രൂഢമൂലമാക്കുന്നതുമാണ്. നമ സ്കാരത്തിന്റെ പ്രധാന ആവശ്യം ദൈവവുമായുള്ള ആത്മസമ്പർക്ക മാണെങ്കിലും നമ്മൾ നമ്മുടെ നിത്യ ജീവിതത്തിൽ എങ്ങനെ പെരു മാറണമെന്നുള്ള മൂല്യവത്തായ പഠനമാണ് അത് നല്കുന്നത്.

ദൈവത്തോടുള്ള ആരാധനയുടെയും അവനോടുള്ള താഴ്മ യുടെയും ആന്തരിക യാഥാർഥ്യങ്ങളെ സംബന്ധിച്ച ആവിഷ്കാര മാണ് നമസ്കാരം. നമസ്കാരത്തിൽ, അല്ലാഹു അക്ബർ(അല്ലാ ഹുവാണ് വലിയവൻ) എന്ന് ആവർത്തിച്ച് ഉച്ചരിക്കുന്നത് ദൈവത്തിന്റെ മഹത്വത്തെ പൂർണ്ണമായി അംഗീകരിക്കലാണ്. മനു ഷ്യന്റെ വാക്കാലുള്ള ആ അംഗീകാരം ദൈവത്തിന്റെ ഉന്നതിയെയും മഹത്വത്തെയും പൂർണ്ണമായി അംഗീകരിക്കലാണ്.

പ്രത്യക്ഷത്തിൽ മറ്റൊരുവന്റെ മഹത്വത്തെ പൂർണ്ണമായി അംഗീകരിക്കൽ സ്വയം താഴ്മയുടെ പ്രകടനമാണ്. മറ്റൊരുവന്റെ മഹത്വത്തെ അംഗീകരിച്ചുകൊടുക്കുന്നതിനെക്കാൾ വലിയ പ്രകൃതം ഇല്ല. ആവർത്തിച്ച് നിർവ്വഹിക്കുന്ന നമസ്കാരത്തിലെ പ്രാർത്ഥനാ വചനങ്ങൾ പ്രായോഗികമായ ഓർമ്മപ്പെടുത്തലാണ്. അതോടൊപ്പം അസാമാന്യമായ ദൈവിക മഹത്വത്തിലുള്ള വിശ്വാസത്തിന്റെ വ്യക്ത മായ പ്രകടനവുമാണ്. നമസ്കാരത്തിൽ ദൈവത്തിന്റെ ഭവനത്തി ലേക്ക് തിരിയുന്നതിലൂടെ തന്റെ ശ്രദ്ധ പൂർണ്ണമായി ദൈവത്തിൽ കേന്ദ്രീകരിക്കുന്നു. നമസ്കാരത്തിനുവേണ്ടി അഭിമുഖീകരിക്കേണ്ട ദിശക്ക് വളരെ പ്രധാന്യമുണ്ട്. കാരണം അത് ആരാധ്യനിൽ ശ്രദ്ധ പതിപ്പിക്കൽ മാത്രമല്ല, തന്റെ ജീവിതമാസകലം ദൈവത്തിലേക്ക് തിരിക്കലുമാണ്. ആന്തരികമായ ചിന്തകൾ മുതൽ ബാഹ്യമായ ആവ ശ്യങ്ങൾ വരെയുള്ള മനുഷ്യന്റെ മുഴുവൻ ജീവിതത്തിലും അവൻ ദൈവിക കേന്ദ്രീകൃതനായിരിക്കും.

## എളിമയുടെ ചൈതന്യം

ഒരു അടിമ ദൈവത്തിന്റെ മുമ്പിൽ കുനിയുമ്പോൾ ആ രൂപ ത്തിനപ്പുറത്ത് അതിൽ താഴ്മയുടെയും വിനയഭാവത്തിന്റെയും ചൈതന്യമാണ് കുടികൊള്ളുന്നത്. ആ കർമ്മത്തിന്റെ ഫലം നിശ്ചി ത സ്ഥലത്ത് ഒതുങ്ങാതെ ജീവിതത്തിന്റെ നിഖില മേഖലകളി ലേക്കും വ്യാപിക്കുന്നു. അവന്റെ ചിന്തയും കർമ്മങ്ങളുമെല്ലാം തന്റെ ആരാധനയുടെ സ്ഥിരമായ മുദ്രണമായിരിക്കും. ശരിയായി ദൈവത്തെ ആരാധിക്കുന്നവന് ദൈവത്തിന്റെ മുമ്പിൽ താഴ്മയുള്ള വനും മറ്റുള്ളവരുടെ മുമ്പിൽ അഹന്തയുള്ളവനുമാകാൻ സാധിക്കു കയില്ല. തീർച്ചയായും ദൈവത്തെ പ്രണമിക്കുന്നതുപോലെ മറ്റുള്ള വരെ പ്രണമിക്കുകയുമില്ല. നീ വലിയവനാണ് എന്ന് ദൈവത്തെ പ്രകീർത്തിക്കുന്നതുപോലെ മറ്റൊരാളോടും പറയുകയുമില്ല. തീർച്ച യായും താൻ വലിയവനാണെന്ന ഭാവം ഉപേക്ഷിക്കുകയും ദൈവ ത്തിന്റെ മുമ്പിൽ താഴ്മ കാണിക്കുന്നതുപോലെയുള്ള വിനയ സ്വഭാവം ജീവിതത്തിൽ നിലനിർത്തുന്നതുമാണ്. ദൈവത്തോടുള്ള ആരാധനയിൽ പ്രകടമാകുന്ന വിധേയത്വം മറ്റുള്ളവരുടെ അവകാ ശങ്ങൾ വകവെച്ചുകൊടുക്കുന്നതിലും പ്രതിഫലിക്കുന്നതാണ്. യഥാർത്ഥ ദിശയിലേക്ക് അഭിമുഖീകരിക്കുന്ന കർമ്മം ജീവിതത്തിലെ ദൈനംദിന വ്യവഹാരങ്ങളിൽ മൂല്യാധിഷ്ഠിത നിലപാടെടുക്കുന്ന

തിന് കാരണമാകുന്നു. പള്ളിയിൽ വെച്ചുള്ള ആരാധനയിൽ അവൻ ദൈവത്തിന്റെ അടിമത്വത്തിന് മകുടോദാഹരണമാവുകയാണ്. അതോടൊപ്പം പള്ളിയിൽ നിന്ന് പുറത്ത് തന്റെ എല്ലാ വ്യവഹാരങ്ങളിലും വിനയാന്വിത സ്വഭാവത്തിന്റെയും ധാർമ്മിക ഉന്നതിയുടെയും ഭയാശങ്കയുടെയും ക്ഷമയുടെയും മകുടോദാഹരണവുമാണ്.

ദൈവത്തോടുള്ള ആരാധനയുടെയും അവനോടുള്ള താഴ്മയുടെയും ആന്തരിക യാഥാർഥ്യങ്ങളെ സംബന്ധിച്ച ആവിഷ്കാരമാണ് നമസ്കാരം. നമസ്കാരത്തിൽ, അല്ലാഹു അക്ബർ(അല്ലാഹുവാണ് വലിയവൻ) എന്ന് ആവർത്തിച്ച് ഉച്ചരിക്കുന്നത് ദൈവത്തിന്റെ മഹത്വത്തെ പൂർണ്ണമായി അംഗീകരിക്കലാണ്.

പ്രാർത്ഥനയുടെ പ്രധാന വശം; താൻ പറയുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളിലും തന്റെ പ്രാർത്ഥനയുടെ ചൈതന്യം നിരീക്ഷകനായി നിൽക്കുന്നു എന്ന ധനാത്മക(പോസറ്റീവ്) മനോഭാവം ഭക്തനിൽ സൃഷ്ടിക്കലാണ്. ഭൗതികാവശ്യങ്ങൾക്ക് വേണ്ടി പുറപ്പെടുമ്പോൾ മുഴുവൻ ലോകവും അവന് ആരാധനാലയമാകുന്നു. ആകയാൽ സമയങ്ങളിലും സ്ഥലങ്ങളിലും അവന്റെ കർമ്മങ്ങളിലും പ്രാർത്ഥന ആവശ്യപ്പെടുന്ന ചൈതന്യത്തിനപ്പുറത്ത് പോകുക സാധ്യമല്ല.

## നിർദ്ദിഷ്ട ദാനം (സക്കാത്ത്)

ഇസ്ലാമിന്റെ മൂന്നാമത്തെ സ്തംഭമാണ് സക്കാത്ത്. സക്കാത്തുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വാസി തന്റെ സമ്പാദ്യത്തിൽ നിന്നും ധനത്തിൽ നിന്നും വർഷം തോറും ഒരു നിശ്ചിത ഭാഗം ദൈവത്തിനുവേണ്ടി മറ്റിവെച്ചുകൊണ്ട്, മതപരമായ ഉത്തരവാദിത്വങ്ങൾക്കുവണ്ടി ആവശ്യക്കാർക്കും പാവപ്പെട്ടവർക്കും വേണ്ടി ചെലവഴിക്കലാണ്. വാസ്തവത്തിൽ ഈ ഉത്തരവാദിത്വ പൂർത്തീകരണം ഒരു ശക്തമായ ഓർമ്മപ്പെടുത്തലാണ്. അതായത്, നമ്മെളെല്ലാവരും ദൈവത്തിനുവേണ്ടി ചെലവഴിക്കേണ്ടവരാണ്. ദൈവത്തിനുവേണ്ടി നല്കേണ്ടതിൽ നിന്ന് ഒന്നും തന്നെ മനുഷ്യൻ തടുത്തുവെക്കരുത്. ഒരുവൻ ജീവിതത്തിൽ എത്രമേൽ സമ്പാദിച്ച് ശേഖരിച്ചാലും അവന്റെ വ്യക്തിപരമായ നേട്ടം അതിൽ അപ്രസക്തമാണ്. ആകാശ ഭൂമികളെ നിയന്ത്രിക്കുന്ന പരമ ശക്തിയായ ദൈവം മനുഷ്യനുമായി

സഹകരിക്കാൻ വിസമ്മതിച്ചാൽ പിന്നീട് മനുഷ്യന് ഒരു സമ്പാദനവും സാധ്യമല്ല. വിത്തുകൾ വിതറി പിന്നീട് അതിനെ വളർത്തി വലുതാക്കിക്കൊണ്ടുവരാനും സാധ്യമല്ല. മാത്രവുമല്ല, അവന് ഒരു തരത്തിലുമുള്ള വ്യവസായ സംരംഭങ്ങൾ പോലും സ്ഥാപിച്ചെടുക്കാൻ സാധിക്കുകയുമില്ല. ദൈവം അവന്റെ ഏതെങ്കിലുമൊരു ഭൗതികാനുഗ്രഹം തടഞ്ഞുവെച്ചാൽ നമ്മുടെ സകല പദ്ധതികളും പാളിപ്പോകും. നമ്മുടെ സകല പരിശ്രമങ്ങളും നിഷ്ഫലമാകുകയും ചെയ്യും.

ധനം നല്കുക എന്നതിന്റെ പ്രായോഗിക അംഗീകാരമാണ് സക്കാത്ത്. ഇസ്‌ലാം മനുഷ്യനോട് ആവശ്യപ്പെട്ടത് അവന്റെ വ്യക്തിപരമായ ധനം ദൈവത്തിന്റെ ധനമാണെന്നും അതിൽ ഒരു ഭാഗം ദൈവത്തിനുവേണ്ടി ചെലവഴിക്കേണ്ടതാണെന്നുമാണ്. അതിന് പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല. പക്ഷെ, ചുരുങ്ങിയ പരിധി നിർണ്ണയിച്ചിട്ടുണ്ട്. നിയമാനുസൃത സക്കാത്ത് ബാധ്യത ഉള്ളവരെല്ലാം നിർബ്ബന്ധമായും നല്കണം. ഓരോ വർഷത്തിലും തന്റെ ധനത്തിൽ നിന്ന് നിർദ്ദിഷ്ട ധനം ദൈവത്തിന്റെ വഴിയിൽ ചെലവഴിക്കപ്പെടണം. ധനം നല്കുന്നതിലൂടെ അത് സ്വീകരിക്കുന്നവനെ താഴുത്തിക്കെട്ടാനോ, നല്കുന്നവനോട് സ്വീകരിക്കുന്നവൻ കടപ്പെട്ടവനാണെന്ന തോന്നൽ ഉണ്ടാക്കാനോ അനുവദിക്കപ്പെട്ടതല്ല. ദൈവം തനിക്ക് നല്കിയ ധനത്തിൽ നിന്ന് യഥാർത്ഥ ആവശ്യക്കാർക്ക് നിർബ്ബന്ധമായും നല്കണമെന്ന ചോദന അവനിലുണ്ടാവണം. നാളെ പരലോകത്ത് അവനെ ഭക്ഷിപ്പിക്കുമെന്ന വിശ്വാസത്താൽ അവൻ മറ്റുള്ളവരെ ഭക്ഷിപ്പിക്കണം. നാളെ പരലോകത്ത് ദൈവത്തിന്റെ സഹായം തനിക്ക് വിലക്കപ്പെടില്ല എന്ന വിശ്വാസത്താൽ അവൻ മറ്റുള്ളവരെ സഹായിക്കണം.

> മറ്റുള്ളവരുടെ അവകാശങ്ങൾ അംഗീകരിക്കാനും, വേദനയിലും ദുഃഖത്തിലും ദയ കാണിക്കാനുമുള്ള ഒരുവന്റെ ബാധ്യതക്കുള്ള അടയാളമാണ് സക്കാത്ത്. അത്തരത്തിലുള്ള വിചാരങ്ങൾ ഒരുവനിൽ ഗാഢമായി വിഷയീഭവിക്കണം. അതുമൂലം തന്റെ ധനത്തിൽ മറ്റുള്ളവർക്ക് കൂടി അവകാശമുണ്ടെന്ന് പരിഗണിക്കാൻ തുടങ്ങുന്നു.

മറ്റുള്ളവരുടെ അവകാശങ്ങൾ അംഗീകരിക്കാനും, വേദന

യിലും ദുഃഖത്തിലും ദയ കാണിക്കാനുമുള്ള ഒരുവന്റെ ബാധ്യതക്കുള്ള അടയാളമാണ് സക്കാത്ത്. അത്തരത്തിലുള്ള വിചാരങ്ങൾ ഒരുവനിൽ ഗാഢമായി വിഷയീഭവിക്കണം. അതുമൂലം തന്റെ ധനത്തിൽ മറ്റുള്ളവർക്കുകൂടി അവകാശമുണ്ടെന്ന് പരിഗണിക്കാൻ തുടങ്ങുന്നു. കൂടാതെ, ഒരുവൻ മറ്റുള്ളവരുടെ അംഗീകാരമോ, പ്രതിഫലം നല്കലോ പ്രതീക്ഷിക്കാതെ അവർക്കുവേണ്ടി സേവനം ചെയ്യണം. ഓരോ വ്യക്തിയും ഒരു നേട്ടവും പ്രതീക്ഷിക്കാതെ തന്നെ മറ്റുള്ളവരുടെ അന്തസ്സിനെ സംരക്ഷിക്കണം. അവൻ തന്റെ സുഹൃത്തുക്കളുടെയോ ബന്ധുക്കളുടെയോ അഭ്യുദയകാംക്ഷി മാത്രമല്ല, പകരം സമൂഹത്തിലെ എല്ലാവരുടെയും അഭ്യുദയ കാംക്ഷിയാണ്. സക്കാത്ത് മുഖ്യമായും വ്യക്തമാക്കുന്നത് തന്റെ ധനം മുഴുവൻ ദൈവിക സമ്മാനം ആണെന്നാണ്. രണ്ടാമതായി വ്യക്തമാക്കുന്നത്, സ്വാർത്ഥനും സാമൂഹിക വിചാരമില്ലാത്തവനുമായി സമൂഹത്തിൽ ജീവിക്കുന്നതിൽ നിന്ന് ദൈവത്തിന്റെ അടിമകളെ പിൻവ്വലിക്കുന്നു. തീർച്ചയായും അവരുടെ ജീവിതത്തിന്റെ അഖില മേഖലകളിലും അവരുടെ ധനത്തിന്റെ നിശ്ചിത ഭാഗം മറ്റുള്ളവർക്കുവേണ്ടി മാറ്റിവെക്കപ്പെടണം.

സമൂഹത്തിൽ നിലനിൽക്കുന്ന ഒരു തെറ്റായ പെരുമാറ്റ രീതിയാണ്, താൻ നല്കുന്ന സേവനങ്ങളുകൊണ്ട് ഭൗതികമായ നേട്ടം പ്രതീക്ഷിക്കൽ. അതിനൊരു ഉദാഹരണമാണ് പണം കടം നല്കിക്കൊണ്ട് പലിശയടക്കം സ്വീകരിക്കൽ. എവിടെയെല്ലാം ഇത് പ്രാവർത്തികമാക്കുന്നുവോ അവിടെയെല്ലാം ചൂഷണവും കൊള്ളയടിയും മറ്റുള്ളവരെ കീഴൊതുക്കുവാനുള്ള ത്വരയും കൂടുതലായിരിക്കും. തത്ഫലമായി സമൂഹത്തിൽ മൊത്തം അസ്വസ്ഥത പിടിപെടും.

ധനികനും ദരിദ്രനും അത്തരമൊരവസ്ഥയിൽ സന്തോഷിക്കാൻ സാധിക്കുന്നതല്ല. ഒരു മനുഷ്യനെ യഥാർത്ഥ രീതിയിൽ പ്രചോദനം നല്കിയാൽ അവൻ ദൈവത്തിന്റെ പ്രതിഫലം മാത്രം കാംക്ഷിച്ച് മനുഷ്യ സേവനത്തിൽ നിരതനാകും. നാളെ പരലോകത്ത് ദൈവം പൂർണ്ണ പ്രതിഫലം നല്കുമെന്നുള്ള ഉത്തമ വിശ്വാസത്താൽ അവൻ മറ്റുള്ളവർക്ക് ദാനധർമങ്ങൾ നല്കും. ചൂഷണമില്ലാത്ത സമൂഹത്തിൽ പരസ്പര വിദ്വേഷവും പരസ്പര നിന്ദയും സാധ്യമല്ല. പരസ്പരം സമാധാനവും ഐക്യവും സമൃദ്ധിയുമുള്ള

സമൂഹത്തിൽ അവിശ്വാസവും അനാസ്ഥയും നാമ്പെടുക്കുന്നതുമല്ല.

നിയമാവലിയുടെ അടിസ്ഥാനത്തിൽ സക്കാത്ത് വാർഷിക നികുതിയോ അല്ലെങ്കിൽ കുടിശ്ശികയോ ആണ്. ആന്തരീകാർത്ഥത്തിൽ മനുഷ്യന്റെ ധനത്തിൽ ദൈവത്തിനും പങ്കുണ്ടെന്ന് മനുഷ്യനെ പൂർണ്ണമായ് ബോധ്യപ്പെടുത്തുകയാണ് സക്കാത്ത് ചെയ്യുന്നത്.

## നോമ്പ് (സൗമ്)

നോമ്പ് ഇസ്‌ലാമിന്റെ നാലാമത്തെ സ്തംഭമാണ്. പ്രഭാതം മുതൽ പ്രദോഷം വരെ നോമ്പനുഷ്ഠിക്കുന്ന മനുഷ്യൻ ഒരല്പം ആഹാരം കഴിക്കുകയോ ഒരല്പം ജലം കുടിക്കുകയോ ചെയ്യുന്നില്ല. ഈ ശിക്ഷണ ബോധത്തിന് വിധേയനായിക്കൊണ്ട്, ജീവിതത്തിലെ പ്രധാന ആവശ്യങ്ങളെ തഴഞ്ഞുകൊണ്ട് അവൻ സഹനത്തിന്റെ ഉന്നതമായ പാഠം പഠിക്കുന്നു. ഭക്ഷണവും വെള്ളവും ഉപേക്ഷിച്ചാൽ സ്വാഭാവികമായും അവന് വിശപ്പും ദാഹവും അനുഭവവേദ്യമാകുന്നതാണ്. കൂടാതെ, ആരോഗ്യം ക്ഷീണിക്കാനും തുടങ്ങും. അവന്റെ മുഴുവൻ ജീവിത ചര്യക്കും അസ്വസ്ഥത അനുഭവപ്പെടുന്നതാണ്. എന്നാൽ ഉയർന്ന ശിക്ഷണ ബോധത്തിൽ നിന്ന് അവൻ എല്ലാ പ്രയാസങ്ങളെയും അസൗകര്യങ്ങളെയും ധീരമായി നേരിടുന്നു. അവൻ ഉണർവ്വോടുകൂടി, മനസ്സിനെ തളർത്താതെ ഉത്തരവാദിത്വങ്ങൾ ജാഗ്രതയോടുകൂടി നിർവ്വഹിക്കുന്നു. ഭക്ഷണവും പാനീയവും പ്രലോഭിപ്പിക്കുംവിധം അവന്റെ മുമ്പിൽ വന്നേക്കാം. അവ രണ്ടും കഴിക്കാനുള്ള ആന്തരിക ത്വര ഉണ്ടെങ്കിൽപ്പോലും അവനത് കൈകൊണ്ട് സ്പർശ്ശിക്കുകപോലുമില്ല. ആ പരിപ്രേക്ഷ്യത്തിലൂടെ വീക്ഷിക്കുമ്പോൾ അവൻ സ്വയം തന്നെ വളരെ നിയന്ത്രിതമായ, ഉത്തരവാദിത്വ പൂർണ്ണമായ ജീവിതത്തിന് തയ്യാറാകുന്നു. എല്ലാവിധ ആസക്തികളിൽ നിന്നും അകന്ന് തന്റെ ഉത്തരവാദിത്വം മാത്രം നിർവ്വഹിക്കുന്നു. അപ്രകാരം ജീവിതത്തിന്റെ ദൗത്യവുമായി മുന്നോട്ടുപോകുവാൻ അവനെ ഊർജ്ജസ്വലനാക്കുന്നു. ഏത് പ്രതികൂല സാഹചര്യവും അവന്റെ മുമ്പിൽ തടസ്സം സൃഷ്ടിക്കുന്നില്ല.

ദൈവം മനുഷ്യന് എണ്ണമറ്റ സമ്മാനങ്ങൾ നല്കിയിട്ടുണ്ട്. എന്നാൽ മനുഷ്യൻ പലപ്പോഴും അതെല്ലാം ഒരു നന്ദിയും പ്രകടിപ്പിക്കാതെ ആസ്വദിക്കുന്നു. വായു, സൂര്യൻ, ജലം ഇത്തരത്തിലു

ള്ള എണ്ണമറ്റ അനുഗ്രഹങ്ങൾ മനുഷ്യന്റെ മേൽ വർഷിച്ചിരിക്കുന്നു. അവയിൽ ഏതെങ്കിലുമൊന്നിന്റെ അഭാവം അവന്റെ സന്തുലിത ജീവിതത്തെ നരകീയമാക്കുന്നതാണ്. കാരണം, മനുഷ്യന്റെ ഭാഗത്തുനിന്നുള്ള ഒരു പരിശ്രമവും കൂടാതെ അവൻ ഇവയെല്ലാം ആസ്വദിക്കുകയാണ്. അവൻ അതിനൊരു മൂല്യവും നല്കുന്നില്ല. അതുപോലെ ഇവയെല്ലാം എങ്ങനെ അവന്റേതുകൂടി ആയിതീർന്നുവെന്ന് ഒരിക്കൽപ്പോലും അവൻ ചിന്തിക്കുന്നില്ല.

താത്കാലികമായി നോമ്പെടുക്കുമ്പോൾ അവന്റെ ആഗ്രഹ പൂർത്തീകരണത്തിനുള്ള ത്വരയെ നിയന്ത്രണ വിധേയമാക്കുന്നു. അത് അവന്റെമേൽ വർഷിക്കപ്പെട്ട അനുഗ്രഹങ്ങളെ സംബന്ധിച്ചുള്ള അവബോധത്തെ ഉണർത്തുന്നു. സൂര്യനസ്തമിക്കുമ്പോൾ, ഒരു ദിവസത്തെ മുഴുവൻ ദാഹവും വിശപ്പും, അതുപോലെ പിന്തുടർന്ന എല്ലാ പ്രയാസങ്ങൾക്കും ശേഷം ഭക്ഷണ പാനീയങ്ങൾ ഉപയോഗിക്കാൻ തുടങ്ങുന്നു. ആ നിമിഷം ദൈവത്തിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് അവൻ പൂർണ്ണ ബോധവാനാകുന്നു. അവനിപ്പോൾ ദൈവത്തോടുള്ള കൃതജ്ഞതാബോധത്താൽ നിമഗ്നമാണ്. അനുഗ്രഹ ദാതാവായ സ്രഷ്ടാവിന്റെ മുമ്പിൽ സമർപ്പിതമാണ് തന്റെ ജീവിതമെന്നും ദൈവം തനിക്ക് നല്കിയതിന് പകരം എത്ര വലിയ വില നല്കിയാലും മതിയാകില്ല എന്ന തിരിച്ചറിവും അവനിൽ ഉദയം കൊള്ളുന്നു.

വർഷാവർഷമുള്ള, ഒരു മാസം നീണ്ട നോമ്പ് മനുഷ്യന്റെ സ്വഭാവ മേന്മയെ നിർമ്മിച്ചെടുക്കുന്നു. അതുമൂലം യഥാർത്ഥ വിശ്വാസി അക്ഷമനാവുന്നതിൽ നിന്ന് അകന്ന്, ക്രൂരതയിൽ നിന്നും നീചവൃത്തിയിൽ നിന്നും വിട്ടുനിന്ന്, ദൈവത്തിന്റെ കല്പന ലംഘിക്കാതെ വർഷത്തിലെ ബാക്കി കാലഘട്ടം നന്മയുടെ പാന്ഥാവിൽ ജീവിക്കേണ്ടതാണെന്ന് മനസ്സിലാക്കുന്നു.

ഈ ലോകത്ത് വിശ്വാസിയുടെ ജീവിതം സഹനത്തിലും ക്ഷമയിലുമാണ് നിലകൊള്ളുന്നത്. അനുവദിച്ചതിൽ മാത്രം ആസ്വാദനത്തെ പരിമിതപ്പെടുത്തുകയും ദൈവം വിലക്കിയതിനെ വർജ്ജിക്കുകയും ചെയ്യുന്നു. നന്മയുടെയും സത്യത്തിന്റെയും മാർഗ്ഗത്തിൽ സ്വാഭാവികമായി വരുന്ന പ്രതിസന്ധികളെയെല്ലാം ഒരു വിശ്വാസി ഉറച്ച മനസ്സോടെ അഭിമുഖീകരിക്കണം. അവന്റെ ഗണ്യമായ സമയം

നന്മയുടെ മാർഗ്ഗത്തിൽ വിനിയോഗിക്കപ്പെടണം. മറ്റുള്ളവൻ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളിൽ പ്രകോപിതനായി പ്രധാനപ്പെട്ട സമയം നഷ്ടമാക്കരുത്. പകരം, ഈ ലോകത്തിന്റെ മുറിവുകളിലും വേദനകളിലും അവൻ നിർഭയനാകും. അവൻ അനാവശ്യമായി ഇത്തരം സംഭവങ്ങളിൽ കുടുങ്ങാതെ തന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ അചഞ്ചലനായി മുന്നേറും. അവന്റെ അഭിമാനത്തിന് ക്ഷതമേൽക്കുമ്പോഴെല്ലാം, ചില അപ്രിയ നിമിഷങ്ങൾ പ്രക്ഷുബ്ധാവസ്ഥയിലെത്തിക്കുമ്പോഴെല്ലാം, അവന്റെ പൂർണ്ണ ദൗർബ്ബല്യമായ ഋണാത്മക (Negative) മനോഭാവം സ്വീകരിക്കുന്നതിൽ നിന്ന് അവൻ മാറിനിൽക്കുന്നു. ഉന്നതമാർന്ന ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള ധനാത്മക(Positive) മനോഭാവത്തിനായി അവന്റെ മുഴുവൻ ഊർജ്ജവും വിനിയോഗിക്കപ്പെടണം. വാസ്തവത്തിൽ പരലോക പുരോഗമനത്തിന് ഒന്നും തന്നെ അവന് തടസ്സമാകരുത്.

ഇവയെല്ലാം ബൃഹത്തായ സഹന ശക്തി ആവശ്യപ്പെടുന്നു. സഹന ശക്തി കൂടാതെ ഇസ്ലാമിക പാന്ഥാവിൽ ഒരാൾക്കും സഞ്ചരിക്കുക സാധ്യമല്ല. വർഷാവർഷമുള്ള, ഒരു മാസം നീണ്ട നോമ്പ് മനുഷ്യന്റെ സ്വഭാവ മേന്മയെ നിർമ്മിച്ചെടുക്കുന്നു. അതുമൂലം യഥാർത്ഥ വിശ്വാസി അക്ഷമനാവുന്നതിൽ നിന്ന് അകന്ന്, ക്രൂരതയിൽ നിന്നും നീചവൃത്തിയിൽ നിന്നും വിട്ടുനിന്ന്, ദൈവത്തിന്റെ കല്പന ലംഘിക്കാതെ വർഷത്തിലെ ബാക്കി കാലഘട്ടം നന്മയുടെ പാന്ഥാവിൽ ജീവിക്കേണ്ടതാണെന്ന് മനസ്സിലാക്കുന്നു. നോമ്പിന്റെ പ്രത്യക്ഷ രൂപം ഒരു നിശ്ചിത കാലം ഭക്ഷണ പാനീയങ്ങളിൽ നിന്ന് വിട്ടുനിൽക്കലാണ്. ആന്തരീകാർത്ഥത്തിൽ ക്ഷമ, സ്ഥൈര്യം, സഹനം എന്നീ ഗുണങ്ങളെല്ലാം മനസ്സിൽ ഉറപ്പിച്ചുകൊണ്ടുള്ള ജീവിത പരിത്യാഗത്തിന്റെ മഹാ പരിശീലനമാണ് നോമ്പ് നല്കുന്ന പാഠം.

## ഹജ്ജ് (തീർത്ഥ യാത്ര)

ഇസ്ലാമിന്റെ അഞ്ചാമത്തെ സ്തംഭമാണ് ഹജ്ജ് അഥവാ തീർത്ഥയാത്ര. ആ സന്ദർഭത്തിൽ ഭൂമിയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളെല്ലാം മക്കയിൽ സംഗമിക്കുകയും വിവിധ ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു. നാം വ്യക്തിപരമായി വളർത്തിയെടുക്കേണ്ട അനിവാര്യമായ ഗുണങ്ങളുടെ

മാതൃകാ പരമായ പ്രതിരൂപമാണത്. ഇസ്‌ലാമിലെ ആജ്ഞകളുടെ ദർശ്ശന മനോഹരമായ വ്യത്യസ്ത രൂപങ്ങളിലുള്ള ഏകീകരണമാണത്. മനുഷ്യൻ തന്റെ ജീവിതത്തിന്റെ ധാർമ്മിക ഘടന അതേ രീതിയിൽ സംഘടിപ്പിക്കുന്നുണ്ടെന്ന് ദൈവത്തോട് ബാഹ്യമായി പ്രഖ്യാപിക്കുകയാണ്. ഇസ്‌ലാമിന്റെ മറ്റ് ആരാധനാ രീതികളിൽ ഈ പ്രത്യേക ഘടകങ്ങൾ അന്തർല്ലീനമാണെങ്കിലും, ഹജ്ജിൽ അവയെല്ലാം കൂടുതൽ പ്രഖ്യാപിതവും കൂടുതൽ സമഗ്രവും, എല്ലാം ഒരുമിച്ച് പ്രൗഢമായ രീതിയിൽ നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു.

ഹജ്ജുസമയത്തെ പ്രധാനപ്പെട്ട ഒരു ബാധ്യത, തുന്നാത്ത വസ്ത്രം(ഇഹ്റാം) ധരിക്കുക എന്നതാണ്. കാരണം, വസ്ത്ര ധാരണത്തിലെ ഭൗതികമായ വ്യത്യാസങ്ങൾ ദൈവത്തിന്റെ അടിമകൾക്കിടയിൽ കൃത്യമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ഇസ്‌ലാമിന്റെ താളാത്മകക്ക് ചേർന്നതല്ല. ഈ വസ്ത്ര ധാരണത്തിലൂടെ എല്ലാ രാഷ്ട്രത്തിലെയും മനുഷ്യർ ഏകോദരർ. എല്ലാവരുടേതും എളിമയാർന്ന വസ്ത്രം. ഒരു തീർത്ഥാടകനും തന്റെ സ്ഥലത്തിന്റെ പേരിൽ മറ്റൊരുവനോട് താൻ പോരിമ കാണിക്കാൻ പ്രലോഭിതനാകുന്നില്ല.

ദൈവിക കേന്ദ്രീകൃത ജീവിതം നയിക്കുന്നതിനുള്ള പൂർണ്ണ പരിശ്രമമാണ് ഹജ്ജ്. അതിൽ പരലോക ദിനത്തെ ഓർമ്മിപ്പിക്കുന്നു. പല മനുഷ്യർക്കും വേദനാജനകമായിരിക്കുന്ന ആ ദിനം ദൈവത്തെ നേടിയെടുക്കാൻ വേണ്ടി മുഴുവൻ ശക്തിയുമുപയോഗിച്ച് നന്മയുടെ പാന്ഥാവിൽ മുന്നേറാൻ ഉപദേശിക്കുന്നതിന്റെ ഒരു മഹാ തുടക്കമാകുന്നു ഹജ്ജ്.

മനുഷ്യന്റെ ജീവിതം ദൈവത്തെ പ്രദക്ഷിണം ചെയ്യുന്നതാവണമെന്നാണ് ഇസ്‌ലാമിന്റെ ജീവിത വീക്ഷണം. ക,അബ പ്രദക്ഷിണം ചയ്യുന്നത് അതിന്റെ മാതൃകാ പരമായ പ്രതീകമാണ്. അതുപോലെ ആ പ്രദേശത്തിലെ സഫാ, മർവ്വാ കുന്നുകൾക്കിടയിലുള്ള ഓട്ടം ഇസ്‌ലാമികാദർശ്ശത്തോടുള്ള ബാഹ്യാവിഷ്കാരമാണ്. അതായത്, ദൈവത്തിന്റെ യഥാർത്ഥ അടിമ അവന്റെ കല്പനകൾ ശിരസ്സാ വഹിക്കാനുള്ള പ്രതിബന്ധതയോടെ ഓടിവരണം. ദൈവത്തിന്റെ ഇച്ഛക്കുമുമ്പിൽ വണങ്ങാനുള്ള അടിമയുടെ ആഗ്രഹം ഈ

പ്രഖ്യാപനത്തിലൂടെ നിർവ്വഹിക്കപ്പെടുന്നു: "ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക് (ദൈവമേ, ഞാനിതാ ഇവിടെ, ഞാനിതാ ഇവിടെ)" അറഫാ മൈതാനത്തിലെ തീർത്ഥാടകരുടെ സംഗമം അതിശയകരമായ ദർശ്ശനമാണ്. ഇസ്ലാമിക വിശ്വാസത്തിൽ അത് ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരെയും സംഗമിപ്പിക്കുന്നതിനെ ഓർമ്മിപ്പിക്കലാണ്. പ്രതീകാത്മക രൂപമായി പിശാചിനെ കല്ലെറിയൽ തിന്മയിൽ നിന്ന് പൂർണ്ണമായി മാറിനിൽക്കാനുള്ള പരിശ്രമത്തിന്റെ ബാഹ്യാവിഷ്കാരമാണ്. ഒരുപക്ഷെ, ഇസ്ലാമിന്റെ ഏറ്റവും വലിയ ആവശ്യകത, മനുഷ്യൻ തന്റെ ജീവിതവും സമ്പത്തും സമർപ്പിച്ചിട്ടാണെങ്കിലും ദൈവവുമായുള്ള തന്റെ ഉടമ്പടിയിൽ അചഞ്ചലനാകണം എന്നതത്രേ. മീനയിൽ നടത്തുന്ന മൃഗ ബലി ദൈവത്തോടുള്ള ഈ ഉടമ്പടി പാലിക്കുന്നതിന്റെ പ്രതീകാത്മക രൂപമാണ്.

ഇസ്ലാം സാമൂഹിക ഐക്യത്തിന് ഉന്നത സ്ഥാനം നല്കിയിട്ടുണ്ട്. ആകയാൽ എല്ലാ പിണക്കവും ഉപേക്ഷിക്കപ്പെടണം. മറ്റുള്ളവരുടെ ദ്രോഹത്തെ അവഗണിക്കാനുള്ള വ്യക്തിയുടെ കഴിവിന് പരമാവധി ഊന്നൽ നല്കണം. ഹജ്ജുവേളയിൽ ആ സ്ഥലത്തുവെച്ചുള്ള വ്യത്യസ്ത ജനങ്ങളുടെ മഹാ സംഗമം നല്കുന്നത് ആത്മ നിഷ്ഠയുടെ പ്രാവർത്തിക പരിശീലനമാണ്. ഹജ്ജുവേളയുടെ സമയത്ത് ആരോടും ആവലാതികളോ കോപമോ മോശമായ സംസാരമോ പോരാട്ടമോ അശ്ലീലതയോ അഭിമാനക്ഷതമോ പാടുള്ളതല്ലെന്നും ജീവനുള്ള വസ്തുക്കളെ മുറിവേൽപ്പിക്കരുതെന്നും അവനോട് കല്പിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹം കാംക്ഷിക്കുന്നുവെങ്കിൽ അടിമകൾ തമ്മിൽ പരസ്പരം ബഹുമാനത്തോടും മാന്യതയോടും കൂടി പെരുമാറണം.

ദൈവിക കേന്ദ്രീകൃത ജീവിതം നയിക്കുന്നതിനുള്ള പൂർണ്ണ പരിശ്രമമാണ് ഹജ്ജ്. അതിൽ പരലോക ദിനത്തെ ഓർമ്മിപ്പിക്കുന്നു. പല മനുഷ്യർക്കും വേദനാജനകമായിരിക്കുന്ന ആ ദിനം ദൈവത്തെ നേടിയെടുക്കാൻ വേണ്ടി മുഴുവൻ ശക്തിയുമുപയോഗിച്ച് നന്മയുടെ പാന്ഥാവിൽ മുന്നേറാൻ ഉപദേശിക്കുന്നതിന്റെ ഒരു മഹാ തുടക്കമാകുന്നു ഹജ്ജ്. അതവനെ താക്കീതുചെയ്യുന്നത്, പിശാച് മനുഷ്യന്റെ കടുത്ത ശത്രുവാണെന്നും അവന് അടുക്കാൻ ഒരവസരവും നല്കരുതെന്നുമാണ്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കാൻ നാം ആഗ്രഹമുള്ളവരാണെങ്കിൽ അവന്റെ മാർഗ്ഗ

ത്തിൽ നമ്മുടെ ജീവിതവും പണവും സമർപ്പിക്കാൻ നാം തയ്യാറാവണം. മനുഷ്യ സമത്വത്തിന്റെ പ്രൗഢോജ്ജ്വലമായ പ്രകടനമാണത്. ഹജ്ജ് ഉദ്ബോധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, മറ്റുള്ളവരുടെ അസഹനീയമായ സ്വഭാവത്തെ സഹിക്കാനും നന്മയുടെയും രഞ്ജിപ്പിന്റെയും അന്തരീക്ഷത്തിൽ ഒരുമിച്ചുജീവിക്കാനും കഴിയണമെന്നതാണ്.

ചുരുക്കത്തിൽ ഹജ്ജ് ഒരു പൂർണ്ണ ആരാധനാരീതിയാണ്. നമ്മൾ യഥാർത്ഥ രൂപത്തിൽ അത് നിർവ്വഹിച്ചാൽ നമ്മുടെ ധാർമ്മിക മണ്ഡലങ്ങളിൽ ബാഹ്യരൂപാന്തരമുണ്ടാകും. അത് ഭൗതികമായാലും മതപരമായാലും ശരി.

# ഇസ്‌ലാമിലെ ആത്മീയത

**ഖു**ർ,ആനിക വീക്ഷണത്തിൽ ആത്മീയത വസിക്കുന്നത് മനുഷ്യ മനസ്സിലാണ്. തീർത്തും ബുദ്ധിപരമായ തലത്തിൽ നേടുന്നതാണ് ആത്മീയത. അവ ആവിഷ്‌കരിക്കാൻ വിശുദ്ധ ഖുർ,ആൻ ഉപയോഗിച്ച പദാവലികളാണ് തവസ്സും(ചിന്താ പ്രതിഫലനങ്ങളിലൂടെ പാഠം ഉൾക്കൊള്ളൽ) തദബ്ബുർ(വിചിന്തനം) തഫക്കുർ(പരിചിന്തനം ചെയ്യൽ) തുടങ്ങിയവ.

ചെറിയ പുൽക്കൊടി മുതൽ വിശാലമായ ക്ഷീരപഥം വരെ, മരങ്ങൾ, വൃക്ഷങ്ങൾ, പർവ്വതങ്ങൾ മുതൽ സൂര്യൻ, ചന്ദ്രൻ, ആകാശം തുടങ്ങി നമുക്ക് ചുറ്റുമുള്ള സകലതും ദൈവിക മഹത്വത്തെ ഓർമ്മപ്പെടുത്തുന്ന വസ്തുക്കളാണ്. ഭൂമിയിലും പ്രപഞ്ചത്തിലും നിലനിൽക്കുന്ന സകലതും ഉന്നതനായ സ്രഷ്ടാവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന അത്ഭുതകരമായ കലാ സൃഷ്ടികളാണ്.

ദൈവിക ബന്ധിത ജീവിതത്തിലൂടെ അഭൗതിക യഥാർഥ്യങ്ങളെ സംബന്ധിച്ച ഉയർന്ന ചിന്താ മണ്ഡലങ്ങളിലേക്ക് മനുഷ്യമനസ്സിനെ കേന്ദ്രീകരിപ്പിക്കുന്ന അവസ്ഥയാണ് ആത്മീയത. ഇസ്‌ലാമിലെ ആത്മീയത ധൈഷണികമായ പ്രവർത്തനമാണ്. അതിന്റെ അന്വേഷണം രണ്ടുവിധത്തിലാണ്. ഒന്ന്, ജീവിതത്തിന്റെ ലക്ഷ്യത്തെ സംബന്ധിച്ച് ഒരുവന്റെ ചോദ്യങ്ങൾക്ക് ഗൗരവതരമായ ചിന്ത നല്കലായിരിക്കണം ആത്മീയത ചെയ്യുന്ന കർത്തവ്യം. താനാരാണ്, തനിക്കുചുറ്റുമുള്ള ഈ ലോകം എന്താണ്, മനുഷ്യന്റെയും മറ്റുലോകത്തെയും സംബന്ധിച്ച സൃഷ്ടിപദ്ധതി എന്താണ് തുടങ്ങിയവയാണ് ആ ചോദ്യങ്ങൾ. രണ്ടാമത്തേത്, എന്തുകൊണ്ടാണ് ലോകത്തിലെ ഏതൊരു സ്ത്രീയും പുരുഷനും ഋണാത്മക അനുഭവങ്ങൾക്ക് വിധേയമാകുന്നതെന്ന ചോദ്യവും അതിന് ഒരു ധനാത്മക പരിഹാരം കണ്ടെത്തലുമാണ്.

മനസ്സിന്റെയും ആത്മാവിന്റെയും ആന്തരിക പരിവർത്തനം സമാധാനം കൊണ്ടും ആത്മ നിവൃതികൊണ്ടും അനുഗ്രഹീതമായ അധ്യാത്മികതയായി പുറമേക്ക് പ്രകാശിതമാകുന്നതാണ്. ഒരുവന്റെ ഉള്ളിൽ ആത്മീയത തുടികൊള്ളുന്നുവെങ്കിൽ അതവന്റെ വ്യക്തി ത്വത്തിൽ ബാഹ്യമായി പ്രതിഫലിക്കുകതന്നെ ചെയ്യും. ഒരുവന്റെ ആന്തരിക സമാധാനം ബാഹ്യമായ സമാധനമായി പ്രശോഭിതമാകും. അത്തരത്തിലുള്ള മനുഷ്യൻ കൂടുതൽ പ്രസന്നവാനും സഹനശീലനും മറ്റുള്ളവരോട് ബഹുമാനമുള്ളവനുമായിരിക്കും. കോപം അസൂയ നിഷേധാത്മകത ഇവയെല്ലാം തന്റെ ഇംഗിതങ്ങൾ മറ്റുള്ളവരിലേക്ക് അടിച്ചേൽപ്പിക്കുന്നതിനുപകരം ക്ഷമയായി പ്രതിഫലിക്കുന്ന ധനാത്മക മനോഗതിയിലേക്ക് പരിവർത്തനം ചെയ്യപ്പെടും. അവൻ കൂടുതൽ ദയാലുവും മറ്റുള്ളവരെ ഉൾക്കൊള്ളുന്നവനുമാകും. അവൻ കുറച്ച് സംസാരിക്കുകയും കുടുതൽ ശ്രവിക്കുകയും ചെയ്യും. മറ്റുള്ളവരുടെ ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നതിന് പകരം തന്റെ സമയം ആത്മ പരിശോധനക്ക് വേണ്ടി വിനിയോഗിക്കും. അവന്റെ ശ്രദ്ധ അവകാശങ്ങളെക്കാൾ ഉത്തരവാദിത്വത്തിന്മേലായിരിക്കും. അവൻ നിരുപദ്രവകാരിയായി ജീവിക്കുകയും അതൊടൊപ്പം സമൂഹത്തിന് അർത്ഥവത്തായ രീതിയിൽ ഗുണപരമായ സംഗതികൾ സംഭാവന ചെയ്യുന്നതുമാണ്.

ആകയാൽ, ആത്മീയമായി ഉയരലും സ്രഷ്ടാവിനെ തിരിച്ചറിയലും സമൂഹത്തിലെ ഒരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണ്. പിന്നീട് ദൈവത്തന്റെ സൃഷ്ടി പദ്ധതിയനുസരിച്ച് അവൻ ജീവിതം നയിക്കുന്നു. അത്തരമൊരു ജീവിതം നയിക്കാതിരിക്കാനുള്ള പ്രധാന കാരണം പരലോക ജീവിതത്തെപ്പറ്റിയുള്ള മറവിയും ഭൗതികതയോടുള്ള അഭിവാഞ്ഛരയുമാണ്.

ദൈവിക സ്മരണയിൽ ജീവിതം നയിക്കുന്ന മനുഷ്യന് ദൈവിക സാന്നിധ്യം അനുഭവിക്കാവുന്നതാണ്. പ്രപഞ്ചത്തിലെ ഏതൊരു വസ്തുവും ദൈവത്തെ ഓർമ്മപ്പെടുത്തുവാൻ ഉപകരിക്കുന്നു. അവന്റെ മനസ്സിൽ നിന്നും ഹൃദയത്തിൽ നിന്നും ദൈവിക സ്മരണ ഒരു കാരണവശാലും ഇല്ലാതാകുന്നതല്ല. അവന്റെ പ്രഭാതവും പ്രദോഷവും ദൈവിക സാമീപ്യത്തിൽ ചെലവഴിക്കപ്പെടുന്നതാണ്. മഴ വിളകളെ പുനഃസംഭരിക്കുന്നതുപോലെ അവൻ എപ്പോഴും ദൈവിക സ്മരണയിൽ നിമഗ്നമാകുന്നതുമാണ്.

പരാജയത്തെ വിജയമായി പരിണമിപ്പിക്കുകയും പ്രയാസങ്ങളിൽ നിന്ന് അവസരങ്ങളെ കണ്ടെത്തുകയും ചെയ്യുന്ന ആദർശ്ശബോധമുള്ള മനുഷ്യനെയാണ് ഇസ്‌ലാമിലെ ദൈവിക വിശ്വാസം പ്രദാനം ചെയ്യുന്നത്. മർത്യൻ തന്റെ ജീവിതത്തിന്റെ ലക്ഷ്യവും, അതോടൊപ്പം പൂർണ്ണ സാക്ഷാത്കാരവും കണ്ടെത്തുന്ന ദൈവിക ലക്ഷ്യത്തിലധിഷ്ഠിതമായ ജീവിതമാണത്. അവൻ ദൈവത്തെ കണ്ടെത്തുമ്പോൾ, ആരാധിക്കുമ്പോൾ, സ്മരിക്കുമ്പോൾ തന്റെ മനസ്സ് പൂർണ്ണമായ ശ്രദ്ധയോടെ ദൈവത്തിലേക്ക് തിരിയുമ്പോൾ, ദൈവത്തോട് അപേക്ഷിക്കുമ്പോൾ, തേടുമ്പോൾ, അവൻ തന്റെ സ്രഷ്ടാവുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുകയാണ് ചെയ്യുന്നത്. ഹദീസിന്റെ വചനങ്ങളിൽ, അത്തരമൊരു നിമിഷത്തിൽ മനുഷ്യൻ തന്റെ സ്രഷ്ടാവിനോട് സ്വകാര്യം പറയുന്നതാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. തന്റെ ഹൃദയ നൊമ്പരങ്ങൾ ദൈവ സന്നിധിയിൽ വർഷിക്കുകയും, ദൈവം ആ നൊമ്പരങ്ങൾക്ക് ഉത്തരം നല്കുന്ന ഹൃദ്യമായ ഒരനുഭവം അവനിൽ സംജാതമാക്കുകയും ചെയ്യുന്നതാണ്. അവൻ ദൈവത്തിൽ നിന്ന് ആവേശം ഉൾക്കൊള്ളുന്നതുമാണ്.

ദൈവിക ലക്ഷ്യത്തിലധിഷ്ഠിതമായ ജീവിതത്തിന്റെയും ഉയർന്ന വ്യക്തിത്വ വികാസത്തിന്റെയും പ്രാരംഭമാണത്. ആകയാൽ ദൈവത്തോടുള്ള വിധേയത്വത്തിലാണ് മനുഷ്യനും മറ്റു പ്രാപഞ്ചിക വസ്തുക്കളും അവയുടെ ലക്ഷ്യം കണ്ടെത്തുന്നത്. പ്രപഞ്ചത്തിലെ സകലതും സ്വാതന്ത്രേച്ഛയില്ലാതെ നിർബ്ബന്ധ പൂർവ്വം ദൈവത്തിന് വിധേയമാകുമ്പോൾ, സ്വാതന്ത്രേച്ഛയുള്ള മനുഷ്യൻ നിരുപാധികം ദൈവത്തിന് വിധേയമാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അതാണ് മനുഷ്യന്റെ മേലുള്ള പരീക്ഷണം. മനുഷ്യൻ ദൈവത്തിന് വഴങ്ങുമ്പോൾ, അവൻ സ്രഷ്ടാവ് നിർണ്ണയിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ ദൈവിക കേന്ദ്രീകൃത ജീവിതം നയിക്കാൻ ആരംഭിക്കുമ്പോൾ അവൻ തന്റെ വ്യക്തിത്വം ധനാത്മക മനോഭാവത്തിലേക്ക്(പോസറ്റീവ്) വികസിപ്പിക്കുന്നു. അതോടൊപ്പം അവന്റേത് ശുദ്ധീകരിച്ച ആത്മാവായിത്തീരുന്നു. അത്തരത്തിലുള്ള ഒരാത്മാവ് പരലോക ജീവിതത്തിൽ സ്വർഗ്ഗത്തിൽ വസിക്കുന്നതാണ്. നമ്മുടെ കരുണാവാരിധിയായ സ്രഷ്ടാവ് പറയും: “സമാധാനമടഞ്ഞ ആത്മാവേ, നിന്റെ നാഥനിലേക്ക് മടങ്ങുക, സംപ്രീതനും പ്രീതിപ്പെട്ടവനുമായിട്ട്, എന്റെ അടിമകളുടെ കൂടെ ചേരുക, എന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക”.



# എന്താണ് ഇസ്‌ലാം

മൗലാനാ വഹീദുദ്ദീൻ ഖാൻ

പരാജയത്തെ വിജയമായി പരിണമിപ്പിക്കുകയും പ്രയാസങ്ങളിൽ നിന്ന് അവസരങ്ങളെ കണ്ടെത്തുകയും ചെയ്യുന്ന ആദർശ്ശ ബോധമുള്ള മനുഷ്യ നെയാണ് ഇസ്‌ലാമിലെ ദൈവിക വിശ്വാസം പ്രദാനം ചെയ്യുന്നത്. മർത്യൻ തന്റെ ജീവിതത്തിന്റെ ലക്ഷ്യവും, അതോടൊപ്പം പൂർണ്ണ സാക്ഷാത്കാരവും കണ്ടെത്തുന്ന ദൈവിക ലക്ഷ്യത്തിലധിഷ്ഠിതമായ ജീവിതമാണത്.

അവൻ ദൈവത്തെ കണ്ടെത്തുമ്പോൾ, ആരാധിക്കുമ്പോൾ, സ്മരിക്കു മ്പോൾ, തന്റെ മനസ്സ് പൂർണ്ണമായ ശ്രദ്ധയോടെ ദൈവത്തിലേക്ക് തിരിയു മ്പോൾ, ദൈവത്തോട് അപേക്ഷിക്കുമ്പോൾ, തേടുമ്പോൾ, അവൻ തന്റെ സ്രഷ്ടാവുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

ഹദീസിന്റെ വചനങ്ങളിൽ, അത്തരമൊരു നിമിഷത്തിൽ മനുഷ്യൻ തന്റെ സ്രഷ്ടാവിനോട് സ്വകാര്യം പറയുന്നതാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. തന്റെ ഹൃദയ നൊമ്പരങ്ങൾ ദൈവ സന്നിധിയിൽ വർഷിക്കുകയും, ദൈവം ആ നൊമ്പരങ്ങൾക്ക് ഉത്തരം നല്കുന്ന ഹൃദ്യമായ ഒരനുഭവം അവനിൽ സംജാതമാക്കുകയും ചെയ്യുന്നതാണ്. അവൻ ദൈവത്തിൽ നിന്ന് ആവേശം ഉൾക്കൊള്ളുന്നതുമാണ്.

ദൈവിക ലക്ഷ്യത്തിലധിഷ്ഠിതമായ ജീവിതത്തിന്റെയും ഉയർന്ന വ്യക്തിത്വ വികാസത്തിന്റെയും പ്രാരംഭമാണത്.

വിവർത്തനം: ഷബീർ കൊടക്കാടൻ

ഗുഡ്‌വേഡ് ബുക്സ്, കേരള